VYAVASAYA KERALAM
May 2017

# വ്യവസായ കേരളം

Volume 49 Issue 12



കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക്

## വ്യവസായത്തിലൂടെ പുതിയൊരു കേരളമാതൃക



പൊലിമ
RICE & RICE PRODUCTS
ATTA MAIDA RAVA
CURRY POWDER CURRY MASALAS
PICKLES
AN ISO 22000: 2005 CERTIFIED COMPANY
POLIMA
PALLICKAL FOOD PRODUCTS
Kollakkodu,Ayyampuzha, Ernakulam - 683 581
E-mail: polimafoods@gmail.com,stephenpallickal3876@gmail.com, Customer care No: +91 95262 00779
www.polimafoods.com

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

മെയ് 2017 പുസ്തകം 49 ലക്കം 12
May 2017 Volume 49 Issue 12

## കവർസ്റ്റോറി

6 കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക്
10 നൂറുകണക്കിന് പുതുസംരംഭങ്ങൾ വരും
ഡോ. കെ. എൻ. ഹരിലാൽ
12 വ്യവസായം തുടങ്ങാം വരൂ കിൻഫ്രയിലേയ്ക്ക്
14 45 ഇന്നവേറ്റീവ് സ്റ്റാർട്ടപ്പുകൾക്ക് ഏയ്ഞ്ചൽ ഫണ്ടിങ്
18 വ്യാവസായിക മുന്നേറ്റത്തിന് വ്യക്തമായ രൂപരേഖ
ഡോ. ജയൻ ജോസ് തോമസ്
21 ബഹുനില വ്യവസായ സമുച്ചയങ്ങളിൽ 20 % സ്ത്രീകൾക്ക്



30 പ്ലാസ്റ്റിക് കൊണ്ട് 13 വ്യവസായങ്ങൾ
കെ. പ്രശാന്ത്
35 കോഴിക്കോടിനെ തുണച്ചത് ഫുട് വെയർ ക്ലസ്റ്റർ
ഡോ. ജോസിറ്റ് കുര്യൻ
38 ലോകം കീഴടക്കി കേരള ബ്രാൻഡ്
ബൈജു നെടുങ്കേരി
40 കയർ സംഘങ്ങളുടെ പുന:സംഘടനയിലൂടെ തൊഴിലവസരങ്ങൾ
തോമസ് ജോൺ
43 എട്ടാം ക്ലാസ്സു വരെയുള്ളവർക്ക് സൗജന്യ യൂണിഫോം
44 റബ്ബർ ഉത്പന്നങ്ങൾക്ക് 10 ലക്ഷം വരെ വായ്പ
ഡോ. സിബി വർഗീസ്
47 ആധുനികവത്കരണം അത്യാവശ്യം
എം. ഒ. ജോസ്കുമാർ
48 മൂല്യവർധനവാണ് ഇനി താരം
ഡോ. ഡി. ഷൈൻകുമാർ







# ചെറിയ കാലയളവിൽ ലാഭത്തിലായത് അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ

സംസ്ഥാനത്തെ വ്യവസായ മേഖലയുടെ സമഗ്രപുരോഗതി മുന്നിൽ കണ്ടുള്ള നയസമീപനങ്ങളുമായി അധികാരത്തിലെത്തിയ സർക്കാർ ഒരു വർഷം പിന്നിടുകയാണ്. കേരളത്തിന്റെ സുസ്ഥിരമായ വ്യാവസായിക വളർച്ച എന്ന ലക്ഷ്യം മുൻനിർത്തി എക്കാലവും വ്യവസായികൾക്കൊപ്പമാണ് ഞങ്ങളും സഞ്ചരിച്ചത്. വ്യവസായകേരളം മാസിക യാത്ര തുടങ്ങി ഇപ്പോൾ 50 വർഷം പൂർത്തിയാവുകയാണ്. വ്യവസായത്തിന്റെ വിവിധ മേഖലകളിൽ കേരളം എവിടെ നിൽക്കുന്നു എന്നു പരിശോധിക്കുകയാണ് ഈ ലക്കം.

കഴിഞ്ഞ കുറേ വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ അഞ്ചെണ്ണത്തിനെ ഈ ചെറിയ കാലയളവിനുള്ളിൽ ലാഭകരമാക്കി മാറ്റാൻ കഴിഞ്ഞു എന്നത് സർക്കാരിനെ സംബന്ധിച്ച് അഭിമാനാർഹമായ നേട്ടമാണ്. ഒരു നാടിന്റെ സാമ്പത്തിക അടിത്തറയ്ക്ക് ഇളക്കം തട്ടാതെ സൂക്ഷിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ചെറുതല്ലാത്ത പങ്കുണ്ട്. അടുത്ത അഞ്ച് വർഷത്തിനകം ഈ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് ഇരട്ടിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ വ്യവസായ മേഖലയ്ക്കു കിട്ടിയ അമൂല്യമായ ഭാഗ്യമാണ് തീരദേശത്തെ ടൈറ്റാനിയം അടങ്ങിയ മണൽത്തരികളുടെ സാന്നിദ്ധ്യം. ടൈറ്റാനിയത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ഇന്ന് ലോക കമ്പോളത്തിൽ വൻ വാണിജ്യ സാദ്ധ്യതയുണ്ട്. ഇക്കാര്യം മനസ്സിലാക്കി ടൈറ്റാനിയം ഉപയോഗിച്ച് നവീന ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആധുനിക രീതിയിൽ ടൈറ്റാനിയം കോംപ്ലക്സ് നിർമിക്കാനുള്ള പദ്ധതി തയ്യാറായി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ- വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി വിഹിതം ഈ വർഷം 123 കോടിയിൽ നിന്ന് 270 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ അവിഭാജ്യ ഘടകമായി വർത്തിക്കേണ്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ ശോഭനമായ ഭാവിയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

സംസ്ഥാനത്തെ ആറ് വ്യവസായ പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. വ്യവസായം തുടങ്ങാൻ വിവിധ വകുപ്പുകളുടെ ലൈസൻസുകളും അനുമതി പത്രങ്ങളും നേടുന്നതിന് വിവിധ ഓഫീസുകൾ കയറിയിറങ്ങി കാലതാമസം നേരിടുന്നു എന്നത് സംരംഭകർക്കിടയിലെ സ്ഥിരം പരാതിയാണ്. ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുന്നതാണ് പുതിയ തീരുമാനം. കോഴിക്കോട് രാമനാട്ടുകര, കുറ്റിപ്പുറം, തൃശൂർ പുഴയ്ക്കൽപാടം വ്യവസായ പാർക്കുകൾ, പാലക്കാട് കോഴിപ്പാറയിലുള്ള മെഗാ ഫുഡ് പാർക്ക്, അങ്കമാലി ബിസിനസ് പാർക്ക്, പാലക്കാട് ലൈറ്റ് എഞ്ചിനീയറിങ് പാർക്ക് എന്നിവിടങ്ങളിലാണ് ഏകജാലക ക്ലിയറൻസ് ബോർഡ് വരുന്നത്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ വ്യവസായ പാർക്കുകളിലും സ്ഥലം അനുവദിക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നത് ഓൺലൈൻ വഴി മാത്രമാക്കിയതും, വ്യവസായികളുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അതതു സ്ഥലത്തെ വ്യവസായ ഉദ്യോഗസ്ഥർ നേരിട്ടു യൂണിറ്റുകൾ സന്ദർശിക്കാൻ തുടങ്ങിയതും, വ്യവസായ യോഗ്യമായ സ്ഥല ദൗർലഭ്യം പരിഗണിച്ച് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചതും, സംസ്ഥാനത്തിന്റെ സർവതോന്മുഖ വികസനം ലക്ഷ്യമാക്കി സർക്കാർ പ്രഖ്യാപിച്ച ഹരിതകേരളം ഉൾപ്പെടെയുള്ള മിഷനുകളുമായി സഹകരിച്ച് കൊണ്ടുള്ള പ്രവർത്തനവും വ്യവസായകേരളത്തെ നല്ല പാതയിലേയ്ക്കാണ് നയിക്കുന്നത്.



**ചീഫ് എഡിറ്റർ**

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org

പ്രതിനിധികൾ-
- **തിരുവനന്തപുരം** : രഞ്ജിത്. സി. ഒ
- **കൊല്ലം** : അബ്ദുൾ സലാം
- **പത്തനംതിട്ട**: സി.എം. ഷാജഹാൻ
- **ആലപ്പുഴ** : യു. അജിത്കുമാർ
- **കോട്ടയം** : ആർ. സുരേഷ്ബാബു
- **ഇടുക്കി** : ദീപ
- **എറണാകുളം** : ഇ.എം. നാസർ
- **തൃശൂർ** : കെ.എസ്. കൃപകുമാർ
- **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ
- **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ്
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : പി.ബി. സത്യജിത്
- **കണ്ണൂർ** : നിധിൻ ഇ.ആർ.
- **കാസർഗോഡ്** : റ്റി. ദിനേശൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്., സജി,
ജഫേഴ്സൺ,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.

**കവർ ഫോട്ടോ**
ശങ്കർ നാരായണൻ,
ഐ.പി.ആർ.ഡി.

# വ്യാവസായിക വളർച്ചയുടെ ഒരു വർഷം



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

അന്താരാഷ്ട്ര ശ്രദ്ധ നേടിയ കേരള മോഡൽ വികസനം പുതിയ രൂപത്തിലും ഭാവത്തിലും നമ്മുടെ സംസ്ഥാനം ഏറ്റെടുത്തിരിക്കുകയാണ്. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് അടിത്തറ ഒരുക്കിക്കൊണ്ട് ഈ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ ഏറ്റെടുത്തതും നടപ്പിലാക്കിയതുമായ പദ്ധതികൾ കേരള വികസനത്തിന് വഴികാട്ടിയാകുകയാണ്.

വ്യവസായ വളർച്ചയ്ക്ക് അനുഗുണമായ സാഹചര്യമൊരുക്കുക എന്ന കാഴ്ചപ്പാടോടെ മുമ്പോട്ടുപോകുന്ന വ്യവസായ വകുപ്പ് ഇതിനോടകം തന്നെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണുന്നതിനും പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 എണ്ണം ലഭത്തിലാക്കുവാൻ കഴിഞ്ഞു. 2015-16 ൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടിയായിരുന്നെങ്കിൽ 2016-17 ൽ അത് 71.34 കോടിയായി കുറഞ്ഞു. ചവറ കെ.എം.എം.എൽ. ന്റെ ലാഭം 40 കോടിയിൽ കവിഞ്ഞു. കൊച്ചിയിലെ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് ഉൽപ്പാദനം മെച്ചപ്പെടുത്തി പ്രകടമായ ലാഭം കൈവരിച്ചു. പൊതുമേഖലാ സംരംഭങ്ങളെ സംരക്ഷിക്കുക എന്ന ഇടതുമുന്നണി സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി മൂലധനവും പ്ലാൻ ഫണ്ടും നൽകുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 270 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷം 100 കോടിയാണ് അനുവദിച്ചിരുന്നത്.

കേരളത്തിൽ ഏറ്റവും ശക്തമായി നിലനിൽക്കുന്ന സൂക്ഷ്മ- ഇടത്തരം- വ്യവസായ സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഭൂമി ഏറ്റെടുത്ത് സംരംഭങ്ങൾ തുടങ്ങാൻ അവസരം സൃഷ്ടിക്കുകയും ജില്ലാ വ്യവസായ കേന്ദ്രങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്തു. വികസനത്തിന് താങ്ങാവുന്ന ഖനനം പൊതുമേഖലയിൽ നിലനിർത്തണമെന്നത് സർക്കാരിന്റെ നയമാണ്. കേരളത്തിന്റെ തനത് പരമ്പരാഗത ഉൽപ്പന്നങ്ങൾ ലോകത്തിനുമുന്നിൽ അവതരിപ്പിച്ച് വിപണി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ആധുനികവൽകരണത്തിലൂടെ പരമ്പരാഗത മേഖലയുടെ വളർച്ച ഉറപ്പാക്കുന്നതിനുള്ള പരിപാടികളാണ് സർക്കാർ നടപ്പാക്കുന്നത്.

1866 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തി പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കാൻ എഫ്.എ.സി.റ്റി യുടെ 600 ഏക്കർ സ്ഥലം ഏറ്റെടുത്ത് തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. പാലക്കാടും ആലപ്പുഴയിലും മെഗാ ഫുഡ് പാർക്കുകൾ, അങ്കമാലിയിൽ അപ്പാരൽ പാർക്ക്, വേളിയിലും പുഴയ്ക്കൽപാടത്തും വരവൂരിലും വ്യവസായ സമുച്ചയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.

പ്രതിസന്ധിയിലായിരുന്ന കേരളത്തിലെ തുണി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തുണിമില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 84 കോടി രൂപയോളം ഇതിനോടകം വകയിരുത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ തുണി മില്ലുകളിൽ 11.8% പ്രവർത്തനക്ഷമതയുണ്ടായിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30% മായി ഉയർത്താൻ സാധിച്ചു. സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണ പദ്ധതി മുഖേന നൂലും കൂലിയും സർക്കാർ നൽകി തൊഴിലാളികളെ സംരക്ഷിച്ചതിലൂടെ കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

നാടിന്റെ സമഗ്ര വികസനത്തിനുള്ള പുത്തൻ ആശയങ്ങളോടെ വിവിധ മേഖലകളിൽ വൈവിധ്യ പൂർണ്ണമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്ന ഈ സർക്കാരിന്റെ ഓരോ പദ്ധതിയും വൻ വിജയത്തിലെത്തിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നിലപാടുകൾ നമുക്ക് സ്വീകരിക്കാം.



# കൂടുതൽ
# പൊതുമേഖലാ സ്ഥാപനങ്ങൾ
# ലാഭത്തിലേയ്ക്ക്

സംസ്ഥാനത്തെ 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നതായി പൊതുമേഖലാ വ്യവസായ പുന: സംഘടനാ ബോർഡ് (റിയാബ്) റിപ്പോർട്ട്. മുമ്പ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ ലാഭകരമാക്കാൻ സാധിച്ചതായി റിയാബ് ചെയർമാൻ എം. പി. സുകുമാരൻ നായർ അറിയിച്ചു. പൊതുമേഖലാസ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് അഞ്ച് വർഷത്തിനകം ഇരട്ടിയാക്കുന്നതിനുള്ള പദ്ധതികളുമായാണ് മുന്നോട്ടു പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. 2838.13 കോടി രൂപയായിരുന്നു 2015-16 വർഷത്തെ മൊത്തം വിറ്റുവരവ്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് റിയാബ് വിശദമായ പഠനം നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപന്നങ്ങളുടെ വൈവിധ്യവൽകരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്ന സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയാണ് ഉദ്ദേശ്യം.

കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് സംസ്ഥാന വ്യവസായ വികസന കോർപറേഷൻ , മലബാർ സിമന്റ്സ് ലിമിറ്റഡ്, സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപറേഷൻ ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്,



കെൽട്രോൺ ഇലക്ട്രോ സെറാമിക് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, ആർട്ടി സാൻസ് വികസന കോർപറേഷൻ ലിമിറ്റഡ് എന്നിവയാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തി ക്കുന്ന മറ്റ് സ്ഥാപനങ്ങൾ.

## മികച്ച ലാഭം നേടിയത് കെ. എം. എം. എൽ

40.37 കോടി രൂപ ലാഭം നേടി കെ. എം. എം. എൽ മികച്ച പ്രവർത്തനം തുടരുകയാണ്. മറ്റു സ്ഥാപനങ്ങളുടെ പ്രവർത്തനനഷ്ടം പകുതി യായി കുറയ്ക്കാൻ കഴിഞ്ഞുവെന്നതും നേട്ടമാ ണ്. 2015-16 വർഷം 131.60 കോടി രൂപ മൊത്തം നഷ്ടമുണ്ടായിരുന്നയിടത്തു നിന്ന് 2016-17 ൽ 71.34 കോടി രൂപയായി നഷ്ടം കുറയ്ക്കാൻ കഴി ഞ്ഞിട്ടുണ്ട്. 17 സ്ഥാപനങ്ങളുടെ നഷ്ടം കുറ യ്ക്കാൻ കഴിഞ്ഞതും നേട്ടമാണ്. ടെക്സ്റ്റയിൽ മേഖലയിലെ സ്ഥാപനങ്ങളും, ബാംബൂ കോർപ റേഷനും ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

മലബാർ സിമന്റ്സ് 40 കോടി രൂപ ലാഭം പ്രതീക്ഷിച്ചിരുന്നു. മുൻകാലങ്ങളിലെ വിവിധ ഇട പാടുകൾ സംബന്ധിച്ച വിജിലൻസിന്റെയും കോടതിയുടെയും ഇടപെടലുകളെ തുടർന്ന് അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിലു ണ്ടായ കാലതാമസം ഉൽപാദനം കുറയാൻ ഇട യാക്കി. ഇത് കമ്പനിയുടെ ലാഭത്തെ വളരെയ ധികം പ്രതികൂലമായി ബാധിച്ചു. തുടർന്ന് 36 കോടിയോളം രൂപയുടെ ലാഭമാണ് കുറഞ്ഞത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ട് പ്രവർത്തിച്ചു വന്നിരുന്ന ടെൽക്, എസ്. എ. ഐ. എൽ- എസ്. സി. എൽ കേരള ലിമിറ്റഡ് തുടങ്ങിയവയ്ക്ക് ഉട മ്പടി പ്രകാരമുള്ള സഹായങ്ങൾ പൂർണതോ തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചില്ല എന്നതും തിരിച്ചടിയായി.

ഇപ്പോൾ പൊതുമേഖലയെ സ്വകാര്യവ ത്കരിക്കുന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭങ്ങളിൽ നിന്നും പിന്മാറാനുള്ള ഏക പക്ഷീയമായ തീരുമാനം സംസ്ഥാന സർക്കാ രിനെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശ ദാംശങ്ങൾ പഠിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉഭയകക്ഷി തീരുമാനപ്രകാരം ഏറ്റെടുക്കുവാനുദ്ദേശിച്ചിട്ടുള്ള പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യത്തിലും ചർച്ചകൾ പുരോഗമിക്കുന്നു.

## പദ്ധതി വിഹിതം കൂടി

2016-17 സാമ്പത്തിക വർഷം പൊതുമേ ഖലാ സ്ഥാപനങ്ങളുടെ  പദ്ധതിവിഹിതം 123 കോടിയോളം രൂപയായിരുന്നത് ഈ വർഷം 270 കോടി രൂപയായി വർദ്ധിപ്പിച്ചു.

അടുത്ത വർഷം മുതൽ കേരളാ മിന റൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടി ക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ- കൊച്ചിൻ കെമി ക്കത്സ് ലിമിറ്റിഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ

വിപുലമായ വിപുലീകരണ പദ്ധതികൾ പ്രത്യേക ധനസഹായത്തോടെ നടപ്പിലാക്കും.

### പരുത്തിവാങ്ങൽ കേന്ദ്രീകൃതമാക്കി

പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ച ടെക്സ്റ്റയിൽ സ്ഥാപനങ്ങളുടെ സമഗ്ര നവീകരണ പരിപാടികൾ 15 കോടി രൂപ ചെലവിൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി പരുത്തി വാങ്ങുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം പുനരാരംഭിക്കാനായി.

ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങളുടെ പുനരുദ്ധാരണപദ്ധതി തയ്യാറാക്കുന്നതിന് വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചു. കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ഉദുമ ടെക്സ്റ്റൈൽ മിൽ, ഹൈടെക് വീവിംഗ് മിൽ, പിണറായി എന്നിവയിൽ ബാക്കിയുള്ള ജോലികൾ പൂർത്തീകരിച്ച് വ്യാവസായിക ഉല്പാദനം ആരംഭിക്കാൻ 31 കോടി രൂപ വകയിരുത്തി.

വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് മാനേജ്മെന്റുകൾ ശക്തമാക്കി. സ്ഥാപനങ്ങളിലെ മാനവ വിഭവശേഷി വികസനത്തിനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിവരുന്നു.

## വിവിധ ശാക്തീകരണ പദ്ധതികൾ

### മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് നിലവിലുള്ള പ്ലാന്റിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് 64 കോടി രൂപയുടെ പദ്ധതിയും എൽ. എൻ. ജി. സിസ്റ്റത്തിലേയ്ക്ക് മാറുന്നതിന് 6.15 കോടിയുടെ പദ്ധതിയും പുരോഗമിക്കുന്നു. നിലവിലുള്ള പിഗ്മെന്റ് ഉൽപാദനശേഷി 40,000 ടണിൽ നിന്നും പ്രതിവർഷം 60,000 ടൺ എന്ന നിലയിലേയ്ക്ക് ഉയർത്തും.

### മലബാർ സിമന്റ്സ് ലിമിറ്റഡ്

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും പാട്ടത്തിനെടുത്ത ഏഴ് ഏക്കർ സ്ഥലത്ത് 160 കോടി രൂപയുടെ സിമന്റ് ആന്റ് അലീഡ് മെറ്റീരിയൽസ് ഹാന്റ്ലിങ് പദ്ധതിക്ക് പ്രാഥമിക നടപടികളായി. വാളയാർ യൂണിറ്റിൽ നിലവിലുള്ള ശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയും വിഭാവനയിലുണ്ട്.

### ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്

നിലവിലുള്ള പ്ലാന്റിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കോപ്പറസ് റിക്കവറി പ്ലാന്റ് നടപ്പിൽ വരുത്തുന്നതിന് 16 കോടി രൂപ അനുവദിച്ചു. കൂടാതെ ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റിന്റെ മെഷിനറികൾ മാറ്റിവയ്ക്കുന്നതിനും സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെ നവീകരണത്തിനും 10 കോടി രൂപയും അനുവദിച്ചു.

### ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്

കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ വർദ്ധിച്ചു വരുന്ന ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉത്പാദനശേഷി പ്രതിദിനം 125 ടണിൽ നിന്ന് 350 ടൺ ആക്കി വർദ്ധിപ്പിക്കും.

### ട്രാക്കോ കേബിൾ കമ്പനി

കമ്പനിയുടെ തിരുവല്ലയിലേയും, ഇരിമ്പനത്തേയും യൂണിറ്റിന്റെ ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിന് 10 കോടി രൂപ അനുവദിച്ചു.

### കേരള ഇലക്ട്രിക്കത്സ് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി

ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ നവീകരണത്തിനും കുണ്ടറയിലെയും, ഒലവക്കോടിലെയും യൂണിറ്റുകളുടെ നവീകരണത്തിനുമായി 18 കോടി രൂപ അനുവദിച്ചു.

### ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്

ആധുനികവൽകരണത്തിന്റെ ഭാഗമായി വേപ്പർ ഡ്രയിങ് പ്ലാന്റ 3- ഫേസ് ഹൈ ഫ്രീക്വൻസി ജനറേറ്റർ , 270 ടൺ ക്രൈൻ പദ്ധതികൾക്കായി സർക്കാർ 10 കോടി രൂപ അനുവദിച്ചു.

### ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

കേരളത്തിലാവശ്യമായ നോൺ ബീറ്റാ ലാക്ടം മരുന്നുകൾ, ഇൻഞ്ചക്ടബിൾസ്, ഹോസ്പിറ്റൽ ഡിസ്പോസിബിൾസ് എന്നിവ നിർമിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതിക്ക് 18.15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി.

### കെൽട്രോൺ

നമ്മുടെ രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക്സ് ഹാർഡ്വെയർ ഉൽപാദന കേന്ദ്രമാക്കി



## വരുന്നു ടൈറ്റാനിയം കോംപ്ലക്സ്

കേരളത്തിലെ വ്യവസായ മേഖലയ്ക്ക് അക്ഷയഖനിയൊരുക്കുന്ന ടൈറ്റാനിയം തരികളിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾക്ക് ഇന്ന് ലോക കമ്പോളത്തിൽ വൻ വാണിജ്യ സാധ്യതയാണുള്ളത്. ഇതു മനസ്സിലാക്കി ഒരു ആധുനിക ഉൽപന്ന സമുച്ചയം നിർമിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് സർക്കാർ. ഇതിനുവേണ്ട സുദീർഘമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

വർദ്ധിച്ചു വരുന്ന ആഭ്യന്തര ഉപയോഗം, കയറ്റുമതി സാധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹ സങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതുമണലിൽ നിന്നും ലഭ്യമാകുന്ന മറ്റ് ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമിക്കുകയാണ് ടൈറ്റാനിയം കോംപ്ലക്സിന്റെ ലക്ഷ്യം. നാല് വർഷത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കാവുന്ന ഈ പദ്ധതി ലോകവ്യാപകമായി ടൈറ്റാനിയം വ്യവസായ മേഖലയിൽ കേരളത്തിന് പ്രമുഖ സ്ഥാനമാണ് കാത്തുവയ്ക്കുന്നത്.

മാറ്റുക എന്നതാണ് കെൽട്രോൺ വികസന പദ്ധതി ലക്ഷ്യമിടുന്നത്. സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാന്റുകൾ, സ്മാർട്ട് എനർജി മീറ്ററുകൾ, ഡിഫൻസ് എക്യുപ്മെന്റ് എന്നിവയുടെ നിർമാണത്തിനാവശ്യമായ പദ്ധതി

കളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുക. ഏകദേശം 100 കോടി രൂപ മുതൽ മുടക്കിൽ രണ്ട് വർഷത്തിനകം പൂർണമായ തോതിൽ ഉൽപാദനക്ഷമമാകും. ഇതിനായി 10 കോടി രൂപ വകയിരുത്തി.

### ഓട്ടോ കാസ്റ്റ്

സ്റ്റീൽ കാസ്റ്റിംഗ് പദ്ധതിയും സാന്റ് റിക്ലമേഷൻ പദ്ധതിയും പൂർത്തീകരിച്ചു വരുന്നു. നിലവിലുള്ള പ്ലാന്റിന്റെ നവീകരണത്തിനും, റയിൽവേ ബോഗീ ഫ്രെയിം നിർമാണത്തിനുമായി 10 കോടി രൂപ  അനുവദിച്ചു.

### കേരളാ സിറാമിക്സ് ലിമിറ്റഡ്

കമ്പനിയുടെ നവീകരണത്തിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനുമായി 15 കോടി രൂപ അനുവദിച്ചു.

### യുണൈറ്റഡ് ഇലക്ട്രിക്കത്സ് ലിമിറ്റഡ്

കെ. എസ്. ഇ. ബി ക്കും ഇതര സംസ്ഥാനങ്ങൾക്കും ഉതകുന്ന പുതുതലമുറ മീറ്ററുകളുടെയും എൽ. ഇ. ഡി ലൈറ്റുകളുടെയും നിർമാണത്തിന് നാല് കോടി രൂപ വകയിരുത്തി.

### ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

പരിസ്ഥിതി പ്രശ്നങ്ങളാൽ വെള്ള സിമന്റ് ഉൽപാദനം നിലച്ചിരിക്കുന്നതിനാൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുപയോഗിച്ച് പ്രതിവർഷം 10 ലക്ഷം ടൺ ഗ്രേ സിമന്റ് ഉൽപാദിപ്പിക്കുന്നതിന് 10 കോടി രൂപ വകയിരുത്തി.

### കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്

ഐ. എസ്. ആർ. ഒ യിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി മെഷീൻ ഷോപ്പ് സൗകര്യങ്ങൾ നവീകരിക്കാൻ ഏഴ് കോടി രൂപ വകയിരുത്തി.

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിൽ ഹീറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 12.50 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി.

### ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

നൂതനമായ ഫർണിച്ചർ ഉൽപന്നങ്ങളുടെ വികസനത്തിനുള്ള പദ്ധതിക്കായി രണ്ട് കോടി രൂപ വകയിരുത്തി.

ഡോ. കെ. എൻ. ഹരിലാൽ
ആസൂത്രണ ബോർഡ് അംഗം

# നൂറുകണക്കിന്

## പുതുസംരംഭങ്ങൾ വരും

ജനകീയാസൂത്രണം ആരംഭിച്ചിട്ട് രണ്ടു ദശാബ്ദം കഴിഞ്ഞിരിക്കുന്നു. രണ്ട് പതിറ്റാണ്ടു നീണ്ട പ്രാദേശിക പദ്ധതികളുടെ അനുഭവം വിലയിരുത്തിയ പഠനങ്ങൾ പൊതുവെ ചൂണ്ടിക്കാണിച്ച ഒരു പോരായ്മ ഉത്പാദനമേഖലയിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രതീക്ഷിച്ച നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നതാണ്. ഈ വിമർശനം വ്യവസായമേഖലയുടെ കാര്യത്തിൽ കൂടുതൽ ശരിയാണ്. വ്യവസായമേഖലയിൽ വേണ്ടത്ര പ്രോജക്ടുകൾ ഉണ്ടായില്ല. വളരെ പരമിതമായ വകയിരുത്തൽ മാത്രമേ വ്യവസായത്തിനും സംരംഭകത്വത്തിനും നീക്കിവെച്ചുള്ളൂ. പ്രാദേശിക തലത്തിൽ ആരംഭിച്ച വ്യാവസായിക സംരംഭങ്ങളിൽ ഏറെയും പെട്ടെന്നുതന്നെ തകർന്നുപോയി എന്ന വിമർശനവുമുണ്ട്. പ്രാദേശിക സർക്കാരുകളുടെ ഈ പോരായ്മയ്ക്ക് നിരവധി കാരണങ്ങളുണ്ട്. ഈ പരാജയ കാരണങ്ങൾ വിലയിരുത്തി വ്യവസായ മേഖലയിൽ ഫലപ്രദമായി ഇടപെടാനുള്ള ശ്രമമാണ് ഇപ്പോൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തുന്നത്. താഴേത്തട്ടിൽ നിന്നുള്ള ഇത്തരം മുൻകൈകളെ പ്രോത്സാഹിപ്പിക്കാൻ പറ്റിയ രീതിയിലാണ് ഇത്തവണത്തെ ആസൂത്രണ മാർഗരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക സർക്കാരുകളുടെ തലത്തിൽ മുൻകാലങ്ങളിൽ ഒന്നും നടത്താൻ കഴിഞ്ഞിട്ടില്ലാത്ത തരത്തിൽ വളരെ വിപുലമായ ഇടപെടലുകളാണ് ഇത്തവണ വ്യവസായമേഖലയിൽ ഉണ്ടാവാൻ പോകുന്നത്.

പ്രാദേശിക ഭരണകൂടങ്ങൾ നേരിട്ടു സംരംഭങ്ങൾ ആരംഭിക്കുക എന്നതല്ല പൊതുസമീപനം. പഞ്ചായത്തോ നഗരസഭയോ നേരിട്ട് വ്യവസായം തുടങ്ങണം എന്ന് ആരും പ്രതീക്ഷിക്കുന്നില്ല. മറിച്ച് സംരംഭകർക്ക് ന്യായമായ പ്രോത്സാഹനം നൽകുകയും അനുകൂല സാഹചര്യം സൃഷ്ടിക്കുകയുമാണ് വേണ്ടത്. ഇപ്രകാരമുള്ള സംരംഭകത്വ വികസനത്തിന് വലിയ പ്രാധാന്യം നൽകുന്ന തരത്തിലാണ് പതിമൂന്നാം പദ്ധതിയുടെ മാർഗരേഖ സംസ്ഥാന സർക്കാർ തയ്യാറാക്കിയിരിക്കുന്നത്.

പതിമൂന്നാം പദ്ധതിക്കാലത്ത് പ്രാദേശിക സർക്കാരുകൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിൽ (സ. ഉ. (എം. എസ്) നമ്പർ 80/2017/ തസ്വഭവ, തീയതി 03.04.2017). താഴെ പറയുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### നൂതന ആശയങ്ങൾ

പുതിയ ആശയങ്ങൾ സ്വീകരിച്ച് പ്രാദേശിക പദ്ധതികൾ തയ്യാറാക്കാൻ നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ വ്യവസ്ഥയുണ്ടോ എന്നു നോക്കേണ്ടതില്ല. നിലവിൽ മാർഗനിർദ്ദേശങ്ങളോ സബ്സിഡി മാനദണ്ഡങ്ങളോ പുറപ്പെടുവിച്ചിട്ടില്ലാത്ത കാര്യങ്ങളിലും പ്രോജക്ടുകൾ ഏറ്റെടുക്കാം. നവീനമായ ആശയം ഉൾക്കൊള്ളുന്ന പ്രോജക്ടാണെങ്കിൽ പരിശോധിച്ച് അനുമതി നൽകാൻ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സർക്കാർ പ്രത്യേക സംവിധാനം ഏർപെടുത്തിയിട്ടുണ്ട്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യം ഗണ്യമായി ഉയർത്തുകയും പുതിയ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ്. വ്യത്യസ്ഥവും നവീനവുമായ നൂറു കണക്കിന് പ്രോജക്ടുകൾക്ക് ഇടം നൽകാൻ ഇത് സഹായിക്കും.

### സംരംഭക ക്ലബുകൾ

സംരംഭകരെ ലോഭമില്ലാതെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഇത്തവണത്തെ മാർഗരേഖ സ്വീകരിക്കുന്നത്. ഗ്രാമപഞ്ചായത്തുകളേയും, നഗരസഭകളേയും സംരംഭക ക്ലബ്ബുകൾ രൂപീകരിക്കാൻ അനുവദിക്കുന്ന വ്യവസ്ഥ ഇതിന് ഉദാഹരണമാണ്. സംരംഭകരേയും, സംരംഭകത്വത്തിൽ താൽപര്യം ഉള്ളവരേയും ഉൾപെടുത്തിക്കൊണ്ടാണ് ഓരോ പ്രാദേശിക സർക്കാരും സംരംഭക ക്ലബുകൾക്ക് രൂപം നൽകുക. ആരോഗ്യകരമായ



ഒരു സംരംഭക സംസ്കാരം വളർത്തിയെടുക്കാൻ ഇത് സഹായിക്കും. പ്രാദേശിക സർക്കാരുകൾ സംരംഭകരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഒരു പുതിയ സമീപനമാണ് ഇതിലൂടെ ഉരുത്തിരിയുന്നത്. വിജയകരമായ സംരംഭങ്ങൾ നടത്തിയവരുടെ മാതൃക പിൻതുടരാനും അവരുടെ അനുഭവങ്ങൾ ഉൾക്കൊള്ളാനും പുതിയ സംരംഭങ്ങൾക്ക് ഇത് അവസരമൊരുക്കും. പുതിയ സംരംഭം ആരംഭിക്കുക എന്നത് അത്ര ലളിതമായ കാര്യമല്ല. അതിന് ഒരുപാട് തയ്യാറെടുപ്പും പഠനവും ആവശ്യമാണ്. പഠനവും തയ്യാറെടുപ്പും പരിശീലനവും സാധ്യമാക്കുകയാണ് സംരംഭക ക്ലബുകളുടെ ലക്ഷ്യം. സംരംഭക ക്ലബുകൾ പുതിയതായി ഈ രംഗത്തേയ്ക്ക് കടന്നു വരുന്ന ധാരാളം പേർക്ക് വലിയ പ്രചോദനമാവും എന്നു വിശ്വസിക്കാം.

## ഇൻകുബേഷൻ ഫണ്ട്

പുതിയ അറിവുകൾക്കും, ആശയങ്ങൾക്കും കണ്ടെത്തലുകൾക്കും വ്യവസായ ലോകത്ത് മൂലധനത്തോടൊപ്പമൊ അതിലധികമോ പ്രാധാന്യം കൈവന്നിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. നല്ല ആശയം ഉണ്ടെങ്കിൽ മൂലധനവും, സംഘടനാമികവും മറ്റും കൂടെ വരും എന്ന് സംരംഭക ഗുരുക്കന്മാർ പറയും. ആഗോളതലത്തിൽ വരുന്ന ഈ മാറ്റത്തിന്റെ സാധ്യത നമ്മുടെ പുതുതലമുറയും കാമ്പസുകളും തിരിച്ചറിയുന്നുണ്ട്. കാമ്പസുകളിൽ പുതിയ സംരംഭകരും സംരംഭങ്ങളും ഉയർന്നു വരുന്നത് ഈ പശ്ചാത്തലത്തിലാണ്. വ്യാവസായിക പ്രാധാന്യമുള്ള ആശയങ്ങൾ നമ്മുടെ ചെറുപ്പക്കാർക്കുണ്ട്. അത്തരം ആശയങ്ങളെ ഉത്പാദന സംരംഭങ്ങളാക്കി പരിവർത്തിപ്പിക്കാൻ പരിചയസമ്പന്നതയുടെയും മൂലധനത്തിന്റെയും കൈത്താങ്ങ് ആവശ്യമായി വരും. അതാണ് സംസ്ഥാനത്തെ സിറ്റി കോർപറേഷനുകളിൽ ആരംഭിക്കാൻ നിർദ്ദേശിക്കുന്ന ഇൻകുബേഷൻ ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. മുട്ട വിരിയിച്ച് എടുക്കുന്നതുപോലെ പുതിയ ആശയങ്ങളെ വ്യവസായ സംരംഭമാക്കി വികസിപ്പിക്കാൻ ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഇൻകുബേഷൻ ഫണ്ടിന്റെ സഹായത്താൽ ഉറപ്പാക്കും.

## റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും

സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള മറ്റൊരു പരിപാടി സംരംഭക ഗ്രൂപ്പുകൾക്കും, വ്യക്തികൾക്കും റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നൽകുന്നതാണ്. സംരംഭങ്ങളുടെ നടത്തിപ്പിന് റിവോൾവിംഗ് ഫണ്ട് വലിയ സഹായമായിരിക്കും. പക്ഷെ, ഇത് സബ്സിഡിയല്ല. തിരിച്ചടയ്ക്കേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുക. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നേടുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. കൃത്യമായ വായ്പ ഗഡുക്കൾ തിരിച്ചടയ്ക്കുന്ന സംരംഭകരുടെ പലിശഭാരം മുഴുവനായും പ്രാദേശിക സർക്കാർ ഏറ്റെടുക്കും. ധനകാര്യ സ്ഥാപനങ്ങൾ മാധ്യസ്ഥം വഹിക്കുന്നതുകൊണ്ട് ഈ പദ്ധതി കേവലം ആനുകൂല്യം വിതരണമായി അധഃപതിക്കില്ല എന്ന മെച്ചവുമുണ്ട്.

ഇതിനെല്ലാം പുറമെ വൈവിധ്യമാർന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുന്ന പദ്ധതികളും ഇത്തവണത്തെ മാർഗരേഖയിൽ ഉൾപെടുത്തിയിട്ടുണ്ട്. സംരംഭക രംഗത്തെ ഈ പരിപാടികൾ വിജയിപ്പിക്കുന്നതിന് തദ്ദേശഭരണ വകുപ്പും വ്യവസായ വകുപ്പും ചേർന്ന് വേണ്ട പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കും.

# വ്യവസായം തുടങ്ങാം
# വരൂ കിൻഫ്രയിലേയ്ക്ക്

സംസ്ഥാനത്തെ വ്യവസായ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, വ്യവസായത്തിനും നിക്ഷേപത്തിനും കൂടുതൽ പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1993-ൽ കിൻഫ്ര രൂപീകരിച്ചത്.

വസ്ത്ര വ്യവസായം തുടങ്ങുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന കിൻഫ്രയുടെ പദ്ധതിയാണ് തിരുവനന്തപുരം തുമ്പയിൽ പ്രവർത്തിക്കുന്ന കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സഹായത്തോടെ കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിയാണ് എറണാകുളത്ത് സ്ഥിതി ചെയ്യുന്ന എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്. വിവര വിനോദ സാങ്കേതികവിദ്യയ്ക്കായി തിരുവനന്തപുരത്ത് കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, സമുദ്രോൽപന്ന കയറ്റുമതിക്കാരുമായി ചേർന്ന് സീഫുഡ് പാർക്ക്, റബ്ബർ ബോർഡുമായി ചേർന്ന് റബ്ബർ പാർക്ക് എന്നിവയും കിൻഫ്ര നിർമിച്ചിട്ടുണ്ട്. മലപ്പുറത്ത് കാക്കാഞ്ചേരിയിൽ ഫുഡ് പ്രോസസിംഗ് പാർക്കും പാലക്കാട് വൈസ് പാർക്കും സ്ഥാപിച്ചിട്ടുണ്ട്.

ചെറുകിട മേഖലയ്ക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, വയനാട്, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചെറുകിട വ്യവസായ പാർക്കുകളും കിൻഫ്ര സുസജ്ജമാക്കിയിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം കേരളത്തിലെ ഭക്ഷ്യസംസ്കരണ വ്യവസായത്തിനുള്ള നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

അനുയോജ്യമായ ഭൂമി കണ്ടെത്തി വൈദ്യുതി, ജലം, വാർത്താവിനിമയം തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന കർത്തവ്യമാണ് കിൻഫ്ര നിർവഹിക്കുന്നത്.

ഒരു സംരംഭം ആരംഭിക്കാൻ വേണ്ട അനുമതികൾ ഏകജാലക സമ്പ്രദായത്തിലൂടെ നൽകി കിൻഫ്ര കാലതാമസം ഒഴിവാക്കുന്നു. വിവിധ ജില്ലകളിലെ ഏകദേശം 3359 ഏക്കറിൽ 22 വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സെന്ററുകളും, വൻകിട വ്യവസായ പാർക്കുകളുമാണ് നിർമിച്ചിട്ടുള്ളത്.

## എട്ട് പുതിയ പാർക്കുകൾ

### 1. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര

കോഴിക്കോട് രാമനാട്ടുകരയിൽ 10 ഏക്കറിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്ഥാപിക്കും. നൂതന സാങ്കേതിക വിദ്യാ വ്യവ





കൊരട്ടി കിൻഫ്രാ പാർക്കിൽ മന്ത്രി എ.സി. മൊയ്തീൻ

സായങ്ങൾക്കും/ വിവര സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്കും വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം. 4500 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പാർക്കിനോടനുബന്ധിച്ച് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിട സമുച്ചയം നിർമിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

### 2. കാക്കഞ്ചേരി ടെക്നോ ഇന്റസ്ട്രിയൽ പാർക്ക്

മലപ്പുറം കാക്കഞ്ചേരിയിൽ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിലെ നിയോ സ്പേസിന്റെ ഭാഗമായി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കും. ഇതിന്റെ ഭൂമി കോഴിക്കോട്- തൃശ്ശൂർ നാഷണൽ ഹൈവേയുടെ സമീപം സ്ഥിതി ചെയ്യുന്നതിനാൽ വാണിജ്യപ്രാധാന്യമേറും. ഐ. ടി/ ഐ. ടി. ഇ. എസ് അധിഷ്ഠിത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. കെട്ടിടത്തിന്റെ മൊത്തം വിസ്തീർണം 1,11,021 ചതുരശ്രയടി ആണ്.

### 3. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കൊരട്ടി

കൊരട്ടി കിൻഫ്ര പാർക്കിൽ അത്യാധുനിക സൗകര്യങ്ങളോടെ അഞ്ചു നിലകളിലായി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമിക്കാൻ സർക്കാർ അനുമതി ലഭിച്ചു.

### 4. ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം

തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് 75 ഏക്കറിൽ സ്ഥാപിച്ച കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ ഐ. ടി/ ഐ. ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയിൽ 2.4 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഐ. ടി/ ഐ. ടി അധിഷ്ഠിത വ്യവസായങ്ങൾക്കായുള്ള കെട്ടിട സമുച്ചയത്തിന് ശിലയിട്ടു.

### 5. പ്ലാസ്റ്റിക് പാർക്ക്, മട്ടന്നൂർ

കേന്ദ്ര സർക്കാരിന്റെ കെമിക്കൽസ് ആന്റ് പെട്രോ കെമിക്കൽസ് വകുപ്പിന്റെ പ്ലാസ്റ്റിക് പാർക്ക് പദ്ധതിയിൽ ഉൾപെടുത്തി കണ്ണൂരിലെ മട്ടന്നൂരിൽ പ്ലാസ്റ്റിക് പാർക്ക് സ്ഥാപിക്കും. പ്ലാസ്റ്റിക്കിന്റെ പരിസ്ഥിതി സൗഹാർദ്ദപരമായ മൂല്യവർദ്ധനയാണ് ലക്ഷ്യം.

### 6. അന്താരാഷ്ട്ര പ്രദർശന- സമ്മേളന കേന്ദ്രം, കൊച്ചി

കേന്ദ്രസർക്കാരിന്റെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി ചേർന്ന് കാക്കനാട് 15 ഏക്കറിൽ അന്താരാഷ്ട്ര എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ സ്ഥാപിക്കും. അന്താരാഷ്ട്ര നിലവാരത്തിലുള്ള ട്രേഡ് ഫെയറുകൾ, എക്സിബിഷൻ, അന്താരാഷ്ട്ര കൺവെൻഷനുകൾ എന്നിവ നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം. 164 കോടി രൂപയാണ് ചെലവ്.

### 7. പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

പെട്രോ കെമിക്കൽ പാർക്കിന് തത്വത്തിലുള്ള അംഗീകാരം ലഭിച്ചു കഴിഞ്ഞു. എറണാകുളം അമ്പലമുകളിലുള്ള എഫ്. എ. സി. റ്റിയുടെ 600 ഏക്കർ ഭൂമി ഇതിനായി ലഭിക്കുമെന്നു കരുതുന്നു. ധനസഹായം കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി ലഭ്യമാക്കും. 450 ഏക്കർ പെട്രോ കെമിക്കൽ വ്യവസായങ്ങൾക്ക് വിനിയോഗിക്കും. പാർക്കിന്റെ പദ്ധതി ചെലവ് 1864 കോടി രൂപയാണ്.

### 8. ഫാർമ പാർക്ക്, കൊച്ചി

കേന്ദ്ര കെമിക്കൽസ് ആന്റ് പെട്രോ കെമിക്കൽസ് വകുപ്പിന്റെ ധനസഹായത്തോടെ എറണാകുളം ഹൈടെക് പാർക്കിൽ 10 ഏക്കറിലാണ് ഫാർമ പാർക്ക് വരുന്നത്. സംസ്ഥാനത്ത് മരുന്നു നിർമാണ മേഖലയ്ക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനാണിത്.



# 45 ഇന്നവേറ്റീവ് സ്റ്റാർട്ടപ്പുകൾക്ക് ഏയ്ഞ്ചൽ ഫണ്ടിങ്




**കോഴിക്കോട് സൈബർ പാർക്കിൽ ബിസിനസ് ഇൻകുബേഷൻ കേന്ദ്രം മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു**

സംസ്ഥാനത്തെ പ്രഥമ വ്യവസായ നിക്ഷേപ ഏജൻസിയായ കെ. എസ്. ഐ. ഡി. സി ധാരാളം നൂതന സംരംഭങ്ങൾക്ക് രൂപം കൊടുക്കുകയും ഏകദേശം 550 വ്യവസായ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. ഇപ്പോൾ 4480 ആളുകൾക്ക് തൊഴിലവസരം നൽകി 4464 കോടി രൂപ നിക്ഷേപമുള്ള 39 പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കെ. എസ്. ഐ. ഡി. സി. 64.08 കോടി രൂപ വായ്പയായി വിതരണം ചെയ്യുകയും, 75.5.0 കോടി രൂപ മൂലധനമായി സമാഹരിക്കുകയും ചെയ്തു. 34.25 കോടി രൂപ ലാഭമുണ്ടാക്കുകയും, 1.75 കോടി രൂപ സർക്കാരിന് ലാഭ വിഹിതമായി നൽകുകയും ചെയ്തു.

പുതിയ ബഡ്ജറ്റിൽ കെ. എസ്. ഐ. ഡി സിക്ക് 96.27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പ്രധാന പദ്ധതികൾ

കെ. എസ്. ഐ. ഡി. സി. നടപ്പാക്കി വരുന്ന ബൃഹത് പദ്ധതികളാണ് ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക്സ് ഹാർഡ് വെയർ പാർക്ക് എന്നിവ. വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, വ്യവസായം പുരോഗമിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കും പുറമെ കെ. എസ്. ഐ. ഡി. സി.. വനിതാ സംരംഭകരുടെയും, സ്റ്റാർട്ട് അപ്പ് സംരംഭകരുടെയും ഉന്നമനത്തിനായി പ്രത്യേക സാമ്പത്തിക സഹായ പദ്ധതി കൂടി ആവിഷ്കരിച്ചിട്ടുണ്ട്. നവ വ്യവസായ സംരംഭകർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു തന്നെ പ്രാഥമിക തലത്തിലേയ്ക്ക് വേണ്ടുന്ന സഹായ സഹകരണങ്ങളും, മാർഗനിർദ്ദേശങ്ങളും തുടർന്നും നൽകും. നേരത്തെ

പ്രഖ്യാപിച്ച ഏയ്ഞ്ചൽ ഫണ്ടിങ്/സീഡ് ഫണ്ടിങ് പദ്ധതികളും നടപ്പാക്കി വരുന്നു. എല്ലാ വ്യവസായ പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നുണ്ട്.

## ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ

ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംരംഭത്തെ ആസ്പദമാക്കി വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണത്തിനുള്ള നിർദ്ദേശങ്ങളും പരിഹാര മാർഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ വേണ്ട നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിച്ചു. ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രഗതി പോർട്ടൽ, കേന്ദ്രസർക്കാരിന്റെ ഇ- സുവിധ, ഇ- സമീക്ഷ എന്നീ പദ്ധതികളിൽ കെ. എസ്. ഐ. ഡി. സി. യും പങ്കാളിയാണ്.

## മെന്ററിങ് സഹായം

കൃഷി, ഭക്ഷ്യ സംസ്കരണം, ടൂറിസം, ജൈവശാസ്ത്രം എന്നിവയിൽ സംരംഭകത്വം പരിപോഷിപ്പിക്കുന്നതിനായി റിസർച്ച് ഇൻസ്റ്റിറ്റ്യൂഷനുകളുമായും, യൂണിവേഴ്സിറ്റികളുമായും ചർച്ച നടത്തി. സ്റ്റാർട്ട് അപ്പ് മെന്ററിങ് പദ്ധതി ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മാർബസേലിയസ് എഞ്ചിനീയറിങ് കോളേജ്, അക്കാഡമി ഓഫ് മാജിക്കൽ സയൻസ്, ഗവൺമെന്റ് കോളേജ്, കാര്യവട്ടം, എറണാകുളം ജില്ലയിലെ രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, എന്നീ കോളേജുകളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററും പത്തനംതിട്ട ജില്ലയിലെ മുസലിയാർ എഞ്ചിനീയറിങ് കോളേജിൽ സോളാർ വിളക്ക് നിർമാണ യൂണിറ്റും, എരുമേലി എം. ഇ. എസ് കോളേജിൽ ശേഷി വികസന കേന്ദ്രവും ആരംഭിച്ചു.

## 45 സ്റ്റാർട്ടപ്പുകൾക്കായി 9.43 കോടി

കേരളത്തിൽ ഇന്നു കാണുന്ന ഐ. റ്റി ടെലികോം മേഖലകളിലെ നൂതന മാറ്റങ്ങളും, വികസനങ്ങളും പരിഗണിച്ച് ഏയ്ഞ്ചൽ ഫണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. യുവതലമുറയെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി മാറ്റിയെടുക്കുകയാണ് ലക്ഷ്യം. ഏയ്ഞ്ചൽ ഫണ്ടിങ് / സീഡ് ഫണ്ടിങ് പദ്ധതിയിൽ 9.43 കോടി രൂപ മുതൽ മുടക്കിൽ 45 ഇന്നോവേറ്റീവ് സ്റ്റാർട്ട് അപ്പുകൾക്ക് വേണ്ട സഹായങ്ങൾ നൽകി വ്യാവസായിക വിജയം ഉറപ്പു വരുത്തി. ഈ പദ്ധതിയിൽ ആരോഗ്യം, കൃഷി, വെബ് & ആപ്ലിക്കേഷൻ ഡവലപ്മെന്റ്, ഇ- കോമേഴ്സ് പ്ലാറ്റ് ഫോം, ഫിൻടെക്, എഞ്ചിനീയറിംഗ് ഉൽപാദനം, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ആയുർവേദം, പരസ്യം, സാമ്പത്തിക മേഖല, ഫുഡ് പ്രോസസിങ്, വേസ്റ്റ് മാനേജ്മെന്റ്, ബയോടെക്നോളജി, ഹ്യൂമൻ റിസോഴ്സസ് മേഖലകൾ ഉൾപ്പെട്ടിട്ടുണ്ട്. സീഡ് ഫണ്ടിങ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന സംരംഭങ്ങൾ മുഖേന ഉദ്ദേശം 60,000 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ലൈഫ് സയൻസ് പാർക്ക്, തോന്നയ്ക്കൽ

തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. 23 ഏക്കർ ഭൂമിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി റോഡ്, ഡ്രയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമാണം പൂർത്തീകരിച്ചു. മരുന്നു ഗവേഷണവുമായി ബന്ധപ്പെട്ട കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരള വെറ്റിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ റിസർച്ച്- കം- ലേണിങ് സെന്റർ വരുന്ന ഒക്ടോബറോടെ ഇവിടെ പ്രവർത്തനം ആരംഭിക്കും. കൂടാതെ ഏകദേശം മൂന്ന് ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്ററിന്റെ നിർമാണം ഈ വർഷം തുടങ്ങും. 30,000 തൊഴിലവസരങ്ങൾ ഇതുവഴി പ്രതീക്ഷിക്കുന്നു. പാർക്കിന്റെ രണ്ടാംഘട്ട സ്ഥലമേറ്റെടുക്കലിനായി 340 കോടി രൂപ കേരള ഇൻവെസ്റ്റർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

## കൊച്ചി ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്

ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് എറണാകുളത്ത് ആമ്പല്ലൂർ വില്ലേജിൽ സ്ഥാപിക്കാൻ സർക്കാർ അനുമതി ലഭിച്ചു. ഇതിലേയ്ക്കായി ഭൂമി ഏറ്റെടുക്കൽ നടക്കുന്നു. എം. ഐ. ഡി. പി. സ്കീം പ്രകാരം സർക്കാർ 90 കോടി രൂപയുടെ സാമ്പത്തികസഹായം ഇതിനായി അനുവദിച്ചു. ഒരു ലക്ഷം തൊഴിലവസരങ്ങളാണ് ഇതുവഴി പ്രതീക്ഷിക്കുന്നത്.

# വനിതാ സംരംഭകർക്കായി വി സ്പെയ്സ്

വനിതാ സംരംഭകർക്കായുള്ള കെ. എസ്. ഐ. ഡി സി യുടെ അപ്പാരൽ പാർക്ക് (വി സ്പെയ്സ്) അങ്കമാലിയിൽ യാഥാർത്ഥ്യമായി. വനിതാ സംരംഭകത്വ മിഷന്റെ കീഴിൽ കേരളത്തിലെ ആദ്യത്തെ അടിസ്ഥാന സൗകര്യ വികസന സംരംഭമാണ് വനിതകൾക്ക് മാത്രമായി അങ്കമാലിയിൽ ഇൻകൽ ടവർ രണ്ടിന്റെ ഒന്നാം നിലയിൽ 42,228 ചതുരശ്ര അടിയിൽ സജ്ജമാക്കിയിരിക്കുന്ന വി സ്പെയ്സ് അഥവാ വനിത അപ്പാരൽ പാർക്ക്. വ്യവസായ മന്ത്രി എ. സി. മൊയ്തീൻ പാർക്ക് ഉദ്ഘാടനം ചെയ്തു. വസ്ത്ര നിർമാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും ഈ മേഖലയിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വി സ്പെയ്സ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്.

വനിതാ സംരംഭകർക്ക് വ്യവസായത്തിൽ മുന്നേറുവാനുള്ള ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കാൻ മെന്ററിംഗ് സപ്പോർട്ട് വഴി അവസരമൊരുക്കും. വിജയിച്ച വനിതാ സംരംഭകരുടെ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കാൻ അവസരമുണ്ട്. വിപണന ശൃംഖല വിപുലീകരിക്കാൻ വ്യവസായ മേഖലയിലുള്ളവരുമായി മികച്ച രീതിയിൽ ബന്ധം സ്ഥാപിക്കുവാനുള്ള അവസരവും, ഹ്രസ്വകാല സാമ്പത്തിക സഹായം നൽകി ബിസിനസ്സ് വിപുലീകരിക്കാനുള്ള അവസരവും നൽകുന്നു.

തൊഴിൽ വൈദഗ്ദ്ധ്യം നേടൽ, എളുപ്പത്തിലുള്ള മൂലധന ലഭ്യത മുതലായവയാണ് വനിതാ സംരംഭകർ നേരിടുന്ന പ്രധാന വെല്ലുവിളികൾ. ഇത്തരം പ്രതിസന്ധികളിൽ വനിതാ സംരംഭകർക്ക് വേണ്ട സഹായം നൽകാൻ വി മിഷന് സാധിക്കും.



**അങ്കമാലിയിൽ വനിതാ അപ്പാരൽ പാർക്ക് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു**

## അടിസ്ഥാന സൗകര്യ വികസനം

കെ. എസ്. ഐ. ഡി. സി. കേന്ദ്ര സഹായത്തോടെ ചേർത്തല (279 ഏക്കർ), കോഴിക്കോട് (310 ഏക്കർ), കണ്ണൂർ (250 ഏക്കർ), മലപ്പുറം (258 ഏക്കർ) എന്നീ സ്ഥലങ്ങളിലായി വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ വ്യവസായികളെ ആകർഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു വരുന്നു. ചുറ്റുമതിൽ നിർമാണം, സെക്യൂരിറ്റി ക്യാബിൻ, മെയിൻ ഗേറ്റ്, റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, മഴവെള്ള സംഭരണികൾ, ജല വിതരണം, പൈപ്പ് ലൈനുകളുടെ നിർമാണം, സ്റ്റോറേജ് ടാങ്കുകൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, ബന്ധപ്പെട്ട റോഡുകളുടെ നിർമാണം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നീ സൗകര്യങ്ങളാണ് ഉൾകൊള്ളുന്നത്. സ്മാൾ സ്കെയിൽ വ്യവസായ പാർക്കുകൾ, കണ്ണൂർ റബ്ബർ പാർക്കുകൾ, കോഴിക്കോട് ഫുട് വെയർ പാർക്ക്, എം. എസ്. എം. ഇ പാർക്ക്, കേന്ദ്ര സഹായത്തോടെ ആലപ്പുഴയിൽ സ്ഥാപിച്ച മെഗാ ഫുഡ് പാർക്ക് എന്നിവയുടെ വികസനം ഇതിനകം നടത്തിക്കഴിഞ്ഞു. വ്യവസായ വളർച്ചയ്ക്കാവശ്യമായ കെട്ടിടങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിലും, കോഴിക്കോട് വ്യവസായ വളർച്ചാ

കേന്ദ്രത്തിലും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നുണ്ട്. കൂടാതെ ചേർത്തല, കണ്ണൂർ, കോഴിക്കോട് കേന്ദ്രങ്ങളിൽ ഓരോന്നിലും 110 കെ. വി. സബ്സ്റ്റേഷൻ നിർമിക്കാനും പദ്ധതിയുണ്ട്. ഇവയിലൂടെ ഏകദേശം 45,000 ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും.

## ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്

പാലക്കാട് 34 ഏക്കറിലാണ് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് സ്ഥാപിക്കുന്നത്. പാർക്കിനുള്ളിൽ റോഡ്, വൈദ്യുതി, ജലവിതരണം, മഴവെള്ള സംഭരണി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സെക്യൂരിറ്റി ക്യാബിൻ, മെയിൻ ഗേറ്റ് എന്നിവ നിർമിച്ചു കഴിഞ്ഞു. 60,000 ചതുരശ്രയടി വിസ്തൃതിയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ കെട്ടിടം ഉദ്ഘാടന സജ്ജമാക്കി. ഒരു ലക്ഷം തൊഴിലവസരങ്ങളാണ് പ്രതീക്ഷ.

## ബിസിനസ് ഇൻകുബേറ്റേഴ്സ്

പൂജപ്പുരയിലെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി ക്യാമ്പസിൽ മെഡിക്കൽ ഉപകരണങ്ങൾക്കും ബയോ മെറ്റീരിയൽസിനുമായി ബിസിനസ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തി. 9,500 ചതുരശ്രയടി വിസ്തീർണത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയായി. ഇതിലേയ്ക്കായി 350 ലക്ഷം രൂപ അനുവദിച്ചു.

## മെഗാ ഫുഡ് പാർക്ക്, ചേർത്തല

ചേർത്തല പള്ളിപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 65 ഏക്കറിലായി ഭക്ഷ്യ വിഭവങ്ങളുടെ സംസ്കരണത്തിനും കയറ്റുമതിക്കുമായി ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കും. കടൽ ഭക്ഷ്യ വിഭവങ്ങളുടെ സംസ്കരണവും കയറ്റുമതിയും ചെയ്യുന്നതിന് 15 കമ്പനികൾ സമീപിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 130 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര സംസ്കരണ മന്ത്രാലയം 50 കോടി രൂപയുടെ സാമ്പത്തിക സഹായത്തിന് അനുമതി നൽകി. ഡ്രെയിനേജ് സിസ്റ്റം, ഇന്റേണൽ റോഡുകളുടെ നിർമാണം, ചുറ്റുമതിൽ നിർമാണം, ഇലക്ട്രിഫിക്കേഷൻ, ജലവിതരണം എന്നിവയുടെ പണി പുരോഗമിക്കുന്നു. ഉദ്ദേശം രണ്ടു ലക്ഷം തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.

## അങ്കമാലി ഉൽപാദന സോണുകൾ

അങ്കമാലിയിലെ ഇൻകെൽ ബിസിനസ് ടവറിൽ വിമെൻ അപ്പാരൽ പാർക്ക് 42,000 ചതുരശ്രയടിയിൽ പ്രവർത്തനം ആരംഭിച്ചു. ഈ പദ്ധതിക്ക് ആവശ്യമായ 13 കോടി രൂപയിൽ 10 കോടി എ. എസ്. ഐ. ഡി. ഇ സ്കീം പ്രകാരവും ബാക്കിയുള്ള മൂന്ന് കോടി കെ. എസ്. ഐ. ഡി. സി. സ്വന്തം ഫണ്ടിൽ നിന്നുമാണ്. വകയിരുത്തിയത്.



മുസലിയാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ സോളാർ ലാന്റേൺ യൂണിറ്റ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

## സ്ത്രീകൾക്കായി പൊതു സൗകര്യങ്ങൾ

സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ചേർത്തല, കോഴിക്കോട്, കിനാലൂർ എന്നിവിടങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വിശ്രമകേന്ദ്രം, ക്രഷ്, മറ്റു പൊതു സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

# വ്യാവസായിക മുന്നേറ്റത്തിന് വ്യക്തമായ രൂപരേഖ

കേരളം ലക്ഷ്യം വെയ്ക്കുന്നത് നൂതനമായ വ്യാവസായിക മേഖല പടുത്തുയർത്തണമെന്നാണ്. അതാണെങ്കിൽ സംസ്ഥാനത്തിന്റെ സവിശേഷമായ ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം. ശക്തമായ വ്യാവസായിക അടിത്തറ കേരളത്തിൽ ഉണ്ടാകുന്നതിന് പ്രധാനമായും രണ്ട് ഘടകങ്ങളാണുള്ളത്. ആദ്യത്തേത്, കേരളത്തിലെ കൃഷിയും പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളാണ്. മറ്റൊന്ന് ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള പരമ്പരാഗത വ്യവസായങ്ങൾ.

## പരമ്പരാഗത ഉല്പന്നങ്ങൾ നവീകരിക്കണം

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഒരു ദ്വിമുഖ ഇടപെടലാണ് ഉദ്ദേശിക്കുന്നത്. ഒന്ന്, വ്യവസായങ്ങളുടെ ആധുനികവൽകരണത്തിന് നിക്ഷേപം നടത്തുകയും ഉത്പന്നങ്ങളുടെ വൈവിധ്യവൽകരണവുമാണ്. രണ്ട്, പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് സർക്കാർ മാന്യമായ കൂലി, തൊഴിൽ, വരുമാനം എന്നിവ ഉറപ്പു നൽകണമെന്നതും.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നിവയെ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ കേരളം സ്വീകരിക്കണം. ആധുനികവത്കരണം എന്നാൽ ഉത്പാദനപ്രക്രിയയുടെ യന്ത്രവത്കരണം മാത്രമല്ല ഉദ്ദേശിക്കുന്നത്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ വൈവിധ്യമേറിയ പുതിയ ഉത്പന്നങ്ങൾ (കയർ മേഖലയിലെ വസ്ത്ര ഉത്പന്നങ്ങൾ പോലെ) ഉണ്ടാക്കുന്നതിൽ മത്സരിക്കുകയും ഫലപ്രദമായ കച്ചവട, വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും വേണം. ആധുനികവത്കരണം വ്യവസായത്തിന്റെ മൊത്തത്തിലുള്ള വിപുലീകരണത്തിലേക്കും തൊഴിലാളികളുടെ മൂല്യവർധിത ഉത്പാദനത്തിലേക്കും നയിക്കണം.

## ടൂറിസം മേഖലയ്ക്കാവശ്യമായ ഭക്ഷ്യോല്പന്നങ്ങളുണ്ടാക്കണം

കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള ഉൽപന്നങ്ങളുടെ വ്യവസായങ്ങളെ സംസ്ഥാന



ത്തിനകത്ത് പ്രോത്സാഹിപ്പിച്ചേ മതിയാവൂ. പച്ചക്കറികൾ, പഴ വർഗങ്ങൾ, മത്സ്യം, ഇറച്ചി എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉത്പാദനം എന്നിവയ്ക്കുള്ള സാധ്യതകൾ സംസ്ഥാനത്തിനകത്തുണ്ട്. നാളികേരം, ചക്ക, ഏത്തക്ക, പൈനാപ്പിൾ, മരച്ചീനി തുടങ്ങിയവയുടെ സംസ്കരണത്തിനുള്ള ശേഷി ഇവിടെയുണ്ട്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ മരം-മുള അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ വികസിപ്പിക്കാൻ സാധിക്കും.

കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള ഉത്പന്നങ്ങളുടെ താരതമ്യേന വലിയൊരു കമ്പോളം കേരളത്തിൽ തന്നെ നിലനിൽക്കുന്നുണ്ട്. കേരളത്തിലെ പരമ്പരാഗത ഭക്ഷ്യ-കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ ഉത്പന്നങ്ങൾക്ക് കയറ്റുമതി കമ്പോളത്തിൽ ആവശ്യക്കാരെ കണ്ടുപിടിക്കണം; പ്രത്യേകിച്ചും വലിയ പ്രവാസി സമൂഹത്തിൽ ഇത്തരം വ്യവസായങ്ങളുടെയും വിനോദ സഞ്ചാരത്തിന്റെയും വളർച്ച തോളോടുതോൾ ചേർന്നാകണം. തായ്‌ലാന്റ്, മലേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കൃഷിയും കൃഷി അടിസ്ഥാന വ്യവസായങ്ങളും വിനോദ സഞ്ചാരവും ഒരുമിച്ചുണ്ടാക്കിയ വിജയകരമായ പാഠങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

തദ്ദേശ സർക്കാരുകൾ കേരളത്തിന്റെ ഗ്രാമീണ വ്യവസായ വത്കരണത്തിന് അടിത്തറ നൽകാൻ ശ്രമിക്കണം. തദ്ദേശ ജനതയുടെ സജീവമായ പങ്കാളിത്തത്തോടെ പഞ്ചായത്തുകൾക്ക് കാർഷിക ഉത്പന്ന സംസ്കരണവും വിനോദ സഞ്ചാരവും ഒരുമിച്ച് കൊണ്ടുപോകുന്ന പ്രവർത്തനങ്ങൾ നിർവഹിക്കാനാവും.

## പൊതുമേഖലാ സ്ഥാപനങ്ങൾ സാങ്കേതികവിദ്യാ സംരംഭങ്ങളെ സഹായിക്കണം

കേരളത്തിലെ വ്യവസായ വികസനത്തിന്റെ മറ്റൊരു ഘടകം കെമിക്കൽ, ഇലക്ട്രോണിക്സ്, എഞ്ചിനീയറിങ് വ്യവസായങ്ങളെയും ബയോ ടെക്നോളജി, നാനോ ടെക്നോളജി, ജീവശാസ്ത്രം തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുകയാണ്. സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം ഈ നയങ്ങളുമായി ബന്ധപ്പെട്ട് വളരെ നിർണായകമാണ്.



സ്വകാര്യ മേഖലയിലെ ഉയർന്ന സാങ്കേതികവിദ്യയുള്ള വ്യവസായങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ചുമതലകൾ ഏറ്റെടുക്കാൻ കഴിയുന്ന രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബന്ധത്തിന്റെ തീവ്രത വർധിപ്പിക്കണം. അതിനായി, കേരളത്തിൽ നിന്നുതന്നെ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുകയും താഴെ തട്ടിൽ വ്യവസായങ്ങൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും വേണം.

## പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കണം

ബയോ ടെക്നോളജി, ബയോ മെഡിക്കൽ സയൻസ്, ബയോ എഞ്ചിനീയറിങ് എന്നിവ ഉപയോഗിച്ചു കൊണ്ട് കാർഷിക-പ്രകൃതി വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി പുതിയ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിനാണ് ശ്രമിക്കേണ്ടത്. ബഹുരാഷ്ട്ര കമ്പനികൾക്കാണ് ബയോ ടെക്നോളജിയുടെ ഗവേഷണ വികസനത്തിലും അതിന്റെ ഉപയോഗത്തിലും മേധാവിത്വമുള്ളത്. ഇതിന് ഒരു മാറ്റമുണ്ടാകണം. ചൈനയും, ക്യൂബയും ഇപ്പോൾതന്നെ വലിയ തുകകൾ ഖജനാവിൽ നിന്ന് ബയോ ടെക്നോളജിയ്ക്കും ജീവവൈദ്യശാസ്ത്രത്തിനുമായി വിനിയോഗിക്കുന്നുണ്ട്. ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, ബയോ ടെക്നോളജിയുടെ വികസനത്തിനും ഉപയോഗത്തിനുമായി ഗവേഷണ സ്ഥാപനങ്ങൾ രൂപീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

## ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങൾക്ക് സാധ്യതയേറെ

കേരളത്തിലെ ആധുനിക വ്യവസായങ്ങൾ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മൂലധന സമ്പുഷ്ടമാക്കണം. ഔഷധ നിർമാണത്തിലും ചികിത്സ ഉപകരണങ്ങളുടെ നിർമാണത്തിലും കേരളത്തിൽ കാര്യമായ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള വ്യവസായങ്ങൾക്ക് ആശുപത്രികൾ, ഭിഷഗ്വരർ, ശുശ്രൂഷകർ, ആരോഗ്യ സംബന്ധിയായ ഉത്പന്നങ്ങൾ എന്നിവയിൽ നിന്ന് നേട്ടമുണ്ടാക്കാനാകും.

കപ്പൽ- തുറമുഖ മേഖലകളുമായി ബന്ധപ്പെട്ട് വ്യവസായ വികസനത്തിന് കേരളത്തിൽ ധാരാളം സാധ്യതയുണ്ട്. നീണ്ടു കിടക്കുന്ന തീരപ്രദേശത്തിന്റെയും സമ്പുഷ്ടമായ കടൽ വിഭവങ്ങളുടെയും സാമ്പത്തിക സാധ്യത ഉപയോഗപ്പെടുത്തിയാൽ കേരളത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാനാവും.

## സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ പുതുവഴി തേടണം

സംസ്ഥാനത്ത് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പുതുവഴികൾ തേടേണ്ടതുണ്ട്. കുറഞ്ഞത് മൂന്നു വിഭാഗം ജനങ്ങൾക്ക് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയിലേയ്ക്ക് കാര്യമായ സംഭാവന നൽകാനുള്ള ശേഷിയുണ്ട്. ആദ്യത്തേത്, കേരളീയരായ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ജോലിയെടുക്കുന്ന, വലിയൊരു കൂട്ടം എഞ്ചിനീയർമാരും ഉദ്യോഗസ്ഥരുമാണ്. സർക്കാർ അത്തരത്തിലുള്ള കുറച്ച് ആളുകളെ കേരളത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരാനും സംസ്ഥാനത്തിനകത്ത് സംരംഭങ്ങൾ തുടങ്ങുവാനും പ്രോത്സാഹിപ്പിക്കണം. സംസ്ഥാനത്ത് പുതിയതായി തുടങ്ങുന്ന സംരംഭങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്നവരായി ഇവർക്ക് പ്രവർത്തിക്കാൻ കഴിയണം.

സ്ത്രീകളുടെ  സ്വയംസഹായ സംഘങ്ങൾ, പ്രത്യേകിച്ചും കുടുംബശ്രീക്ക്, കേരളത്തിന്റെ വ്യാവസായിക വത്കരണത്തിൽ പ്രധാന പങ്ക് വഹിക്കാനാകും. കുറെ കുടുംബശ്രീ സംഘങ്ങൾ ഇപ്പോൾത്തന്നെ ഭക്ഷ്യ സംസ്കരണ പ്രവർത്തനത്തിൽ വ്യാപൃതരാണ്. പക്ഷേ കൂടുതലും മൂല്യശൃംഖലയുടെ താഴെ തട്ടിലാണ് നിൽക്കുന്നത്. അവരെ ഉയർന്ന മൂല്യമുണ്ടാക്കുന്ന വ്യവസായങ്ങളിലേയ്ക്ക് കൊണ്ടുവരണം.

സംരംഭകത്വവുമായി ബന്ധപ്പെട്ട് മികച്ച സാധ്യതയുള്ള മൂന്നാം വിഭാഗം വിദ്യാർത്ഥികളാണ്, പ്രത്യേകിച്ചും സംസ്ഥാനത്താകെയുള്ള സാങ്കേതികവിദ്യാ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ.



*തയ്യാറാക്കിയത്*
*ഡോ. ജയൻ ജോസ് തോമസ്.*
*ഡൽഹി ഐ. ഐ റ്റി.യിലെ അസോസിയേറ്റ് പ്രൊഫസറും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമാണ്.*



കേരളത്തിലെ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ച് സുവ്യക്തമായ നയങ്ങളെ ആധാരമാക്കി കാലോചിതമായി നവീകരിച്ച പദ്ധതികളിലാണ് ഇന്ന് വ്യവസായ വകുപ്പ് ശ്രദ്ധയൂന്നുന്നത്. പുതിയ സർക്കാർ ഒന്നാം പിറന്നാൾ പിന്നിടുന്ന വേളയിൽ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ഒരെത്തിനോട്ടം.

# ബഹുനില വ്യവസായ സമുച്ചയങ്ങളിൽ 20 % സ്ത്രീകൾക്ക്



തൃശ്ശൂർ പുഴയ്ക്കൽപാടം ബഹുനില വ്യവസായ സമുച്ചയം

സംസ്ഥാനത്ത് ഏതു വ്യവസായ വികസന പദ്ധതിക്ക് രൂപരേഖ തയ്യാറാക്കുമ്പോഴും സജീവ ചർച്ചയ്ക്ക് വിഷയമാകുന്ന ഒന്നാണ് വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനാണ് വ്യവസായവകുപ്പ് ബഹുനില വ്യവസായ സമുച്ചയങ്ങളെന്ന ആശയം മുന്നോട്ടുവച്ചത്. ഒരു വർഷത്തിനിടെ നാല് ബഹുനില വ്യവസായ സമുച്ചയങ്ങൾക്കാണ് ഭരണാനുമതി ലഭിച്ചത്. വേളി, ഷൊർണൂർ, പുന്നപ്ര പുഴയ്ക്കൽപാടം (രണ്ടാം ഘട്ടം) എന്നിവ വൈകാതെ പ്രവർത്തന സജ്ജമാകും. വേളിയിൽ രണ്ട് ബഹുനില സമുച്ചയങ്ങൾക്ക് ഈ മാസം തന്നെ തറക്കല്ലിട്ട് പണി തുടങ്ങും. ഓരോ ബഹുനില സമുച്ചയത്തിന്റെയും 20% വിഹിതം സ്ത്രീ സംരംഭകർക്കായി മാറ്റി വച്ചിരിക്കുകയാണ്. പുതിയ ബജറ്റിൽ ഇതിനായി 2306 ലക്ഷം രൂപ ഉൾകൊള്ളിച്ചിട്ടുണ്ട്.

പുന്നപ്രയിൽ 12. 86 കോടി രൂപ ചെലവിൽ 48441. 5 ചതുരശ്ര അടിയിലും പുഴയ്ക്കൽപാടത്ത് രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 25.65 കോടി രൂപ ചെലവിൽ 1,34,500 ചതുരശ്ര അടിയിലും ഷൊർണൂരിൽ 21.49 കോടി രൂപ ചെലവിൽ 84,907 ചതുരശ്രയടിയിലും വേളിയിൽ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി

22.79 കോടി രൂപ ചെലവിൽ 110129 ചതുരശ്രയടിയിലുമാണ് ബഹുനില വ്യവസായ സമുച്ചയങ്ങൾ വരുന്നത്.

ഇതോടൊപ്പം 11 വ്യവസായ മേഖലകളിലേയ്ക്കുള്ള റോഡുകൾ അറ്റകുറ്റപ്പണി തീർത്ത് നവീകരിക്കുകയാണ്. തിരുവനന്തപുരത്തെ മൺവിള, പത്തനംതിട്ടയിലെ കുന്നന്താനം, ആലപ്പുഴയിലെ ചെങ്ങന്നൂർ, കൊല്ലകടവ്, പുന്നപ്ര, എറണാകുളത്തെ ആലുവ, അങ്കമാലി, കളമശ്ശേരി, തൃശ്ശൂരിലെ അത്താണി, അയ്യൻകുന്ന്, പാലക്കാട്ടെ കഞ്ചിക്കോട് എന്നീ വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളാണ് ഉടൻ നവീകരിക്കുക.

കോഴിക്കോട് കട്ടിപ്പാറയിലെ 20.43 ഏക്കറിൽ രണ്ടാംഘട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 4.05 കോടി രൂപയുടെയും തൃശ്ശൂർ വരവൂരിൽ 8.55 ഏക്കർ സ്ഥലത്ത് രണ്ടാംഘട്ട വികസനത്തിന് 3.32 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചു കഴിഞ്ഞു.

### വ്യവസായത്തിന് സ്വകാര്യ ഭൂമി ഏറ്റെടുക്കും

സ്വകാര്യ പാർക്കുകൾ/ എസ്റ്റേറ്റുകൾ വഴി വ്യാവസായികാവശ്യത്തിനുള്ള സ്ഥലലഭ്യത ഉറപ്പു വരുത്തുന്നതിന് 200 ലക്ഷം രൂപയാണ് ബജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. സ്വകാര്യ ഉടമകൾക്ക് അവരുടെ സ്ഥലം എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള വ്യാവസായിക ഏരിയ/ പാർക്കുകൾ/ എസ്റ്റേറ്റുകൾ ആയി രൂപാന്തരപ്പെടുത്താൻ ഇതു വഴി കൂടുതൽ അവസരം ലഭിക്കും. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയാണ് ലക്ഷ്യം.

# ചെറുകിടക്കാർക്ക് 30 ലക്ഷം വരെ ധനസഹായം



സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് മൂലധന പിന്തുണ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് മൂലധന നിക്ഷേപവും വിറ്റുവരവും സാധ്യമാക്കുക എന്നതാണ് സംരംഭകസഹായ പദ്ധതിയുടെ ഉദ്ദേശ്യം. സംരംഭങ്ങൾക്ക് എല്ലാത്തരത്തിലുമുള്ള സഹായം നൽകുക, തുകയുടെ മുഴുവൻ ആനുകൂല്യങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്ന വിധത്തിൽ പ്രത്യേക വിഭാഗങ്ങൾക്ക് അവശ്യ പരിഗണനയോടെ സംരംഭകർക്ക് ഒറ്റത്തവണ സഹായം നൽകുക എന്നിവയും ലക്ഷ്യങ്ങളാണ്.

ഈ പദ്ധതി പ്രകാരം സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% - പരമാവധി 20 ലക്ഷം രൂപ, വനിത/യുവ/പട്ടികജാതി/വർഗ സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%- പരമാവധി 30 ലക്ഷം രൂപ, മുൻഗണനാ വ്യവസായങ്ങൾക്ക് 10% - പരമാവധി 10 ലക്ഷം രൂപ എന്നിങ്ങനെയാണ് ധനസഹായം.



കൊച്ചിയിൽ നടന്ന വ്യാപാർ 2017 ൽ വ്യവസായ മന്ത്രി എ.സി. മൊയ്തീൻ

വയനാട്, ഇടുക്കി, കാസറഗോഡ്, പത്തനം തിട്ട ജില്ലകളിലെ പുതിയ വ്യവസായ സംരംഭ ങ്ങൾക്ക് 10% അധികം– പരമാവധി 10 ലക്ഷം രൂപ. അംഗീകരിച്ച ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് നൂതന സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിന് 10% അധികം– പരമാവധി 10 ലക്ഷം രൂപയും ലഭി ക്കും.

ഈ പദ്ധതിപ്രകാരം ഒരു സംരംഭകന് ലഭ്യ മാകുന്ന പരമാവധി സഹായം 30 ലക്ഷം രൂപയാണ്. പദ്ധതി നിർവഹണ കാലയളവിൽ ഉണ്ടാകുന്ന ചെലവ് വർദ്ധന നേരിടുന്നതിന് വർഷംതോറും അഞ്ച് ശതമാനം വർദ്ധിപ്പിക്കാം. ഇതിന്റെ 30% സൂക്ഷ്മ വ്യവസായ സംരംഭ കർക്കായി വകയിരുത്തിയിരിക്കുന്നു. സൂക്ഷ്മ വ്യവസായ വിഭാഗത്തിൽ അനുയോജ്യമായ അപേക്ഷകൾ ഇല്ലെങ്കിൽ തുക ചെറുകിട ഇട ത്തരം വ്യവസായങ്ങൾക്കായി വിനിയോഗിക്കാം. 2017–18 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 5100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. 2017 –18 സാമ്പത്തിക വർഷം മുതൽ നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള ധനസഹായത്തി നായി 500 ലക്ഷം രൂപയും ഉൾകൊള്ളിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം സ്റ്റാർട്ടപ്പ്/ ടെക്നിക്കൽ സബ്സിഡിയായി 69 എം. എസ്. എം. ഇ യൂണിറ്റുകൾക്കും നിക്ഷേപസഹായ മായി 689 യൂണിറ്റുകൾക്കും സ്റ്റേറ്റ് ഇൻവെ സ്റ്റ്മെന്റ് സബ്സിഡിയായി 61 യൂണിറ്റുകൾക്കു മായി ആകെ 45.78 കോടി രൂപ അനുവദിച്ചു.

## പുതിയ തൊഴിലവസരങ്ങൾക്ക് 10,0000 രൂപ സഹായം

പുതിയ തൊഴിലവസരങ്ങൾക്കുള്ള ധന സഹായപദ്ധതിപ്രകാരം വിവര സാങ്കേതികവിദ്യ, വിനോദസഞ്ചാരം, ആരോഗ്യക്ഷേമം, കൃഷി, ഫുഡ് പ്രോസസിംഗ്, വാണിജ്യം തുടങ്ങിയ മേഖ ലകളിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ കർക്കും 01.04.2016 നു ശേഷം പുതിയതായി അഞ്ച് പേർക്കെങ്കിലും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളതുമായ സംരംഭകർക്കും ഓരോ തൊഴിൽ അവസരത്തിനും 10,000/– രൂപ ഒറ്റത്ത വണ ധനസഹായമായി നൽകും.

ഗവൺമെന്റ്/ ഗവൺമെന്റ് ഏജൻസിക ളിൽ നിന്ന് യാതൊരുവിധ ധനസഹായവും ലഭി ക്കാൻ അർഹതയില്ലാത്ത വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സേവനമേഖലയിലെ സംരംഭങ്ങൾക്കാണ് സഹായം.

## മാർജിൻ മണി വായ്പ– ഒറ്റത്തവണ തീർപ്പാക്കാം

കേരളത്തിലെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 1979 മുതൽ 31.03.2012 വരെ സംസ്ഥാന സർക്കാർ നടപ്പാക്കി വന്നിരുന്ന സാമ്പത്തിക സഹായപദ്ധതിയാണ് മാർജിൻ മണി വായ്പാ പദ്ധതി. 2012 വരെ ആകെ 119.23 കോടി രൂപയാണ് വായ്പായിന ത്തിൽ നൽകിയിരുന്നത്.

വിവിധ കാരണങ്ങളാൽ പല സംരംഭ കർക്കും തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ല. സർക്കാ രിന് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനായി 2002 മുതൽ വിവിധ കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. പദ്ധതിയുടെ കാലാവധി 31.07.2016 വരെ ദീർഘിപ്പിച്ചതിനെ തുടർന്ന് 567 കേസുകൾ തീർപ്പാക്കി. 5,08,30,895/– രൂപ പിരിച്ചെടുക്കാനായി. സംസ്ഥാനത്തൊട്ടാകെ ഏകദേശം 84 കോടിയോളം രൂപ ഈ വായ്പയി നത്തിൽ പിരിച്ചെടുക്കാനുണ്ട്. അർഹരായ സംരം ഭകർക്ക് കുടിശ്ശിക തീർപ്പാക്കാൻ അവസരം നൽകി പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുക യാണ് ലക്ഷ്യം.

# വ്യവസായ എസ്റ്റേറ്റുകളിൽ ഇനി ഓൺലൈൻ അപേക്ഷ മാത്രം

വ്യവസായ വകുപ്പിന്റെ കീഴിൽ 2500 ഓളം ഏക്കർ വ്യവസായഭൂമി ചെറുകിട സംരംഭങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ 3000 ഓളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ ഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനാണ് ലാന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയത്. ആദ്യഘട്ടമായി ജനുവരി മുതൽ പുതുതായി ഭൂമിക്കുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമാണ് സ്വീകരിക്കുന്നത്. അടുത്ത ഘട്ടത്തിൽ മറ്റു പ്രവർത്തനങ്ങളും ഓൺലൈൻ വഴിയാക്കും.

## അനുബന്ധ പദ്ധതികൾ

സംരംഭക സഹായ പദ്ധതി പ്രകാരം സഹായത്തിനുള്ള അപേക്ഷ നൽകുന്നതും തുടർന്ന് അപേക്ഷയുടെ ഓഫീസ് തലത്തിലുള്ള നടപടികളും പൂർണമായും ഓൺലൈൻ വഴിയാക്കി. ഇതുപ്രകാരം സംരംഭകന് അപേക്ഷയുടെ തൽസ്ഥിതി, അനുവദിച്ച തുക തുടങ്ങിയ വിവരങ്ങൾ ഓൺലൈൻ വഴി അറിയാം.

വ്യവസായ വകുപ്പിലെ എല്ലാ ഇലക്ട്രോണിക് അസെറ്റുകളും ഈ കേന്ദ്രീകൃത സംവിധാനം വഴി നിയന്ത്രിക്കും. പദ്ധതിയുടെ ഭാഗമായി ഇ- ആസ്തി എന്ന സോഫ്റ്റ് വെയർ കെൽട്രോൺ വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തി വരുന്നു.

## ഏകജാലകസംവിധാനം

സംരംഭകന് ആവശ്യമായ മുഴുവൻ ലൈസൻസുകളും ജില്ലാ വ്യവസായകേന്ദ്രം വഴി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് വകുപ്പ്- മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളെ സമന്വയിപ്പിച്ച് വ്യവസായത്തിന് ആവശ്യമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പൂർണമായും ഇ- ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറുകയാണ്. എൽ. ഒ. ജി. ലൈസൻസ്, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നീ അനുമതി പത്രങ്ങളും ഓൺലൈനായി നടപ്പിലാക്കും.

## ഇ- കോമേഴ്സ് സൗകര്യം

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയിലെ ഉൽപന്നങ്ങൾക്ക് വ്യവസായവൽക്കരണത്തിന് ഉതകുന്ന ഇ- കോമേഴ്സ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വകുപ്പ് സാധ്യത തേടുകയാണ്. ഇതിന്റെ ഭാഗമായി



ഇ-ഗവേണൻസ് പദ്ധതികൾ വ്യവസായ മന്ത്രി എ.സി. മൊയ്തീൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു.



സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭ മേഖലയിൽ ബിസിനസ് ടു ബിസിനസ് മീറ്റുകൾ നടത്തും.

## അടിസ്ഥാന സൗകര്യവികസനത്തിന് 2,500 ലക്ഷം

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം ആവശ്യമുണ്ട്. റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം എന്നീ സൗകര്യങ്ങളുള്ള പുതിയ വ്യവസായ പാർക്കുകൾ നിർമിക്കുന്നതിനും ക്ലസ്റ്ററുകൾക്കായി പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഡവലപ്മെന്റ് പ്ലോട്ട്/ പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സംസ്ഥാനം ലക്ഷ്യമിടുന്നു. ഇതിനായി വിവിധ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

നിലവിലുള്ള ഡവലപ്മെന്റ് പ്ലോട്ടുകളുടെ നവീകരണത്തിനും ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കുന്നതിനും റോഡുകൾ, മറ്റു പൊതു സൗകര്യങ്ങൾ, ഖരദ്രവ മാലിന്യ നിർമാർജനം, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും സംരംഭകർക്ക് ആവശ്യമായ കാന്റീൻ സൗകര്യങ്ങൾ പ്രഥമശുശ്രൂഷ കേന്ദ്രങ്ങൾ എന്നിവ വിഭാവനം ചെയ്തിട്ടുള്ള തുടർ പദ്ധതിയാണിത്. 2500 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. നിലവിലുള്ള പ്രവർത്തന ക്ഷമമായ വ്യവസായ എസ്റ്റേറ്റുകൾ ഈ പദ്ധതിയിൽ പരിഗണിക്കും. സർക്കാർ ഗുണഭോക്തൃ വിഹിതം 50: 50 എന്ന നിലയ്ക്കാണ് പദ്ധതി നടപ്പാക്കുക. പശ്ചാത്തല സൗകര്യങ്ങളായ കാന്റീൻ, ആശുപത്രി, ബാങ്ക്,പോസ്റ്റ് ഓഫീസ്, സ്ത്രീകൾക്കായുള്ള വിശ്രമമുറി, ക്രഷുകൾ എന്നിവ ഉൾപെടുത്തും. സർക്കാർ ഗുണഭോക്തൃ വിഹിതം 70: 30 എന്ന നിലയ്ക്ക് പൊതു പശ്ചാത്തല സൗകര്യങ്ങളായ പാരമ്പര്യേതര ഊർജ സ്രോതസ്സ്, ഖരമാലിന്യ നിർമാർജനം എന്നിവ ഉൾപെടുത്തും. 100% സർക്കാർ വിഹിതമായി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ റോഡുകളുടെ നിർമാണവും അറ്റകുറ്റപ്പണികളും, വൈദ്യുതീകരണം, കുടിവെള്ള പദ്ധതി എന്നിവയും നടത്തും.

## പൊതു സൗകര്യസേവന കേന്ദ്രങ്ങളുടെ നവീകരണം

വാർഷിക നവീകരണ ചെലവുകൾ, പ്ലാന്റ്, മെഷിനറി, സ്റ്റേറ്റ് ഓഫ് ആർട്ട് എന്നിവയ്ക്കുള്ള ചെലവുകൾ ഉൾപെടെ നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനും നവീകരണത്തിനുമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## വൈദഗ്ദ്ധ്യ വികസനം

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുകൂലമായ നിക്ഷേപങ്ങളുപയോഗിച്ച് ബോധപൂർവം കേന്ദ്രീകൃതവും ആസൂത്രിതവുമായ ശ്രമങ്ങളിലൂടെ പ്രധാനപ്പെട്ട മേഖലകളിൽ വ്യവസായ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് തീവ്ര വ്യവസായ വത്കരണത്തിലൂടെ ലക്ഷ്യമിടുന്നു. ബ്ലോക്ക്, താലൂക്ക്, ജില്ലാതലങ്ങളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുകയാണ് ഉദ്ദേശ്യം.

ജില്ലാ വ്യവസായകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ 70 ലക്ഷം രൂപ ചെലവിൽ നടപ്പാക്കുന്ന സംരംഭകത്വ പരിശീലന പരിപാടികൾ, കോഴിക്കോട് റൈസിംഗ് കേരള 2016- നോട് അനുബന്ധിച്ച് 40 ലക്ഷം രൂപ ചെലവിൽ നടത്തിയ മെഷിനറി പ്രദർശനം, സെമിനാറുകൾ, കൊച്ചി ബോൾഗാട്ടി പാലസിൽ 10 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കിയ അഗ്രോ ഫുഡ് പ്രോ- 2017 തുടങ്ങിയവ ശ്രദ്ധേയമായിരുന്നു. ടെക്നോളജി ക്ലിനിക്കുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും നടപ്പാക്കി വരുന്നു.



## സംരംഭകത്വ വികസന പരിപാടികൾക്കായി 400 ലക്ഷം

സംരംഭകത്വ വികസന പരിപാടി, ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, ഇന്ററാക്ടീവ് ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, കൂട്ടായ്മകൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ എന്നിവയ്ക്കായി 400 ലക്ഷം രൂപയാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെയും കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ്, സി. ഐ. ഐ, റൈറ്റ് പോലെയുള്ള സ്ഥാപനങ്ങളിലൂടെയുമാണ് ഈ പരിപാടികൾ നടത്തുന്നത്. 20% ഗുണഭോക്താക്കൾ സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വനിതകളാവണമെന്ന് നിഷ്കർഷയുണ്ട്.

## എല്ലാ ജില്ലയിലും ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രം

വേണ്ടത്ര മൂലധനമില്ലാത്ത, എന്നാൽ നൂതന ആശയങ്ങളുള്ള പുതിയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, വൈദഗ്ദ്ധ്യ വികസനം, ബിസിനസ് ആസൂത്രണം, വിപണന സാമ്പത്തിക ശൃംഖലകൾ, പരിചയ സമ്പന്നരുടെ സഹായം, സാങ്കേതിക വിദ്യ എന്നീ സഹായങ്ങൾ നൽകി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബിസിനസ് ഇൻകുബേറ്റർ സഹായിക്കുന്നു. വിദഗ്ദ്ധരെയും വിജയം കൈവരിച്ച സംരംഭകരെയും പ്രവർത്തനങ്ങളിൽ ഉൾപെടുത്തി ജില്ലാ വ്യവസായ കേന്ദ്രത്തിലെ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളെ പ്രാപ്തരാക്കുവാൻ സംരംഭക വ്യവസായ പ്രവർത്തനങ്ങൾക്കുള്ള വിഹിതത്തിൽ നിന്നും 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥരുടെ ശേഷി വികസന പരിശീലനത്തിന് 50 ലക്ഷം രൂപയും ഉൾകൊള്ളിച്ചിട്ടുണ്ട്.

14 ജില്ലാ വ്യവസായകേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചതോടെ വ്യവസായ ഓഫീസുകൾ കൂടുതൽ സംരംഭക സൗഹൃദമായി മാറി. സംരംഭകത്വ ആശയവുമായി വരുന്ന സംരംഭകരെ എല്ലാത്തരത്തിലും കൈപിടിച്ചുയർത്തി ഉൽപന്നം/ സേവനം വരെ എത്തിക്കുന്ന ജോലി വിജയകരമായി ജില്ലാ വ്യവസായകേന്ദ്രങ്ങൾ നിർവഹിക്കുന്നു.

വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 257 ഇ. ഡി. ക്ലബ്ബുകൾ രൂപീകരിച്ചു. 6425 വിദ്യാർത്ഥികൾ ക്ലബ്ബ് അംഗങ്ങളായി പ്രവർത്തിച്ചു വരുന്നു. ഇവർക്ക് പ്രധാന വ്യവസായ സ്ഥാപനങ്ങൾ കാണാൻ അവസരം ലഭിക്കുന്നതോടൊപ്പം, സെമിനാർ, ബോധവൽകരണ പരിപാടികളും നടത്തുന്നു.

## ഹരിതകേരളത്തിൽ പങ്കാളിയാകും

ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ സംരംഭകരുടെയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പാക്കും. ഹരിതകേരളം മിഷൻ സംബന്ധിച്ച് എല്ലാ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ക്ലബ്ബുകളിലും ബോധവത്കരണം നടത്തി വിദ്യാർത്ഥി സമൂഹത്തിന്റെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കും. എം. എസ്. എം. ഇ മേഖലയിൽ 2017-18 ൽ 15,000 സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സഹായ സഹകരണങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുടെയും വിവിധ വകുപ്പുകളുടെ പ്രോജക്ടുകളുടെയും ഏകോപനം ഉറപ്പുവരുത്തി നേതൃത്വം നൽകും. ക്ലസ്റ്റർ വികസന പദ്ധതിയിൽ നാല് ക്ലസ്റ്ററുകൾ പൂർത്തീകരിക്കാൻ കഴിയും. വുഡ് പ്രോസസിംഗ് ക്ലസ്റ്റർ, കൊല്ലം, വുഡ് ഫർണിച്ചർ ക്ലസ്റ്റർ, കണ്ണൂർ, പ്രിന്റിംഗ് ക്ലസ്റ്റർ, കണ്ണൂർ, സമോറിയൻസ് ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോട് എന്നിവയാണവ. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ടെക്നോളജി മാനേജ്മെന്റ് ആന്റ് ഡവലപ്മെന്റ് പ്രോഗ്രാം 14 ജില്ലകളിലും നടത്തുന്നതിന് 35 ലക്ഷം രൂപ കീഡിന് നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇ. ഡി.ക്ലബ്ബുകൾക്കുള്ള ധനസഹായം ഒരു വർഷം 6000/- രൂപ വെച്ച് രണ്ട് ഇൻസ്റ്റാൾമെന്റ് ആയി 12,000/- രൂപ നൽകും.



# ഉദ്യോഗസ്ഥർ 2000 ലേറെ സ്ഥാപനങ്ങൾ സന്ദർശിച്ചു



നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ തദ്ദേശീയമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിലും നിസ്തുലമായ സേവനമാണ് ചെറുകിട സംരംഭങ്ങൾ വഹിക്കുന്നത്. ഇവയുടെ പ്രവർത്തനത്തിന് ഉപകാരപ്രദമാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഇവരെ സംബന്ധിച്ച വിവരങ്ങൾ ആവശ്യമാണ്. നിലവിൽ സംരംഭങ്ങളുടെ ബാഹുല്യം നിമിത്തം കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് വ്യവസായ സംരംഭങ്ങളുടെ വിവരശേഖരണത്തിനും, ഇവർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും പുതിയ പദ്ധതി തയ്യാറാക്കിയത്. ഇപ്പോൾ വ്യവസായ വികസന ഉദ്യോഗസ്ഥർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവരശേഖരണം നടത്തുകയാണ്. ജി. പി. എസ്. സംവിധാനം ഉപയോഗിച്ച് സംരംഭത്തിന്റെ സ്ഥാനം രേഖപ്പെടുത്തുന്നു. ഇതുപ്രകാരം ലഭിക്കുന്ന വിവരം സംസ്ഥാനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഒരു വ്യവസായ ഭൂപടം സജ്ജീകരിക്കുകയാണ് ഉദ്ദേശ്യം. വരും വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും, തൊഴിലാളികളുടെ സ്ഥിതി വിവരശേഖരണത്തിനും സംരംഭകരുടെ പ്രയാസങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഗവൺമെന്റ് തലത്തിലുള്ള മറ്റ് വകുപ്പുകളുടെ പ്രവർത്തനത്തിനും ഇത് സഹായകമാകും. ഇതിനോടകം വ്യവസായ വികസന ഓഫീസർമാർ 2000-ൽ പരം വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുകയും സംരംഭകർക്ക് വേണ്ട സഹായപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

വ്യവസായ വകുപ്പിന്റെ industry.kerala.gov.in വെബ്സൈറ്റ് കാലോചിതമായ മാറ്റങ്ങൾ വരുത്തി പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപെടുത്തി പൂർണമായും നവീകരിച്ചിട്ടുണ്ട്.

## കെസ്വാൻ ഏകീകരണ പദ്ധതി

എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഓഫീസുകളിലെ ഓരോ ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനും കെസ്വാൻ സൗകര്യം, ടെലിഫോൺ, കണക്ടിവിറ്റി, യു. പി. എസ് പവർ എന്നിവ ഉറപ്പാക്കുന്നതാണ് പദ്ധതി. കെസ്വാൻ

നെറ്റ്‌വർക്കുമായി ജില്ലാ വ്യവസായകേന്ദ്ര ങ്ങളെ ബന്ധിപ്പിക്കുന്ന പ്രവർത്തനം പൂർത്തി യായി വരുന്നു.

വൈകാതെ ജില്ലാ ഓഫീസുകളും ഇ-റെഡി ഓഫീസ് ആയി മാറും. കെസ്വാൻ നെറ്റ്‌വർക്കിലേയ്ക്ക് മാറുന്നതോടെ അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുവാൻ കഴി യും. ഓൺലൈൻ പദ്ധതികളായ ഇ. എസ്. എസ്, ഇ- ഓഫീസ്, മറ്റ് സോഫ്റ്റ്‌വെയറുകൾ, വീഡിയോ കോൺഫറൻസിംഗ് എന്നിവയുടെ നടത്തിപ്പിന് അടിസ്ഥാന സൗകര്യം ഉറപ്പാ ക്കാനും ഇതുവഴി സാധിക്കും.

### ഭക്ഷ്യമേഖലയിലെ പ്രാതിനിധ്യം

എൻ. സി. എച്ച്. സി- യുമായി സഹകരിച്ച് ഫുഡ് സേഫ്റ്റി സിസ്റ്റം നടപ്പാക്കി വരുന്നു. സാമൂ ഹ്യ സേവനത്തിന്റെ ഭാഗമായി ഫുഡ് സേഫ്റ്റിക്ക് ഉയർന്ന നിലവാരം നൽകുകയാണ് ഉദ്ദേശ്യം. 50 ലക്ഷം രൂപ ചെലവിൽ കെ-ബിപ്പ് മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്.

ബോധവത്കരണ പരിപാടികൾ വൈദഗ്ദ്ധ്യ വികസന പരിപാടികൾ, വിപണന കാമ്പയിൻ എന്നിവ നടപ്പിലാക്കി എൻ. സി. എച്ച്. സി യിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഏജൻസി കളിൽ നിന്നും ഓഡിറ്റർമാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കും.

# പരമ്പരാഗത ഉത്പന്നങ്ങൾക്കായി വിപണന കേന്ദ്രങ്ങൾ

കരകൗശല മേഖലയിൽ പരിശീ ലനം നൽകൽ, ഗുണനിലവാര പരിശോ ധന, യന്ത്രവൽകൃത ജോലികൾ, ഡൈയിംഗ്, പോളിഷിംഗ്, പ്രിന്റിങ് ജോലികൾ എന്നിവയ്ക്ക് പൊതു സൗകര്യ സേവനകേന്ദ്രങ്ങൾ ആവശ്യ മാണ്. ഇതിനായി 85 ലക്ഷം രൂപ ഉൾകൊള്ളിച്ചിട്ടുണ്ട്.

കരകൗശല മേഖലയെ സഹായി ക്കുന്നതിനും തൊഴിലാളികളുടെ ഉന്നമ നത്തിനുമായി 395. 00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരകൗശല അപ്പെക്സ് സഹകരണ സംഘമായ സുരഭിക്ക് 100 ലക്ഷം രൂപയും സംസ്ഥാന പനയുൽപന വികസന തൊഴിലാളി ക്ഷേമ കോർപറേഷന് (കെൽപാം) 25.00 ലക്ഷം രൂപയും കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപറേഷന്- 25.03 ലക്ഷം രൂപയും കരകൗശല കോർപറേഷന് എച്ച്. ഡി. സി. കെ- 100. 00 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

കരകൗശല മേഖലയിലെ തൊഴി



ആദ്യ കരകൗശല അവാർഡ് വേളയിൽ മന്ത്രി എ.സി. മൊയ്തീൻ



ലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒറ്റത്തവണ സഹായം ലഭ്യമാക്കുന്നതിനായി ആഷ പദ്ധതിയിൽ 30 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

## വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ

കരകൗശല തൊഴിലാളി സമൂഹത്തിന് അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും, വിപണനം ചെയ്യാനും വേദിയൊരുക്കുന്ന തനതും നൂതനവുമായ സംരംഭമാണ് വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ. അസംഘടിതരും സാധാരണക്കാരുമായ ഗ്രാമീണ തൊഴിലാളികൾക്കും ആധുനിക കമ്പോളത്തിനുമിടയിൽ ഒരു മാധ്യമമായി പ്രവർത്തിക്കുകയാണ് ലക്ഷ്യം.

ഹാന്റിക്രാഫ്റ്റ്സ്, കൈത്തറി, കയർ എന്നിങ്ങനെയുള്ള പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കും.

## 11 കരകൗശല ക്ലസ്റ്ററുകൾ

കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 11 കരകൗശല ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ സുരഭി, കാഡ്കോ, എച്ച്. ഡി. സി. കെ സ്ഥാപനങ്ങളുടെ സഹായത്തോടെ സംസ്ഥാനസർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ ക്ലസ്റ്ററുകളുടെ ഡൈഗ്നോസ്റ്റിക് സർവേയും പ്രോജക്ട് തയ്യാറാക്കലും പുരോഗമിച്ചു വരുന്നു.

## വ്യവസായ സൊസൈറ്റികൾക്ക് സഹായം

സ്ത്രീകൾ, അംഗപരിമിതർ ഉൾപെടുന്ന വ്യവസായ സഹകരണ സൊസൈറ്റികൾക്ക് പദ്ധതി വിപുലീകരണത്തിനും/ ആധുനികവൽകരണത്തിനും സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒരു സൊസൈറ്റിക്ക് പരമാവധി അഞ്ച് ലക്ഷം രൂപ നിരക്കിൽ 30 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകും. ധനസഹായം ലഭിക്കുന്ന സൊസൈറ്റികൾക്ക് പോസിറ്റീവ് ആസ്ഥി വേണം. 50% സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

## മുള വ്യവസായം

സ്റ്റേറ്റ് ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും ബാംബൂ കോർപറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് കോർപറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപെടുത്തി മുളവ്യവസായ വികസന പദ്ധതി നടത്തിപ്പിന് 200 ലക്ഷം രൂപ ഉൾകൊള്ളിച്ചിട്ടുണ്ട്.

### എറണാകുളത്ത് അന്താരാഷ്ട്ര ഫർണിച്ചർ ഹബ് – ലക്ഷ്യം 28000 പേർക്ക് തൊഴിൽ

സംസ്ഥാനത്തെ തടി ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കാൻ എറണാകുളം/ തൃശ്ശൂർ പ്രദേശത്ത് തടി ഫർണിച്ചർ യൂണിറ്റുകൾക്കായി അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കും. അന്താരാഷ്ട്ര വിപണനത്തിലൂടെയും, ഗുണനിലവാരം ഉയർത്തുന്നതിലൂടെയും ഫർണിച്ചർ ഉൽപാദനമേഖലയെ അഭിവൃദ്ധപ്പെടുത്തുവാനും 28,000 പേർക്ക് നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ നൽകുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഉൽപന്ന പ്രദർശനത്തിനായി സ്ഥിരമായ എക്സിബിഷൻ സെന്റർ, ടെക്നിക്കൽ ട്രെയിനിംഗ് വർക്കർ ഹോസ്റ്റൽ, വെയർ ഹൗസിങ് സൗകര്യം, നെറ്റ് വർക്ക് കപ്പാസിറ്റി ബിൽഡിങ് സൗകര്യം എന്നിവ ഈ കേന്ദ്ര പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്.

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ വകുപ്പിന്റെ അന്തിമ അംഗീകാരം ലഭിച്ചു കഴിഞ്ഞു. 8615 ലക്ഷം രൂപയാണ് മൊത്തം പദ്ധതി തുക.

കെ. പ്രശാന്ത്
അസി. ഡയറക്ടർ,
സി.എഫ്.എസ്.സി., ചങ്ങനാശ്ശേരി

# പ്ലാസ്റ്റിക് കൊണ്ട് 13 വ്യവസായങ്ങൾ



ത്രീ ഡി പ്രിന്റിങ്

പ്ലാസ്റ്റിക് എന്നു കേട്ടാൽ തന്നെ മുഖം ചുളിക്കുന്നവരാണ് നമ്മളിൽ ഭൂരിഭാഗവും. ഇതിന്റെ പ്രധാന കാരണം ഇവ പ്രകൃതിക്ക് ഏൽപിക്കുന്ന ആഘാതം തന്നെയാണ്. വസ്തുത ഇങ്ങനെയാണെങ്കിലും പ്ലാസ്റ്റിക്കിനെ ഒഴിവാക്കിക്കൊണ്ട് ഒരു ജീവിതം ശിലായുഗത്തിന് സമാനമായിരിക്കും. ഇന്ത്യയുടെ അഭിമാനമായി 103 ഉപഗ്രഹങ്ങളുമായി യാത്ര തിരിച്ച പി. എസ്. എൽ. വി യിൽ വരെ പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം കാണാം. പ്ലാസ്റ്റിക് എന്ന പേര് കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിലേയ്ക്ക് കടന്നു വരുന്നത് ക്യാരി ബാഗുകളും, ഒരു തവണ മാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന ഡിസ്പോസബിൾ വസ്തുക്കളുമാണ്. ഇത്തരം കനം കുറഞ്ഞ വസ്തുക്കളുടെയും, ഉപയോഗശേഷം വലിച്ച് എറിയുന്ന ഉൽപന്നങ്ങളുടെയും ഉപയോഗവും ഉത്പാദനവും കുറയ്ക്കുകയോ അല്ലെങ്കിൽ പൂർണമായി ഉപേക്ഷിക്കുകയോ വേണമെന്നുള്ളതിൽ തർക്കമില്ല. എന്നാൽ ആയുർദൈർഘ്യം കൂടുതൽ ഉള്ളതും കാലങ്ങളോളം നിലനിൽക്കുന്നതുമായ ഇലക്ട്രോണിക്, ഓട്ടോമോട്ടീവ്, കൺസ്ട്രക്ഷൻ, എയ്റോ സ്പേയ്സ്, ടെക്സ്റ്റൈൽസ്, എഫ്. എം. സി. ജി തുടങ്ങിയ മേഖലകളിലുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമാണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതു തന്നെയാണ്. നീണ്ട കാലത്തെ ഉപയോഗശേഷം പുറംതള്ളുന്ന ഇത്തരം വസ്തുക്കൾ ഏകദേശം 70- 80% വരെ റീസൈക്കിൾ ചെയ്യപ്പെടുന്നു.

## ആളോഹരി ഒമ്പത് കിലോ

ഇന്ത്യയിൽ പ്ലാസ്റ്റിക് ആളോഹരി ഉപഭോഗം ഒമ്പത് കിലോയാണ്. ശരാശരി ആഗോള ആളോഹരി ഉപഭോഗമായ 38 കിലോയുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് വളരെ കുറവാണ്. കേരളത്തിൽ ഇന്ന് 2,500 ൽ പരം ചെറുകിട-ഇടത്തരം പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങളുണ്ട്. ഇതിൽ മൂന്നിൽ രണ്ടും അസംഘടിത മേഖലയിൽ ആയതുകൊണ്ടു തന്നെ വാർഷിക


ബയോ ഡിഗ്രേഡബിൾ പ്ലാസ്റ്റിക്

ഉത്പാദനത്തിന്റെയും ഉത്പന്നങ്ങളുടെ സ്വഭാവത്തിന്റെയും വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഏകദേശം 700 ഓളം ഉൽപാദകർക്ക് മാത്രമാണ് കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷനിൽ അംഗത്വമുള്ളത്. കേരളത്തിലെ പ്ലാസ്റ്റിക് വ്യവസായങ്ങൾ പ്രധാനമായും പ്രവർത്തിക്കുന്നത് താഴെ കാണുന്ന വിഭാഗങ്ങളിലാണ്.

## ഇഞ്ചക്ഷൻ മോൾഡിംഗ്

കട്ടിയായ പൊള്ളയില്ലാത്ത ഉൽപന്നങ്ങൾ നിർമിക്കുന്നതിനു വേണ്ടിയാണ് ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. കസേര, ബക്കറ്റ്, കപ്പ്, മൈക്രോവേവ് കണ്ടെയ്നർ, അടപ്പുകൾ, കമ്പ്യൂട്ടർ/ പ്രിന്റർ/ ടി. വി കേസുകൾ, ഇലക്ട്രിക്കൽ സ്വിച്ച് തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. സിംഗിൾഫെയ്സ് കണക്ഷനോടെ കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന മെഷീനുകൾ മുതൽ ഒന്നിൽ കൂടുതൽ നിറങ്ങൾ ഒരേ സമയം പ്രേസസ്സ് ചെയ്യുവാൻ കഴിയുന്ന കമ്പ്യൂട്ടർ കൺട്രോൾഡ് മെഷീൻ വരെ നിലവിലുണ്ട്.

**സ്ട്രെച്ച് മോൾഡിംഗ്**

ഈ മെഷീൻ പ്രധാനമായും ഉപയോഗിക്കുന്നത്, പെറ്റ് ബോട്ടിൽ/ ജാർ എന്നിവ നിർമിക്കുന്നതിനുവേണ്ടിയാണ്. ഒരു സെമി ഓട്ടോമാറ്റിക് മെഷീനിൽ ഏകദേശം 1200 ബോട്ടിൽ വരെ ഒരു മണിക്കൂറിൽ നിർമിച്ചെടുക്കാം.

**എക്സ്ട്രൂഷൻ ബ്ലോ മോൾഡിംഗ്**

കണ്ടെയ്നർ, കുപ്പി, ജാർ, ക്യാൻ മുതലായ ഉൽപന്നങ്ങൾ നിർമിക്കുന്നതിനു വേണ്ടി ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു.

**പൈപ്പ് എക്സ്ട്രൂഷൻ**

പി വി സി പൈപ്പ്, എച്ച്. ഡി. പി. ഇ പൈപ്പ്, ഗാർഡൻ ഹോസ്, റിജിഡ്/ ഫ്ളക്സിബിൾ ഹോസ്, കോണ്ട്യൂട്ട് മുതലായവ ഈ മെഷീൻ നിർമിക്കുന്നു.

**തെർമോ ഫോർമിംഗ്**

ഭാരക്കുറവുള്ള ഗ്ലാസുകൾ, ടേക്ക് എവെ ബോക്സ്, കളിപ്പാട്ടങ്ങൾ എന്നിവയാണ് ഈ ഗണത്തിൽ നിർമിക്കുന്നത്.

**ബ്ലോൺ ഫിലിം**

ക്യാരി ബാഗുകൾ, പാക്കേജിംഗ് മെറ്റീരിയലുകൾ, ഷ്രിങ്ക് റാപ്പിംഗ്, പടുത തുടങ്ങിയ എല്ലാവിധ ഉൽപന്നങ്ങളും ഈ ടെക്നോളജി വഴിയാണ് നിർമിക്കുന്നത്.

## മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ വേണം

കേരളത്തിലെ പ്ലാസ്റ്റിക് ഉപഭോഗം ഇവിടത്തെ ഉത്പാദനവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കൂടുതലാണ്. അതുകൊണ്ട് തന്നെ പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾക്ക് ഏറ്റവും വളക്കൂറുള്ള മണ്ണാണ് കേരളം. ഈ മേഖലയിലേയ്ക്ക് കടന്നു വരുന്നവർ പ്രധാനമായും ശ്രദ്ധിക്കേണ്ടത്. കേരളത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായതും കയറ്റുമതി ലക്ഷ്യം വെച്ചുള്ളതുമായ ഉൽപന്നങ്ങളുടെ നിർമാണമാണ്. നിലവിലുള്ള ഉൽപന്നങ്ങൾക്ക് പകരമായി മൂല്യാധിഷ്ഠിത ഉൽപന്നങ്ങൾക്ക് ഊന്നൽ നൽകുന്ന ഉൽപാദകർക്ക് ധൈര്യമായി കടന്നു വരാവുന്ന മേഖലയാണ് ഇത്. വൈവിധ്യങ്ങളായ ആശയങ്ങൾ ഏറ്റവും കുറഞ്ഞ മുതൽമുടക്കിൽ രൂപകൽപന ചെയ്ത് വിപണിയിൽ എത്തിക്കുവാൻ കഴിയും. എന്നാൽ കനം കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെയും, ഒറ്റത്തവണ ഉപയോഗശേഷം വലിച്ചെറിയുന്ന ഉൽപന്നങ്ങളുടെയും, ഫാബ്രിക് എന്ന ഓമനപ്പേരിൽ



തടി-പ്ലാസ്റ്റിക് മിശ്രിതം

അറിയപ്പെടുന്ന നോൺവൂവൺ ക്യാരി ബാഗുകളുടെയും ഭാവി ശോഭനമല്ല.

## മണ്ണിലലിയുന്ന പ്ലാസ്റ്റിക്

ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് എന്ന നൂതന ആശയം താരതമ്യേന ആയൂർദൈർഘ്യം കുറവുള്ള ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള പുതിയ ചുവടുവയ്പാണ്. മണ്ണിൽ പൂർണമായും അലിഞ്ഞുചേർന്ന് പ്രകൃതിക്ക് ദോഷം തട്ടാത്ത ഈ മെറ്റീരിയൽ സാധാരണ പ്ലാസ്റ്റിക്കിന്റെ എല്ലാ ഗുണങ്ങളും നിലനിർത്തുന്നുണ്ട്. ഏതുതരം ഉൽപന്നങ്ങൾ നിർമിക്കുന്നതിനും ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉപയോഗിക്കാം. എന്നാൽ ഇതിന്റെ കമ്പോളവില സാധാരണ പ്ലാസ്റ്റിക്കിനേക്കാൾ മൂന്നിരട്ടി കൂടുതലാണ്. കേരളത്തിൽ ഇത്തരം ബയോ ഡീഗ്രേഡബി പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള വ്യവസായങ്ങളില്ല എന്നാൽ ഇതിന്റെ വിപണനസാധ്യത അനന്ത മാണ്. മുന്തിയ ഹോട്ടലുകളിൽ കട്ട്ലറി സെ ടോയ്‌ലറ്ററീസ് എന്നിവയ്ക്ക് ബയോ ഡീഗ്രേ ഡബിൾ പ്ലാസ്റ്റിക്കിൽ ഉപയോഗിക്കുന്നു. വള രെയധികം കയറ്റുമതി വിപണന സാധ്യത യുള്ള ഒന്നാണ് ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് കൊണ്ടുള്ള ഉൾപന്നങ്ങൾ. എല്ലാ അസംസ്കൃത വസ്തുക്കളും ഇറക്കുമതി ചെയ്യുന്നവയാണെങ്കിലും തെക്കേ ഇന്ത്യയി ഇവ യഥേഷ്ടം ലഭ്യമാണ്. സാധാരണ പ്ലാസ്റ്റിക് നിർമാണത്തിന് ഉപയോഗിക്കുന്ന മെഷിനറികൾ തന്നെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമാണത്തിനും ഉപയോഗിക്കാം.

## ത്രീഡി പ്രിന്റിങ്

ത്രീഡി പ്രിന്റിങ് അഥവാ അഡിറ്റീവ് മാനുഫാക്ചറിംഗ് എന്നത് പ്ലാസ്റ്റിക് അനുബന്ധ വ്യവസായത്തിന്റെ മറ്റൊരു ചുവടു വയ്പാണ്. അഡിറ്റീവ് മാനുഫാക്ചറിംഗ് എന്നത് പാളികൾ ഓരോന്നായി അടുക്കിവെച്ചുകൊണ്ട് നിശ്ചിത ഡിസൈനിൽ ഉള്ള ഒരു വസ്തുവിനെ അതിന്റെ യഥാർത്ഥ നിറത്തിലും വലിപ്പത്തിലും നിർമിച്ചെടുക്കുകയെന്നതാണ്. വലിയ അളവിൽ ആവശ്യമില്ലാത്തതും എന്നാൽ വളരെയധികം ഉപയോഗപ്രദവുമായ വസ്തുക്കൾ ത്രീഡി പ്രിന്റിങ് വഴി നിർമിച്ചെടുക്കാം. വില കൂടിയ മെഷീനുകളും അച്ചുകളും വാങ്ങി വാണിജ്യസാധ്യത പരീക്ഷിക്കുന്നതിനു മുമ്പ് ഇത്തരം ഉൽപന്നങ്ങളുടെ മാതൃകയുണ്ടാക്കി അവയുടെ സ്വീകാര്യതയും അല്ലെങ്കിൽ കൂടുതൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോയെന്ന് മനസ്സിലാക്കുന്നതിനും ഈ സാങ്കേതികവിദ്യ ഉപയോഗിക്കാം. കസ്റ്റമയിസ്ഡ് ഉൽപന്നങ്ങളുടെ നിർമാണത്തിനും ഈ ടെക്നോളജി ഉപയോഗിച്ചു വരുന്നു. ഡെസ്ക് ടോപ്പ് മുതൽ ഇൻഡസ്ട്രിയൽ ടൈപ്പ് വരെയുള്ള ത്രീഡി പ്രിന്റിങ് മെഷീനുകൾ ഇന്ന് വിപണയിലുണ്ട്. പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിശീലനങ്ങൾക്കും മറ്റും ഇത് ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും വ്യവസായിക അടിസ്ഥാനത്തിൽ വളരെ കുറവാണ്.



പെറ്റ് ഫൈബർ ക്ലോത്തിംഗ്

## തടി– പ്ലാസ്റ്റിക് മിശ്രിതം

വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റ് ടെക്നോളജി പ്ലാസ്റ്റിക് വ്യവസായത്തിലെ മറ്റൊരു സുപ്രധാന മുതൽക്കൂട്ടാണ്. തടിയോ അല്ലെങ്കിൽ അതിനു സമാനമായ ചിരട്ട, ചകിരി, സോ ഡസ്റ്റ് മുതലായവയും പ്ലാസ്റ്റിക്കും ചേർന്നുള്ള മിശ്രിതമാണ് വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റ്. മരത്തെ അപേക്ഷിച്ച് കൂടുതൽ ആകർഷണങ്ങൾ വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റിനുണ്ട്. ആയുർദൈർഘ്യം, ലളിതമായ മെഷീൻ വർക്കുകൾ, വെയിലിലും മഴയിലും കേടു വരാതെയിരിക്കുക, മിനുസമായ പ്രതലങ്ങൾ, വ്യത്യസ്ത നിറങ്ങൾ, ഭാരക്കുറവ് എന്നിവയോടൊപ്പം മരത്തിന്റെ ഭംഗിയും നൽകുന്നു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, മരത്തടികൾ, ചിരട്ട, ചകിരി എന്നിവയും വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റിന്റെ നിർമാണത്തിന് ഉപയോഗിക്കാം. ഉപയോഗശേഷം ഇവ പൂർണമായും റീ സൈക്കിൾ ചെയ്ത് മറ്റൊരു ഉൽപന്നവുമാക്കാം. വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ചും ചൈന, യു. എസ്. എ എന്നിവിടങ്ങളിൽ വളരെ പ്രചാരത്തിലുള്ള ഈ ടെക്നോളജിക്ക് ഇന്നും ഇന്ത്യയിലും കേരളത്തിലും വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. വടക്കേ ഇന്ത്യയിൽ വിരലിൽ എണ്ണാവുന്ന വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കേരളത്തിൽ വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റ് വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

## സാങ്കേതികവിദ്യ പായ്ക്കിങിലും

ഒന്നിൽ കൂടുതൽ പാളികളുള്ള ഉൽപന്ന നിർമാണമാണ് ശ്രദ്ധ കൊടുക്കേണ്ട മറ്റൊരു ടെക്നോളജി. ഇവ പ്രധാനമായും ഉപയോഗിക്കുന്നത് ഫുഡ് പാക്കേജിംഗിലാണ്. ഭക്ഷ്യവസ്തുക്കൾ കൂടുതൽ കാലം കേടുകൂടാതെ ഇരിക്കുന്നതിനു പുറത്തുനിന്നു വായു കടക്കാൻ പാടില്ല. ശക്തമായ സീലിംഗോടു കൂടിയ ഭക്ഷ്യവസ്തുക്കൾ കൂടുതൽ കാലം കേടു കൂടാതെ ഇരിക്കും. അതിനുവേണ്ടി ഒരു പാളി മാത്രമുള്ള പാക്കേജിനു പകരമായി വ്യത്യസ്ത മെറ്റീരിയലുകൾ ഉൾക്കൊള്ളിച്ച് ഏഴ് പാളികൾ വരെയുള്ള പാക്കിങ് മെറ്റീരിയലുകൾ ഉപയോഗിക്കാറുണ്ട്. പുറമേയുള്ള പാളിയിലെ മെറ്റീരിയൽ നല്ല പ്രിന്റിങിന് അനുയോജ്യമായിരിക്കണം ഏറ്റവും അടിയിൽ ഉള്ളതും ഭക്ഷ്യ വസ്തുവുമായി തൊട്ടിരിക്കുന്ന പാളി ഫുഡ്ഗ്രേഡ് മെറ്റീരിയലും ഇടയിലുള്ള പാളി ബാരിയർ പ്രോപ്പർട്ടി കൂടുതലുള്ള മെറ്റീരിയലും ആയിരിക്കണം. ഉൽപാദനചെലവ് കുറയ്ക്കുന്നതിനുവേണ്ടി റീസൈക്കിൾ മെറ്റീരിയലും ഉപയോഗിച്ചാണ് ഓരോ പാളികളും ക്രമീകരിച്ചിരിക്കുന്നത്. മൾട്ടി ലെയർ നിർമാണ വ്യവസായങ്ങൾ കേരളത്തിൽ വളരെ കുറവാണ്.

## റീസൈക്ലിങ് സംരംഭമാക്കാം

ഉപയോഗശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകളെ എങ്ങനെ സമ്പത്താക്കി മാറ്റാം എന്നതാണ് മറ്റൊരു പ്രധാന ഘടകം. ഇതിന് ധാരാളം ടെക്നോളജികൾ നിലവിലുണ്ട്. ഇതിൽ പ്രധാനമായും മെക്കാനിക്കൽ റീസൈക്ലിംഗ് ടെക്നോളജി ആണ് വാണിജ്യാടിസ്ഥാനത്തിൽ മുന്നിട്ടു നിൽക്കുന്നത്. ഇതിനുവേണ്ടി പ്രധാനമായും ഉപയോഗിക്കുന്നത് എക്സ്ട്രൂഡർ മെഷീനാണ്. ആദ്യം പ്ലാസ്റ്റിക് മാലിന്യത്തെ തരംതിരിക്കണം. പ്ലാസ്റ്റിക്കിനെ എച്ച്. ഡി. പി. ഇ, എൽ. ഡി. പി. ഇ, പി. പി., പി. വി. സി., പി. എസ്, എ. ബി. എസ്, പി. ഇ. റ്റി, പി. സി. എന്നിങ്ങനെ തരംതിരിച്ച് അവയിലുള്ള പൊടിയും അഴുക്കും നീക്കം ചെയ്തതിനുശേഷം ഒരു ക്രഷർ മെഷീൻ ഉപയോഗിച്ച്, ഫ്ളെയിക്സ് ആക്കി മാറ്റണം. ഫ്ളെയിക്സ് എക്സ്ട്രൂഡറിലൂടെ കടത്തിവിടുമ്പോൾ പ്ലാസ്റ്റിക്കിന്റെ വള്ളികളായി പുറത്തു വരികയും ഇവ വെള്ളത്തിലൂടെ കടത്തിവിട്ട് പെല്ലറ്റൈസറിന്റെ സഹായത്തോടെ മുറിച്ച് എടുത്ത് ഗ്രാന്യൂൾസ് ആക്കി മാറ്റുകയും ചെയ്യുന്നു. എല്ലാവിധ പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെയും (ഭക്ഷ്യപദാർത്ഥങ്ങളുമായി നേരിട്ട് അടുപ്പമില്ലാത്തത്) നിർമാണത്തിന് ഇവ ഉപയോഗിക്കാം. 20 മുതൽ 100% വരെ റീസൈക്കിൾ മെറ്റീരിയൽ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ ഇന്ന് വിപണിയിൽ കുറഞ്ഞ വിലയിൽ ലഭ്യമാണ്. ഉൽപന്ന നിർമാണത്തിന് അല്ലാതെ റീസൈക്ലിങ് മാത്രവും വ്യവസായമാക്കാം. ഏകദേശം 50 മുതൽ 70 രൂപ വരെ (കിലോഗ്രാമിന്) വിലയുള്ളതാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ.

## പെറ്റ് ബോട്ടിലുകൾ മനോഹരമായ ഉല്പന്നങ്ങളാക്കാം

പെറ്റ് ബോട്ടിലുകൾ റീസൈക്കിൾ ചെയ്ത് മൂല്യാധിഷ്ഠിത ഉല്പന്നങ്ങളാക്കി മാറ്റുന്നതാണ് വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാവുന്ന മറ്റൊരു പദ്ധതി. പെറ്റ് ബോട്ടിലുകൾ റീസൈക്കിൾ ചെയ്ത് ഫൈബർ ആക്കി മാറ്റി വസ്ത്രനിർമാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വലിയ മുതൽമുടക്ക് ആവശ്യമുള്ള ഇത്തരമൊരു പദ്ധതിയും കേരളത്തിൽ നിലവിലില്ല. ഗുജറാത്ത്, ഡൽഹി, മഹാരാഷ്ട്ര, രാജസ്ഥാൻ,




അയൽ സംസ്ഥാനമായ തമിഴ്നാട് എന്നിവയാണ് ഇത്തരം വ്യവസായങ്ങളിൽ മുന്നിട്ടു നിൽക്കുന്നത്. ഇത്തരം കമ്പനികൾക്ക് വലിയ അളവിൽ വേസ്റ്റ് പെറ്റ് ബോട്ടിലുകൾ ആവശ്യമുണ്ട്. അവ വിതരണം ചെയ്യുകയാണ് ഇന്ന് കേരളത്തിന്റെ സംഭാവന. പെറ്റ് ബോട്ടിലുകൾ വിദൂര സ്ഥലത്തേയ്ക്ക് കയറ്റി അയയ്ക്കുകയെന്നത് പ്രായോഗികമല്ല. അതിനാൽ വലിപ്പം ചെറുതാക്കുക എന്നത് വളരെ പ്രധാനമാണ്.. ഇതിനു വേണ്ടി രണ്ട് ടെക്നോളജികളാണ് ഉപയോഗിച്ചു വരുന്നത്. ആദ്യം പെറ്റ് ബോട്ടിലുകളെ ഒരു ക്രഷർ ഉപയോഗിച്ച് പൊടിച്ച് ചെറിയ കഷണങ്ങൾ (ഫ്ളെയിക്സ്) ആക്കി മാറ്റുകയെന്നതും രണ്ടാമത്തേത് ബെയിലിംഗ് മെഷീൻ ഉപയോഗിച്ച് ബോട്ടിലുകളെ അമർത്തി ചെറിയ കെട്ടുകളാക്കി (ബെയ്ൽ) മാറ്റുകയെന്നതുമാണ്. ഇത്തരം ബെയ്ലുകളും ഫ്ളെയിക്സുകളും ഫൈബർ നിർമിക്കുന്ന വ്യവസായശാലകളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതാണ് അടുത്തഘട്ടം. ഏകദേശം 28 മുതൽ 35 രൂപ വരെ ഒരു കിലോയ്ക്ക് ലഭിക്കുമെന്നതാണ് ഇതിന്റെ ആകർഷകത.

## പ്ലാസ്റ്റിക് മാലിന്യം കൊണ്ട് റോഡും

പ്ലാസ്റ്റിക് വെയിസ്റ്റ് ബിറ്റുമിൻ റോഡ് എന്നത് സർക്കാർ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ്. ഏകദേശം 1700 കിലോഗ്രാം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഒരു കിലോമീറ്റർ റോഡ് നിർമാണത്തിനാവശ്യമാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകൾ ഒരു ഷ്രേഡർ ഉപയോഗിച്ച് ഫ്ളെയ്ക്സ് ആക്കി മാറ്റിയതിനുശേഷം അവ റോഡ് നിർമാണത്തിന് ഉപയോഗിക്കുന്നതാണ് പദ്ധതി. കേരളത്തിലെ പ്ലാസ്റ്റിക് മാലിന്യ ഭീകരത വളരെയധികം കുറയ്ക്കുവാൻ കഴിയുമെന്നു മാത്രമല്ല ഒരു നല്ല വരുമാനമാർഗം കൂടിയാണിത്. സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ഇത് കിലോ 15 രൂപ നിരക്കിൽ റോഡ് നിർമാണത്തിന് ശേഖരിച്ചു വരുന്നുണ്ട്.

## കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ

റബ്ബർ പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങളുടെ പുരോഗതിക്കും സംരംഭകത്വ വികസനത്തിനുമായി വ്യവസായ വാണിജ്യ വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ കോമൺ ഫെസിലിറ്റി സെന്റർ ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലും പ്രവർത്തിച്ചു വരുന്നു. വിലപിടിപ്പുള്ള റബ്ബർ പ്ലാസ്റ്റിക് പ്രോസസിംഗ് യന്ത്രങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കുക, റബ്ബർ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉണ്ടാക്കാനാവശ്യമായ മോൾഡുകൾ, ഡൈകൾ എന്നിവ നിർമിക്കുക, റബ്ബർ പ്ലാസ്റ്റിക് സംയുക്തങ്ങളുടെയും ഉല്പന്നങ്ങളുടെയും ബന്ധപ്പെട്ട രാസവസ്തുക്കളുടെയും ഗുണനിലവാര പരിശോധന നടത്തുക, റബ്ബർ/ പ്ലാസ്റ്റിക് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു പരിശീലനങ്ങൾ സംഘടിപ്പിക്കുക, പുതിയ ഉൽപന്നങ്ങൾ ഉപഭോക്താക്കളും സംരംഭകരും ആഗ്രഹിക്കുന്ന വിധത്തിൽ വികസിപ്പിച്ചെടുക്കുക, ചെറുകിട വ്യവസായങ്ങൾക്കും സംരംഭകർക്കും സാങ്കേതിക പരിജ്ഞാനം നൽകുക, ജനറൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആധുനിക യന്ത്രങ്ങളിൽ പരിശീലനം നൽകുക, റബ്ബർ/ പ്ലാസ്റ്റിക്, കെമിസ്ട്രി, എഞ്ചിനീയറിംഗ് തുടങ്ങിയ വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ പ്രോജക്ടുകൾക്കും ഗവേഷണത്തിനും സഹായിക്കുക എന്നിവയാണ് കോമൺ ഫെസിലിറ്റി സർവീസ് സെന്ററിന്റെ ലക്ഷ്യം.

## ടെക്നോളജി ബിസിനസ് ഇൻകുബേഷൻ കേന്ദ്രം

മൂല്യാധിഷ്ഠിത പ്ലാസ്റ്റിക് ഉൽപന്നങ്ങളും പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ് ചെയ്തുള്ള മൂല്യാധിഷ്ഠിത ഉൽപന്നങ്ങളും നിർമിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ കഴിഞ്ഞ ഫെബ്രുവരിയിൽ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചു. മറ്റിടങ്ങളിൽ നിന്നും വരുന്ന ഗുണനിലവാരമില്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങളെ തടയുകയും കേരളത്തിൽ തന്നെ ഗുണനിലവാരമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമിക്കുകയുമാണ് ലക്ഷ്യം. പ്ലാസ്റ്റിക് റീസൈക്ലിങ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വേണ്ടത്ര മൂലധനമില്ലാതെ വ്യവസായ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ, നൂതന ആശയങ്ങളുള്ള വലിയ സംരംഭകർ, പ്ലാസ്റ്റിക് മേഖലയിൽ സാങ്കേതിക അറിവും പരിജ്ഞാനവുമില്ലാത്ത പുതിയ സംരംഭകർ, വ്യവസായം തുടങ്ങാൻ ആത്മവിശ്വാസക്കുറവുള്ളവർ, ഉല്പന്നത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കപ്പെടുന്നവർ, പ്ലാസ്റ്റിക് വിപണന മേഖലയിൽ പരിജ്ഞാനമില്ലാത്തവർ തുടങ്ങിയവരാണ് പ്രധാന ഗുണഭോക്താക്കൾ.

ഡോ. ജോസിറ്റ് കുര്യൻ



# കോഴിക്കോടിനെ തുണച്ചത് ഫുട് വെയർ ക്ലസ്റ്റർ

2014 ലെ കണക്ക് പ്രകാരം ആഗോളതലത്തിൽ 24.3 ബില്യൺ പാദരക്ഷകൾ നിർമിക്കപ്പെട്ടു. പാദരക്ഷ നിർമാണത്തിൽ ചൈന കഴിഞ്ഞാൽ,ലോകത്തിൽ രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്. ഇന്ത്യയിൽ നിന്നും ഡ്രസ് ഷൂസ്, കാഷ്വൽസ്, സ്പോർട്സ് ഷൂസ്, ബൂട്ട്സ് സാൻഡൽസ് മുതലായവ തുകലിലും റബ്ബറിലും പ്ലാസ്റ്റിക്കിലും നിർമിച്ച് കയറ്റുമതി ചെയ്യുന്നു. ഇന്ത്യയിലെ ഉത്പാദനത്തിന്റെ 95% വും ഇവിടെത്തന്നെ വിറ്റഴിയുന്നു. ചെരിപ്പുകളുടെ ഇന്ത്യയിലെ ഉപയോഗം 1: 1 ജോഡി ആണെങ്കിൽ മിക്കവാറും ഏഷ്യൻ രാജ്യങ്ങളിൽ അത് 3- 4 ജോഡികളും യൂറോപ്യൻ രാജ്യങ്ങളിൽ അത് 7-8 ജോഡികളുമാണ്.

ചൈനയാണ് ലോകത്തിലെ ഏറ്റവും വലിയ പാദരക്ഷാ കയറ്റുമതി രാജ്യമെങ്കിലും, കഴിഞ്ഞ രണ്ട് വർഷങ്ങളായി അവരുടെ കയറ്റുമതിയിൽ കുറവ് സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇന്ത്യയെ പോലുള്ള രാജ്യങ്ങൾക്ക് ഇത് പുതിയ അവസരങ്ങൾ ഉണ്ടാക്കുന്നു. 2020 ആകുമ്പോഴേയ്ക്കും ഇന്ത്യയിലെ പാദരക്ഷയുടെ ആളോഹരി ഉപഭോഗം 1: 1 ൽ നിന്നും 3-4 ജോഡികൾ ആകുമെന്ന് കണക്കാക്കപ്പെടുന്നു. അതിനാൽ പാദരക്ഷാ വ്യവസായം ഭാവിയിൽ വലിയ കുതിച്ചുചാട്ടം നടത്തും എന്ന് ഉറപ്പിക്കാം.

## പാദരക്ഷാ വ്യവസായം ഇന്ത്യയിൽ

നാം ഇവിടെ ഏകദേശം 2.06 ബില്യൺ പാദരക്ഷകൾ ഉണ്ടാക്കുന്നു. അതിൽ റബ്ബർ, പ്ലാസ്റ്റിക് മുതലായവ കൊണ്ടുണ്ടാക്കുന്നവ ഏകദേശം ഒരു ബില്യൺ ആണ്. ഏകദേശം 50,000 കോടി രൂപ മൂല്യമുള്ള ഇന്ത്യയുടെ പാദരക്ഷാ വ്യവസായ മേഖലയിൽ ആഭ്യന്തര വിപണി ഏകദേശം 32,000 കോടി രൂപയുടേതും കയറ്റുമതി ഏകദേശം 18,000 കോടി രൂപയുടേതുമാണ്. ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നത് വില കുറഞ്ഞ ചെരിപ്പുകളായതിനാൽ കയറ്റുമതി ചെയ്യുന്ന ചെരിപ്പുകളുടെ എണ്ണം കുറവാണെങ്കിലും മൂല്യം കൂടുതലാണ്.

ഇന്ത്യയുടെ പാദരക്ഷാ വ്യവസായം ഭൂരിഭാഗവും അസംഘടിത മേഖലയിലാണ്. ഇതിൽ 15,000 ത്തോളം ചെറുകിട, ഇടത്തരം വ്യവസായങ്ങളുണ്ട്. ഇതിലെ സംഘടിത മേഖലയ്ക്കും അസംഘടിത മേഖലയും വിപണി മൂല്യത്തിൽ ഏകദേശം തുല്യ പങ്കുണ്ട്. കേന്ദ്രസർക്കാരിന്റെ മേക്ക് ഇൻ ഇന്ത്യ പ്രോഗ്രാമിൽ ലതർ സെക്ടറിൽ ഉൾപെടുത്തപ്പെട്ട പാദരക്ഷാ വ്യവസായത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. വലിയ തൊഴിൽ സാധ്യതയുള്ള ഈ മേഖലയിൽ, വിദേശ പങ്കാളിത്തത്തോടെയോ, വിദേശത്തു നിന്നും നേരിട്ടോ മൂലധനം മുടക്കി സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി സർക്കാർ നിയമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

## നോൺ ലതർ പാദരക്ഷകൾ

ചെരിപ്പുകളുടെ കയറ്റുമതി നോക്കുമ്പോൾ, കഴിഞ്ഞ ഒരു ദശകത്തിൽ ലതർ ചെരിപ്പുകളുടെ കയറ്റുമതിയിൽ ലോകത്തുടനീളം കുറവുണ്ടായതായി കാണാം. 2005 മുതൽ 2015 വരെയുള്ള കണക്കുകൾ കാണിക്കുന്നത് ചെരുപ്പുകളുടെ മൂല്യത്തിൽ 19% വും അളവിൽ 15% വും കുറവുണ്ടായതായാണ്. ഇതിന്റെ പ്രധാന

കാരണം ലതർ ചെരിപ്പുകളുടെ വിലവർദ്ധനയാണ്. എന്നാൽ ഈ കുറവ് പരിഹരിച്ച് റബ്ബർ, പ്ലാസ്റ്റിക് തുണി എന്നിവ കൊണ്ടുള്ള ചെരുപ്പുകൾ രംഗപ്രവേശനം ചെയ്യുകയും അവയുടെ കയറ്റുമതിമൂല്യം 22% വർദ്ധിക്കുകയും (അളവിൽ 15% വർദ്ധന) ചെയ്തു. ഇന്ത്യൻ ലതർ പാദരക്ഷകളുടെ കയറ്റുമതിയിൽ 2013 മുതൽ 2015 വരെ 9% കുറവ് രേഖപ്പെടുത്തി. താഴെ കാണിക്കുന്ന ടേബിളിൽ, നോൺ ലതർ ഫുട്വെയർ വ്യവസായത്തിന്റെ വളർച്ച പ്രകടമാണ്.
ലതർ/നോൺ ലതർ ചെരിപ്പുകളുടെ കയറ്റുമതി (2002-2012)

| **രാജ്യം** | **നോൺ ലതർ** | **ലതർ** |
|---|---|---|
| സൗത്ത് അമേരിക്ക | 20-75% | 68-16% |
| യൂറോപ്പ് | 15-30% | 60-40% |
| നോർത്ത് അമേരിക്ക | 18-48% | 21-25% |
| ആഫ്രിക്ക | 21-31% | 48-45% |
| ഏഷ്യ | 50-58% | 27-12% |

ഇന്ത്യയിലെ അസംഘടിത ചെരിപ്പു നിർമാണ മേഖല പ്രധാനമായും കയ്യടക്കി വെച്ചിരിക്കുന്നത് വില കുറഞ്ഞ റബ്ബർ/പ്ലാസ്റ്റിക് ചെരിപ്പുകളുടെ നിർമാണമാണ്. ചെരിപ്പുകളുടെ വിലയ്ക്ക് പ്രാധാന്യം കല്പിക്കുന്ന ഇന്ത്യൻ ഉപഭോക്താവിന് പ്രയോജനം ലഭിക്കുന്നത് ഈ നോൺ ലതർ ചെരിപ്പുകളിലൂടെയാണ്.

## ഇടം അടയാളപ്പെടുത്തി കേരളം

1970 കളിൽ തന്നെ, റബ്ബർ പാദരക്ഷാ വ്യവസായത്തിൽ കേരളം പ്രശസ്തമായിരുന്നു. ധാരാളമായി ഉത്പാദിപ്പിച്ചിരുന്ന പ്രകൃതിദത്ത റബ്ബർ, കേരളത്തിന്റെ തെക്കുഭാഗത്ത് കിട്ടിയിരുന്ന ചൈനാക്ലേ, കുറഞ്ഞ ചെലവിൽ സുലഭമായിരുന്ന വൈദ്യുതി, സാങ്കേതികസഹായം നൽകിയിരുന്ന റബ്ബർ ബോർഡ്, നാട്ടിൽ തന്നെ ലഭ്യമായിരുന്ന മെഷീനറികൾ, സർക്കാർ ഊന്നൽ നൽകിയ മിനി വ്യവസായ എസ്റ്റേറ്റുകൾ, പുതിയ സംരംഭകർ എന്നീ അനുകൂല ഘടകങ്ങൾ ഈ വ്യവസായ വളർച്ചയ്ക്ക് കാരണമായിരുന്നു. മാത്രമല്ല, വൃത്തിക്കും വെടിപ്പിനും പ്രാധാന്യം നൽകിയിരുന്ന കേരള സമൂഹത്തിൽ തന്നെ ഈ റബ്ബർ പാദരക്ഷകൾ വിൽക്കാൻ സാധിച്ചിരുന്നു. ഏകദേശം 300 ഓളം യൂണിറ്റുകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. എന്നാൽ പ്രകൃതിദത്ത റബ്ബറിന്റെയും, വൈദ്യുതിയുടെ വില കൂടുതലും ലഭ്യതയിലുള്ള ഏറ്റക്കുറിച്ചിലുകളും പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധനയുമെല്ലാം ഈ വ്യവസായത്തെ പുറകോട്ടു വലിച്ചു. മാത്രമല്ല, റബ്ബർ പാദരക്ഷകൾക്കു പകരമായി വില കുറഞ്ഞ, തുകൽ ചെരിപ്പുകളോടു കിടപിടിക്കുന്ന പ്ലാസ്റ്റിക് ചെരിപ്പുകൾ വന്നതും റബ്ബർ പാദരക്ഷകളുടെ വിപണിയെ കാര്യമായി ബാധിച്ചു.



## പ്ലാസ്റ്റിക്കിലേയ്ക്ക് ചുവടുമാറ്റം

കേരളത്തിൽ റബ്ബർ പാദരക്ഷാ വ്യവസായത്തിൽ മുമ്പന്തിയിലുണ്ടായിരുന്ന സ്ഥലങ്ങളായിരുന്നു കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവ. റബ്ബർ പാദരക്ഷാ വ്യവസായത്തിന്റെ തകർച്ച മൂലം 75% ത്തോളം യൂണിറ്റുകൾ പ്രവർത്തനം നിർത്തുകയും, ചില യൂണിറ്റുകൾ പ്രത്യേകിച്ചും കോഴിക്കോട്ടും എറണാകുളത്തുമുള്ളവ- പ്ലാസ്റ്റിക് പാദരക്ഷാ വ്യവസായത്തിലേയ്ക്കു മാറുകയും ചെയ്തു. ഓട്ടോമാറ്റിക് മെഷീനുകൾ ഉപയോഗിച്ചുള്ള പ്ലാസ്റ്റിക് പാദരക്ഷാ വ്യവസായം, ഉല്പാദനച്ചെലവ് കുറച്ചുവെ



ങ്കിലും അസംസ്കൃത വസ്തുക്കളുടെ വില കൂടുതലും, ലഭ്യതക്കുറവും കാരണം കേരളത്തിനു പുറത്തു നിന്നും വരുന്ന പാദരക്ഷകളോട് മത്സരിക്കാൻ പ്രയാസം നേരിട്ടു. 1980–85 കാലഘട്ടത്തിൽ പ്ലാസ്റ്റിക് പാദരക്ഷാ വ്യവസായത്തിൽ–പ്രത്യേകിച്ച് പി. വി. സി. പാദരക്ഷകളുടെ നിർമാണത്തിൽ, എറണാകുളവും കോഴിക്കോടും മുമ്പന്തിയിൽ ഉണ്ടായിരുന്നു. സാങ്കേതികമായി മെച്ചപ്പെടുത്തിയ, ഭാരക്കുറവുള്ള ഇ. വി. എ (എതിലിൻ, വിനയിൽ, അസറ്റേറ്റ്) പാദരക്ഷകൾക്ക് പി. വി. സി. പാദരക്ഷകൾ വഴിമാറി. 2000 മുതൽ 2005 വരെ ഇ. വി. എ. പാദരക്ഷകൾ വിപണിയിൽ മുമ്പന്തിയിലുണ്ടായിരുന്നെങ്കിലും, 2005–ൽ പി.യു (പോളി യൂറിതേൻ) പാദരക്ഷകളുടെ വരവോടെ, കേരളത്തിൽ പ്രത്യേകിച്ച് കോഴിക്കോടിന്റെ പാദരക്ഷാ വ്യവസായത്തിന്റെ മുഖഛായ തന്നെ മാറി.

## കോഴിക്കോടിന് ക്ലസ്റ്റർ തുണയായി

തുറമുഖ നഗരം, സത്യത്തിന്റെ നഗരം എന്നീ പേരുകളിലെല്ലാം അറിയപ്പെട്ട കോഴിക്കോട് ഒരു പുരാതന വാണിജ്യ നഗരമായിരുന്നു. സാമൂതിരി രാജാക്കന്മാരുടെ കാലം മുതൽ, സുഗന്ധ വ്യഞ്ജനങ്ങളുടെ കച്ചവടത്തിനായി, കപ്പലുകൾ വഴി പോർട്ടുഗീസുകാരും, ഡച്ചുകാരും, സ്പെയിൻകാരും, ബ്രിട്ടീഷുകാരുമെല്ലാം ഇവിടെയെത്തി. ഈയൊരു സംസ്കാരം പാദരക്ഷാ വ്യവസായത്തിന്,ഇന്നത്തെ രീതിയിൽ മുന്നോട്ടു പോകാൻ സഹായകമായി.

കോഴിക്കോട് 2005- ൽ നടന്ന പോളിയുറീത്തേൻ ഫുട് വെയർ എക്സ്പോ, 2008 മുതൽ നടന്ന ഇന്റർനാഷണൽ ഫുട് വെയർ എക്സ്പോകൾ എല്ലാം ഈ ഭാഗത്തുള്ള സംരംഭകർക്ക് പുതിയ അസംസ്കൃത വസ്തുക്കളെയും, മെഷീനറികളെയും, പാദരക്ഷാ വ്യവസായത്തിനാവശ്യമായ ഘടകങ്ങളെയും പരിചയപ്പെടുത്തി ആത്മവിശ്വാസം വർദ്ധിപ്പിച്ചു.

വ്യവസായ നഗരങ്ങളായ മുംബൈ, ഡൽഹി, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിലുള്ള പാദരക്ഷാ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ, മെഷിനറികൾ, മോൾഡുകൾ എന്നിവ വളരെ ലാഭകരമായി കിട്ടിയിരുന്നു. കാരണം അവിടെ മിനിമം എക്കണോമിക് സൈസിലുള്ള പാദരക്ഷാ വ്യവസായങ്ങൾ ധാരാളം ഉണ്ടായിരുന്നു. കോഴിക്കോടുള്ള പാദരക്ഷാ വ്യവസായങ്ങൾക്ക് ആദ്യകാലങ്ങളിൽ അവയോടു മത്സരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ക്ലസ്റ്റർ ആശയത്തിൽ സംഘടിതരായി നിന്ന കോഴിക്കോടിന്റെ സംരംഭകർക്ക്, അസംസ്കൃത വസ്തുക്കളും, മെഷീനറികളും, മോൾഡുകളും ഡൽഹിയിലും മുംബൈയിലുമുള്ള വ്യവസായികൾക്കു കിട്ടുന്ന വിലയിലോ, അതിലും താഴ്ന്ന വിലയിലോ, കൊറിയ, തൈവാൻ, ചൈന എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനു സാധിക്കുകയും ഉത്പന്നങ്ങൾ മത്സരാധിഷ്ഠിത വിലയ്ക്ക് ഇന്ത്യയിലും വിദേശത്തും വിപണനം നടത്താൻ സാധിക്കുകയും ചെയ്തു. ഉൽപന്നങ്ങൾക്ക് ഗുണനിലവാരവും ആകർഷകത്വവും ഉറപ്പുവരുത്തി ബ്രാന്റു ചെയ്യുന്നതിൽ വിജയിക്കുകയും ചെയ്തു.

കേന്ദ്രസർക്കാരിന്റെ പുതിയ ജി. എസ്. ടി. നയങ്ങൾ, ആയിരം രൂപയിൽ താഴെയുള്ള ചെരിപ്പുകൾക്ക് നൽകിയിരുന്ന പല ആനുകൂല്യങ്ങളും ഇല്ലാതാക്കുന്നവയാണ്. ജി. എസ്. ടി. നടപ്പിലാക്കുമ്പോൾ, ഈ മേഖലയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനുള്ള തന്ത്രങ്ങൾ, കോഴിക്കോട്ടുള്ള സംരംഭകർ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പാദരക്ഷാ വ്യവസായത്തിന്റെ വളർച്ചയ്ക്കു വേണ്ടി, ധാരാളം പുതിയ ആവശ്യങ്ങളും നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയ്ക്കായി കോഴിക്കോടൻ വ്യവസായികൾ സമർപിച്ചിട്ടുണ്ട്. അവയിൽ പ്രധാനമാണ് ഫുട്വെയർ പാർക്ക്, എഫ്. ഡി. ഡി. ഐ. യുടെ ഇൻസ്റ്റിറ്റ്യൂട്ട്, കൺവെൻഷൻ സെന്റർ എന്നിവ. ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകിയാൽ കോഴിക്കോട് ഇന്ത്യൻ പാദരക്ഷാ വ്യവസായത്തിന്റെ കേന്ദ്രം ആകുന്ന കാലം വിദൂരമല്ല.

ബൈജു നെടുങ്കേരി
സി.ഇ.ഒ., അഗ്രോപാർക്ക്, പിറവം

# ലോകം കീഴടക്കി
# കേരള ബ്രാൻഡ്

ജനാധിപത്യ ഭരണക്രമം 60 വർഷങ്ങൾ പിന്നിടുമ്പോൾ ഭക്ഷണ സംസ്കാരത്തിലും കേരളം വിപ്ലവകരമായ മാറ്റങ്ങളുടെ പാതയിലാണ്. പാരമ്പര്യ ഭക്ഷണ രീതികൾ നിലനിന്നിരുന്ന നമ്മുടെ നാട്ടിൽ പായ്ക്ക് ചെയ്ത ഭക്ഷണവും തിന്നാൻ തയ്യാർ വിഭവങ്ങളും അരങ്ങ് വാഴുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദേശ ഭക്ഷണശാലകൾക്കെല്ലാം നമ്മുടെ ഗ്രാമങ്ങളിൽ പോലും വില്പനകേന്ദ്രങ്ങളുണ്ട്. ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് കേരളത്തിലെ ഭക്ഷണ രീതികളിലേയ്ക്ക് അതിവേഗം സന്നിവേശിച്ച മാറ്റത്തിന്റെ തീവ്രത മനസ്സിലാകുന്നത്.

## മാറുന്ന ഭക്ഷണ ശീലങ്ങൾ

നെല്ലും തേങ്ങയും കപ്പയും ചേനയും കാച്ചിലും ചക്കയും സ്ഥാനം പിടിച്ചിരുന്ന നമ്മുടെ തീൻമേശകളും, പക്കാവടയും കുഴലപ്പവും ഏത്തയ്ക്ക ചിപ്സും, ശർക്കര വരട്ടിയും നിറഞ്ഞിരിക്കുന്ന നമ്മുടെ ബേക്കറി ഷെൽഫുകളും ഇന്ന് ഗൃഹാതുരത്വമുണർത്തുന്ന ഓർമകളാണ്. തിരക്കുകളിൽ നമ്മുടെ അടുക്കള പലപ്പോഴും ഭംഗിയായി ഒരുക്കി വയ്ക്കേണ്ട ഒരിടമായി മാറി. ഭക്ഷണം നമുക്ക് പുറമെ നിന്ന് ഫോൺ വിളിച്ചാൽ എത്തുന്ന സാധനമായി മാറി. കോളിംഗ് ബെൽ കേട്ട് വാതിൽ തുറക്കുമ്പോൾ യൂണിഫോം ധരിച്ച് കയ്യിൽ കവറുമായി നിൽക്കുന്ന അന്യസംസ്ഥാന തൊഴിലാളിയുടെ മുഖത്തെ നിർവികാരത ഭക്ഷണത്തിലേയ്ക്കും സംക്രമിച്ചിരിക്കുന്നു. കൈപ്പുണ്യം ചേർത്ത ഭക്ഷണം അന്യമായിരിക്കുന്നു. വീട്ടിലെ തീൻമേശകളിൽ നിന്ന് അംഗങ്ങൾ ഒഴിഞ്ഞ് പോയിരിക്കുന്നു. അവരവർക്കുള്ള പൊതികളുമായി സ്വന്തം മുറിക്കുള്ളിൽ നാം സ്വസ്തരാകുന്നു. ഈ മാറ്റം വർഷങ്ങളിലൂടെ സംഭവിച്ചതാണ്. ഈ മാറ്റത്തി




കൊച്ചിയിൽ നടന്ന അഗ്രോ ഫുഡ് പ്രോ



നൊപ്പം നിരവധി സംരംഭക സാധ്യതകളും ഉടലെടുക്കുന്നുണ്ടെന്നതാണ് വസ്തുത.

## മാറുന്ന കാലത്തെ സംരംഭ സാധ്യതകൾ

നമ്മുടെ കാർഷിക വിളകൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണിയിലെത്തിച്ചാൽ വിജയ സംരംഭങ്ങളുടെ മാതൃകകൾ സൃഷ്ടിക്കാം. പായ്ക്ക് ചെയ്ത ഭക്ഷണ വിഭവങ്ങൾക്കും തിന്നാൻ തയ്യാർ വിഭവങ്ങൾക്കും വലിയ സാധ്യതയാണ് നിലവിലുള്ളത്. കുറഞ്ഞ മുതൽ മുടക്കിൽ കുടുംബ സംരംഭങ്ങളായും ഇവ ആരംഭിക്കാം. ചുറ്റുവട്ടങ്ങളിൽ വിറ്റഴിച്ചാൽ പോലും ഈ ഉല്പന്നങ്ങൾക്ക് വിജയ സാധ്യതയുണ്ട്. കോക്കനട്ട് ചിപ്സ് നിർമാണം, എണ്ണയിൽ വറുത്തതും ആവിയിൽ വേവിച്ചതുമായ പലഹാരങ്ങൾ, ബേക്കിംഗ് യൂണിറ്റുകൾ, ഇഡ്ഡലി, ദോശമാവ്, ഹോം മെയ്ഡ് ചോക്ലേറ്റ്, കറിപ്പൊടികൾ, പ്രകൃതിദത്ത പഴച്ചാറുകൾ ഉപയോഗിച്ചുള്ള ശീതള പാനീയങ്ങളുടെ നിർമാണം, ഉണക്കിയ പഴങ്ങൾ തുടങ്ങിയവ ചില സംരംഭക സാധ്യതകളാണ്. എന്നാൽ ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന കാര്യങ്ങൾ ഇനിയും ഒരുക്കപ്പെടേണ്ടതുണ്ട്.

## കേരള ബ്രാന്റ് വരണം

ഇന്ന് ഭക്ഷ്യ സംസ്കരണ വ്യവസായം വലിയ മുന്നേറ്റത്തിന്റെ പാതയിലാണ്. നിരവധിപേർ സംരംഭകത്വ രംഗത്തേയ്ക്ക് കടന്നുവരാൻ താൽപര്യപ്പെടുന്ന സാഹചര്യം നാട്ടിൽ നിലവിലുണ്ട്. പ്രധാന ആകർഷണം കേരളം ഭക്ഷ്യ ഉല്പന്നങ്ങൾക്ക് നല്ലൊരു വിപണിയാണ് എന്നതുതന്നെ. ചെറുകിട- ഇടത്തരം സംരംഭകർക്ക് ഈ രംഗത്ത് അവസരങ്ങളുടെ നിരവധി വാതായനങ്ങൾ തുറന്നുകിടപ്പുണ്ട്. അതുകൊണ്ടു തന്നെ ഭക്ഷ്യസംസ്കരണ രംഗത്ത് വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ശുദ്ധ ജലം, ശുദ്ധവായു, വൃത്തിക്കും ശുദ്ധിക്കും പ്രാധാന്യം കൽപിക്കുന്ന തൊഴിലാളികളുടെ ലഭ്യത തുടങ്ങിയ ഘടകങ്ങൾ ഈ സാധ്യത വർദ്ധിപ്പിക്കുന്നു. പരിശീലനം കൂടിയുണ്ടെങ്കിൽ ഈ രംഗത്ത് ഒരു കേരള ബ്രാന്റ് തന്നെ നമുക്ക് സൃഷ്ടിക്കാൻ കഴിയും. ഇപ്പോൾ തന്നെ കേരളത്തിൽ നിന്നുള്ള ഭക്ഷണങ്ങൾക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഗൾഫ് നാടുകളിലും വലിയ വിപണിയുണ്ട്.

## ഗുണനിലവാരം ഉറപ്പാക്കണം

ചെറുകിട ഇടത്തരം ഉല്പാദകരെയും കുടുംബശ്രീ പോലുള്ള സ്വാശ്രയ സംഘങ്ങളുടെയും സൊസൈറ്റികളുടെയും ഭക്ഷ്യ ഉല്പാദനകേന്ദ്രങ്ങളെയും കോർത്തിണക്കി വിപണി സാധ്യതയുള്ള ഭക്ഷ്യ ഉല്പന്നങ്ങൾ നിർമിക്കേണ്ടതുണ്ട്. കൃത്യമായ ഗുണപരിശോധനകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പായ്ക്കിംഗ് മെറ്റീരിയലുകൾ ഉപയോഗിച്ച് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെടുന്ന ബാർകോഡ്/ ക്യു. ആർ കോഡ് ഉപയോഗിച്ച് നല്ല നിലവാരത്തിൽ തയ്യാറാക്കിയാൽ ഈ ലക്ഷ്യം കൈവരിക്കാം. നമ്മൾ പലപ്പോഴും നല്ല ഗുണമേന്മയുള്ള ഉല്പന്നങ്ങളാകും നിർമിക്കുന്നത്. അത് യഥാർത്ഥ ആവശ്യക്കാരന്റെ അടുത്ത് എത്തിക്കാൻ കഴിയുമ്പോഴാണ് ഡിമാന്റുണ്ടാകുന്നത്. സംരംഭം തിരഞ്ഞെടുക്കുമ്പോൾ നിർമിക്കാനുദ്ദേശിക്കുന്ന ഉല്പന്നത്തിന്റെ ഗുണമേന്മയോടൊപ്പം ആർക്കാണ് വിൽക്കാൻ ഉദ്ദേശിക്കുന്നതെന്നും ആരാണ് ആവശ്യക്കാരൻ എന്നും തിരിച്ചറിയണം.

## സർക്കാർ ഇടപെലുണ്ടാവണം

വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ആവശ്യക്കാർ ഏറെയുള്ള ഭക്ഷ്യ ഉല്പന്നങ്ങളെ തിരഞ്ഞ് കണ്ടുപിടിക്കുന്നത് പലപ്പോഴും ചെറുകിട സംരംഭകർക്ക് അപ്രാപ്യമായ കാര്യമാണ്. ഇവിടെ ഗവൺമെന്റ് സംവിധാനങ്ങൾക്ക് ഇത്തരം ജോലികൾ ഏറ്റെടുക്കാനാവും. ടൂറിസത്തിലും വിവര സാങ്കേതികവിദ്യാ വ്യവസായത്തിലും നമ്മൾ ഇത്തരം മോഡലുകൾ ചെയ്ത് വിജയം വരിച്ചവരാണ്. കേരള ഭക്ഷണം ഒരു ബ്രാന്റായി ഉയർത്തപ്പെടണം.

## സാങ്കേതിക വിദ്യകൾ സംരംഭകരിലെത്തണം

നിരവധി സംരംഭകർ ഇന്ന് ഭക്ഷ്യസംരംഭ രംഗത്തേയ്ക്ക് കടന്നു വരുന്നുണ്ട്. ഇത്തരം സംരംഭകരുടെ വളർച്ചയ്ക്ക് ആവശ്യമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. ഗവേഷണ വികസന സ്ഥാപനങ്ങൾ കൂടുതൽ സംരംഭക സൗഹൃദമാവണം. വിപണി സാധ്യതയുള്ളതും അന്താരാഷ്ട്ര നിലവാരത്തിലുള്ളതും വാണിജ്യ സാധ്യതയുള്ളതുമായ ഭക്ഷ്യ സംസ്കരണ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകയും അവ സംരംഭകർക്ക് സമയബന്ധിതമായി കൈമാറുകയും വേണം.

ലൈസൻസിംഗ് രാജ് അവസാനിപ്പിച്ച് ചെറുകിട ഇടത്തരം രംഗത്തെ നവസംരംഭകർക്ക് മൂന്ന് വർഷത്തേയ്ക്ക് ഏകജാലക സംവിധാനത്തിലൂടെ പ്രവർത്തനാനുമതി നൽകണം. ഇതിനായി ജില്ലാ വ്യവസായകേന്ദ്രത്തെ നോഡൽ ഏജൻസിയാക്കണം.

ചെറുകിട സംരംഭകർക്ക് പലപ്പോഴും നിലവാരമുള്ള സംസ്കാര രീതികളിലോ പ്രിസർവേറ്റീവുകളുടെ ഉപയോഗം, ശരിയായ പായ്ക്കിംഗ് മെറ്റീരിയൽ പായ്ക്കിംഗ് രീതികൾ എന്നിവയിൽ അവഗാഹം ഉണ്ടാവില്ല. നമ്മുടെ ഗവേഷണ വികസന സ്ഥാപനങ്ങളിൽ ഈ രംഗത്തുള്ള വിദഗ്ദരുടെ സേവനം ചെറുകിട സംരംഭകർക്കു കൂടി പ്രയോജനപ്പെടുത്താൻ സാധിച്ചാൽ ചെറുകിട ഉല്പന്ന നിർമാണത്തിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സാധിക്കും.

സംസ്ഥാന ഗവൺമെന്റ് ഡിസംബറിൽ സംഘടിപ്പിച്ച വൈഗ എക്സിബിഷൻ ഈ രംഗത്തെ ഒരു നല്ല ചുവടുവയ്പാണ്. ഇത്തരം പ്രദർശനങ്ങളും വിപണന മേളകളും സംരംഭക വികസനത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ രണ്ടാം പുന:സംഘടന, നിയന്ത്രണങ്ങൾ ഒഴിവാക്കിയുള്ള പൂർണമായ യന്ത്രവത്കരണം, ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം തുടങ്ങിയ നടപടികളിലൂടെ കയർമേഖല കുതിച്ചു ചാട്ടത്തിന് സജ്ജമാണ്.

കൃഷി, മണ്ണ്, ജലസംരക്ഷണം, റോഡ് നിർമാണം എന്നീ ഹരിതകേരളം പദ്ധതിയുടെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുവാനുള്ള തീരുമാനവും വലിയ ഉത്തേജനം പകരും.

പുനസംഘന ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമമായ സംഘങ്ങളോട് കൂട്ടിച്ചേർക്കുകയാണ്. ഇതുവഴി കുറഞ്ഞത് 50 പേർക്ക് എങ്കിലും തൊഴിൽ നൽകാൻ കഴിയുന്ന സ്ഥാപനങ്ങളായി ഇവ മാറും. കൂടാതെ സംഘങ്ങളുടെ ആസ്തി സംരക്ഷിക്കാനുമാകും.

## കയർ കുറഞ്ഞ കൂലി ഉറപ്പാക്കി സംഭരിക്കും

യന്ത്രവത്കരണം എല്ലാനിയന്ത്രണങ്ങളും എടുത്തുമാറ്റി നടപ്പാക്കുകയാണ് മറ്റൊരു നടപടി. എന്നാൽ സാമൂഹ്യമായ യാതൊരു ഭിന്നതയും ഉണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്. അതിനാൽ പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് മാത്രമേ യന്ത്രവത്കരണം നടപ്പാക്കൂ. അതിനായി കയർസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ  മിനിമം കൂലി ഉറപ്പായി സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ മുഴുവനും കയർ കോർപ്പറേഷൻ വഴി സംഭരിക്കും. ഡിസ്കൗണ്ട് നൽകി ഇവ വിറ്റഴിക്കും. ഈ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ ക്രിയവില  സ്ഥിരതായ പദ്ധതിക്ക് അനുവദിച്ചിരുന്ന 17 കോടി രൂപ 77 കോടി രൂപയായി ഉയർത്തി. ഒരു ലക്ഷം ക്വിന്റൽ കയർ കയർഫെഡ്വഴിയും  100 ക്വിന്റലിനടുത്ത് ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും സംഭരിച്ചുകഴിഞ്ഞു. ഇവ വിറ്റഴിക്കുന്നതിനായി ഓണക്കാലത്ത് 100 താൽക്കാലിക സ്റ്റാളുകൾ ആരംഭിക്കും.

## ചകിരിയുണ്ടാക്കാൻ 100 ഡി. എഫ്. മില്ലുകൾ

2017-18 വർഷം കയർ ഫെഡ് വഴി രണ്ട് ലക്ഷം ക്വിന്റൽ കയറും കയർകോർപ്പറേഷൻ വഴി 200 ക്വിന്റൽ ഉല്പന്നങ്ങളും സംഭരിക്കുകയാണ് ലക്ഷ്യം. ചകിരി

തോമസ് ജോൺ
ഡെപ്യൂട്ടി രജിസ്ട്രാർ, കയർ ഡയറക്ടറേറ്റ്



# കയർ സംഘങ്ങളുടെ പുനഃസംഘടനയിലൂടെ തൊഴിലവസരങ്ങൾ

ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 100 DF മില്ലുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലയിൽ നെൻമാറ മണ്ഡലത്തിൽ 60,000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന DF മില്ല് സ്ഥാപിക്കുന്ന നടപടി പുരോഗമിക്കുന്നു.

DF മെഷീനുകൾ 75% സബ്സിഡിയിൽ കുടുംബശ്രീ സംരംഭങ്ങൾക്ക് നൽകി ചകിരി ഉല്പാദനം നടത്തുന്നതിന് "സൈബായ്യ്" വ്യവസ്ഥയിൽ കയർഫെഡ് ചകിരി സംഭരിക്കുന്നതിനുമുള്ള പദ്ധതി കുടുംബശ്രീയുമായി ചർച്ച നടത്തി പൂർത്തിയായിവരുന്നു. 10 HP DF മെഷീൻ ആണ് നിലവിൽ കയർമെഷനറി ഫാക്ടറി നിർമ്മിക്കുന്നത്. അത് കൂടുതൽ ഉല്പാദനശേഷിയുള്ള 15 HP ആയി വർദ്ധിച്ചിട്ടുണ്ട്. DF മെഷീനുകൾ നിർമ്മിക്കുന്നതിനായി ഫാക്ടറിക്ക് ആകെ 10 കോടി അനുവദിച്ചു. സംഘങ്ങൾക്ക് നൽകിയ മെഷനറികളുടെ വാർഷിക മെയിന്റൻസിനായി 56 ലക്ഷം രൂപ ഫാക്ടറിക്ക് നൽകി കഴിഞ്ഞു. സ്വകാര്യ സംരംഭകർക്കും 50% സബ്സിഡിയിൽ DF മെഷീൻ നൽകും. മൂന്ന് വർഷത്തിനകം ചകിരി ഉല്പാദനത്തിൽ ഗണ്യമായ നേട്ടംകൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കയർവകുപ്പിന്റെ ഏറ്റവും പ്രധാനപദ്ധതികളിൽ ഒന്ന് കയർ ജിയോടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുകയാണ്.



## കയർ ഭൂവസ്ത്രം പ്രകൃതിയുടെ വരദാനം

സർക്കാരിന്റെ ഹരിതകേരളം പദ്ധതിയും, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയും വിപുലമായ അവസരങ്ങൾ തുറന്നു തരുന്നുണ്ട്. മണ്ണ്, ജലസംരക്ഷണം, കൃഷി, റോഡ്നിർമ്മാണം എന്നിവയിൽ ചെലവ് കുറഞ്ഞ രീതി ഉപയോഗപ്പെടുത്തുന്നതിനും പ്രകൃതിക്ക് അനുകൂലമായ വികസനമാതൃക തുടരുന്നതിനും കയർഭൂവസ്ത്രത്തിന്റെ വിനിയോഗം വ്യാപിക്കുക വഴി സാധിക്കും. 2016-17 സാമ്പത്തികവർഷം 3.77 കോടി കയർഭൂവസ്ത്ര പരിപാടിക്കായി അനുവദിച്ചു. നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് (NCRMI) കയർ ഭൂവസ്ത്രപരിപാടി നിർവ്വഹിച്ചുവരുന്നത്. മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് നടത്തിയ മണ്ണ് - ജല സംരക്ഷണ പ്രവർത്തനവും, റോഡ് നിർമ്മാണവും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഭരണാധികാരികളെയും ഉദ്യോഗസ്ഥരെയും



ആകർഷിച്ചു. തുടർന്നു കയർ മന്ത്രി കേരളത്തിലെ മുഴുവൻ ജില്ലകളിലും ഉദ്യോഗസ്ഥരെ നേരിട്ടുകാണുന്ന പരിപാടി പ്രഖ്യാപിച്ചു. ആറ് ജില്ലകളിൽ ഈ പരിപാടി പൂർത്തീകരിച്ചു. MNREGS, LSGD, PWD, കൃഷി, മണ്ണ് സംരക്ഷണം, കയർ വകുപ്പുകളിലെ ജീവനക്കാർക്ക് ഈ പരിപാടിയിൽ കയർ ഭൂവസ്ത്രത്തിന്റെ വിവിധതരം വിനിയോഗരീതികൾ പരിചയപ്പെടുത്തി.

തൃശൂർ, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ കയർഭൂവസ്ത്ര പദ്ധതികൾ മന്ത്രി ഉദ്ഘാടനം ചെയ്തു. കയർഡയറക്ടറേറ്റിലും, POC കളിലും പ്രവർത്തിക്കുന്ന ജിയോടെക്സ്റ്റയിൽസ് സെല്ലുകൾ ഈ രംഗത്തെ പ്രവർത്തനം വിവിധ വകുപ്പുകളുമായും കയർപൊതുമേഖലാ സ്ഥാപനങ്ങൾ NCRMI എന്നിവയുമായും ഏകോപിപ്പിക്കുന്നു. കയർഭൂവസ്ത്രമായിരിക്കും കയർമേഖലയുടെ ഭാവി ഉറപ്പാക്കുക. കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതു വഴി 150-200 പേർക്ക് തൊഴിൽ നൽകാൻ കഴിയും.

കയർ രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളായ KSCE, ഫോമിൽ മെഷനറിഫാക്ടറി, റിസർച്ച് സ്ഥാപനമായ NCRMI എന്നിവയെല്ലാം തന്നെ ഗവേണിംഗ് ബോഡി രൂപീകരിച്ചുകഴിഞ്ഞു. സഹകാരികൾ ഉൾപ്പെടെ വിവിധ കമ്മിറ്റികളും സർക്കാർ പുനസംഘടിപ്പിച്ചു. വൈസ് ചെയർമാനായി ആനത്തലവട്ടം ആനന്ദൻ അപ്പെക്സ് ബോർഡ് കയർ ( എ. ബി. സി) പുന:സംഘടിപ്പിച്ചു. വരുമാനം ഉറപ്പിക്കൽ പദ്ധതി പ്രകാരം 2016 -17 വർഷത്തിൽ 27956 തൊഴിലാളികൾക്ക് 12.62 കോടി രൂപ കൂലി വിതരണം ചെയ്തു.

പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസന്റീവായി എട്ട് കോടി രൂപ 5.89 കയർസഹകരണ സംഘങ്ങൾക്ക് 2016-17 വർഷം നൽകി. 2017- 18 വർഷം PMI ഇനത്തിൽ 92 ലക്ഷം രൂപ ഏപ്രിലിൽ സംഘങ്ങൾക്ക് നൽകി. മാർക്കറ്റിംഗ് ഡെവലപ്മെന്റ് സഹായമായി 12 കോടി രൂപ കയർഫെഡ്, കയർ കോർപ്പറേഷൻ, 24 മാറ്റ്സ് 9 മാറ്റിംഗ്സ് സംഘങ്ങൾ എന്നിവയ്ക്കും നൽകി.

കയർകോമ്പസിറ്റ് ബോർഡ് നാളെയുടെ ഉല്പന്നമാണ്. കയർ പിത്തിൽ നിന്നാണ് ബോർഡ് നിർമ്മിക്കുന്നത്. ആലപ്പുഴ ജില്ലയിലെ കണിച്ചു കുളങ്ങരയിൽ ഫോംമാറ്റിംഗ്സ് ഇന്ത്യാലിമിറ്റഡ് സ്ഥാപിക്കുന്ന കോമ്പസിറ്റ് ബോർഡ് ഫാക്ടറി നിർമ്മാണം പൂർത്തി ആയി വരുന്നു. ഒക്ടോബറിൽ അന്താരാഷ്ട്രമേളയായ "കയർ കേരള - 2017" ആലപ്പുഴയിൽ നടക്കും. ഇതിന് അഞ്ച് കോടി രൂപ അനുവദിച്ചു.

## കയർ മേഖല ഇന്ന്

തൊണ്ട്, ചകിരി ദൗർബല്യമാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി, കുറഞ്ഞ കൂലി കയർ മേഖലയെ അനാകർഷകമാക്കുന്നു. 300 രൂപയാണ് പിരിപ്പുരംഗത്തെ കൂലി. അതിൽ 110 രൂപ വരെ സർക്കാർ നൽകുന്നു. 150-200 ദിവസം തൊഴിൽ ഉറപ്പാക്കാനാകാതെ വരുമ്പോൾ തൊഴിലാളികൾ കയർ പിരി രംഗം ഉപേക്ഷിക്കാൻ നിർബന്ധിതരാകും. തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള മറ്റ് മേഖലകളിലേയ്ക്ക് ഇവർ ചേക്കേറുന്നു. ഇത് കയർ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

ഉല്പാദനചെലവിന് ആനുപാതികമായി വില ലഭിക്കാത്തതാണ് മറ്റൊരു കാരണം. ഒരു ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ ഒരു തൊഴിലാളി 50-60 കിലോഗ്രാം കയർ ഉല്പാദിപ്പിക്കുമ്പോൾ പരമ്പരാഗത റാട്ടിൽ മൂന്ന് തൊഴിലാളികൾ ചേർന്ന് 15 കിലോ കയറാണ് ഉല്പാദിപ്പിക്കുന്നത്. സ്വാഭാവികമായി തമിഴ്നാട് യന്ത്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന കയറിനോട് നമ്മുടെ കയറിന് മത്സരിക്കാൻ കഴിയാതെ വരുന്നു.

# എട്ടാം ക്ലാസ്സു വരെയുള്ളവർക്ക്
# സൗജന്യ യൂണിഫോം

ഈ വർഷം ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള സർക്കാർ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനുള്ള അവസാന വട്ട ഒരുക്കങ്ങൾ പൂർത്തിയയായി വരികയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൈത്തറി തൊഴിലാളികൾക്ക് കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ ദിനങ്ങളാണ് നൽകാൻ സാധിക്കുന്നത്. ഇതിലൂടെ കൈത്തറി തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിക്കുകയാണ്.

## ഒരു വീട്ടിൽ ഒരു തറി

സ്വന്തമായി തറി വാങ്ങാനും സ്ഥാപിക്കാനും കഴിവില്ലാത്തവരും ഒരാൾക്കെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% സർക്കാർ സഹായം നൽകുന്നതിനാണ് ഒരു വീട്ടിൽ ഒരു തറി പദ്ധതി ആവിഷ്കരിച്ചത്. ഇതുവഴി കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കാൻ സാധിക്കും.

## നൈപുണ്യ പരിശീലനം

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ഓരോ പ്രദേശത്തും പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെ ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് പരിശീലനം നൽകുന്നതാണ് പദ്ധതി.

## ബ്രാന്റായി കേരള കൈത്തറി

കേരള ഹാന്റ്‌ലൂം ഉൽപന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റിൽ ഗുണനിലവാരമുള്ള കൈത്തറി ഉല്പന്നങ്ങൾക്കും കേരള ഹാന്റ്‌ലൂം വിൽപനശാലകൾക്കും ധനസഹായം നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു.



ഡോ. സിബി വർഗീസ്
ജോയിന്റ് ഡയറക്ടർ
റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം

# റബ്ബർ ഉത്പന്നങ്ങൾക്ക് 10 ലക്ഷം വരെ വായ്പ



ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ സിംഹഭാഗവും കേരളത്തിൽ നിന്നാണെങ്കിലും ഇവിടെ റബ്ബർ ഉത്പന്ന നിർമാണം വളരെ കുറവാണ്. എന്നാൽ റബ്ബറുത്പന്ന നിർമാണത്തിൽ കേരളത്തിൽ സാധ്യതകൾ ഏറെയാണു താനും.

ഇന്ത്യയിൽ വിപണനം ചെയ്യുന്ന റബ്ബറിന്റെ സിംഹഭാഗവും റബ്ബർ ഷീറ്റ് (69%) വിഭാഗത്തിൽപെടുന്നു. ബ്ലോക്ക് റബ്ബർ (16%), സാന്ദ്രീകരിച്ച റബ്ബർ പാൽ (13%), ക്രീപ്പ് റബ്ബർ (4%) ഇവയാണ് വിപണനത്തിനുള്ള സ്വാഭാവിക റബ്ബറിന്റെ മറ്റു രൂപങ്ങൾ. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ 90% കേരളത്തിൽ നിന്നുമാണ്. ബാക്കിയുള്ളവ തമിഴ്നാട്ടിൽ നിന്നും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ഉത്പാദിപ്പിച്ചു വരുന്നു. ഇന്ത്യയിലുള്ള റബ്ബർ ഉത്പന്ന നിർമാണ യൂണിറ്റുകളുടെ കണക്ക് ചുവടെ:

ഇന്ത്യയിലെ ലൈസൻസ്ഡ് മാനുഫാക്ചറേഴ്സ്

| **സ്റ്റേറ്റ്/ യൂണിയൻ ടെറിറ്ററി** | **2014–15** |
|---|---|
| കേരള | 724 |
| മഹാരാഷ്ട്ര | 503 |
| തമിഴ്നാട് | 455 |
| ഗുജറാത്ത് | 422 |
| ഉത്തർ പ്രദേശ് | 401 |
| പഞ്ചാബ് | 381 |
| ഹരിയാന | 307 |
| വെസ്റ്റ് ബംഗാൾ | 301 |
| കർണാടക | 191 |
| രാജസ്ഥാൻ | 148 |
| ആന്ധ്രപ്രദേശ് | 143 |
| ഡൽഹി | 110 |
| മധ്യപ്രദേശ് | 72 |
| മറ്റുള്ളവ | 149 |
| **ആകെ** | **4307** |

ഇതിൽ നല്ലൊരു പങ്കും റബ്ബർ ബാൻഡ്, റബ്ബർ പശ, കൈയുറകൾ എന്നിവയുത്പാദിപ്പിക്കുന്ന താരതമ്യേന കുറച്ച് റബ്ബർ ഉപയോഗിക്കുന്ന യൂണിറ്റുകളാണ്. കേരളം 89% സ്വാഭാവിക റബ്ബർ ഉത്പാദിപ്പിക്കുമ്പോൾ തമിഴ്നാടിന്റെ ഉത്പാദനം വെറും 3% ആണ്. എന്നാൽ ഉപഭോഗം തമിഴ്നാട്ടിൽ 20% ഉള്ളപ്പോൾ കേരളത്തിൽ ഇത് വെറും 13% മാത്രമാണ്. കേരളത്തിൽ റബ്ബർ ഉപഭോഗം കുറവാണെന്നു വ്യക്തം.

## ഉത്പന്ന നിർമാണത്തിലെ പ്രശ്നങ്ങൾ

കേരളത്തിൽ ഉത്പാദിപ്പിക്കുന്ന റബ്ബർ ബാൻഡുകൾ, റബ്ബർ പശകൾ, കൈയുറകൾ, റബ്ബർ നൂലുകൾ, റബ്ബർ മെത്തകൾ എന്നിവയെല്ലാം തന്നെ റബ്ബർ പാലിൽ നിന്നും ഉണ്ടാക്കുന്ന ഉത്പന്നങ്ങളാണ്. ഇതിൽ റബ്ബർ ബാൻഡ് നിർമാതാക്കൾ നൂറിൽ കവിയും. താരതമ്യേന എളുപ്പമുള്ള സാങ്കേതികവിദ്യയും ചെറിയ മുടക്കു മുതലുമാണ് റബ്ബർ ബാൻഡു നിർമാണത്തിൽ ധാരാളം നിർമാതാക്കൾ ഉണ്ടാകാൻ കാരണം. റബ്ബർ ബാൻഡ് നിർമാണത്തിന് ആദ്യകാലത്ത് സ്ത്രീ തൊഴിലാളികളെയാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് കൂലിയിലുള്ള വർധനയും മറ്റും റബ്ബർ ബാൻഡു പോലെ കുറഞ്ഞ വാല്യു അഡിഷൻ ഉള്ള ഉത്പന്നങ്ങളെ സാരമായി ബാധിച്ചു. ഇതു തന്നെയാണ് റബ്ബർ പശ നിർമാണത്തിലും സംഭവിച്ചത്.

പിന്നീട് ഭാഗികമായി യന്ത്രവത്കരണം ഈ മേഖലയിൽ കടന്നുവെങ്കിലും വിപണനത്തിലെ ന്യൂനതകൾ ഈ മേഖലയുടെ വളർച്ചയ്ക്കു തടസമായി. ഉത്പാദകർ തമ്മിലുള്ള അനാരോഗ്യകരമായ മത്സരം, ഗുണമേന്മ തോതുകളുടെ അഭാവം എന്നിവ ഈ മേഖല നേരിടുന്ന പ്രധാന ഘടകങ്ങളാണ്. കൃത്രിമ റബ്ബറുകൾ, പ്ലാസ്റ്റിക്കുകൾ എന്നിവയുടെ കടന്നുകയറ്റം ഈ മേഖലയിലുള്ള വിപണനത്തെ സാരമായി ബാധിച്ചു.

റബ്ബർ മെത്തകൾ ഉണ്ടാക്കുന്ന ധാരാളം യൂണിറ്റുകൾ ഒരു കാലത്ത് കേരളത്തിലുണ്ടായിരുന്നു. വില കുറയ്ക്കുവാൻ ഉത്പാദകർ തമ്മിലുള്ള മത്സരം ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു. പോളിയൂറിത്തീൻ മെത്തകളുടെ വരവോടു കൂടി റബ്ബർ മെത്ത നിർമാണം പൂർണമായി നിലച്ചു. സാങ്കേതിക വിദ്യയിൽ ഉണ്ടായ മുന്നേറ്റമാണ് ചെറുകിട റബ്ബർ നൂലുത്പാദനത്തെ ബാധിച്ചത്.

മേൽപറഞ്ഞ ഉത്പന്നങ്ങൾ എല്ലാംതന്നെ റബ്ബർ പാലിൽ നിന്നും ഉണ്ടാക്കുന്നവയാണ്. ഉണക്ക റബ്ബറിൽ നിന്നും ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ധാരാളം യൂണിറ്റുകൾ കേരളത്തിലുണ്ട്. റബ്ബർ മാറ്റുകൾ, ഓട്ടോമൊബൈൽ പാർട്സുകൾ, ബീഡിങ്ങുകൾ, ചെരിപ്പുകൾ എന്നിവ ഈ ഗണത്തിൽ പെടും. ഗുണമേന്മയിലുള്ള അന്തരവും കൃത്രിമ റബ്ബറിന്റെ ലഭ്യതയും വിപണനത്തിലെ മത്സരങ്ങളും ഈ മേഖലയെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്.

## പുതിയ നിർമാതാക്കളെ കണ്ടെത്തണം

വിപണനത്തെ ബാധിക്കാത്ത ശരിയായിട്ടുള്ള ഉത്പന്നം തിരഞ്ഞെടുക്കുവാനുള്ള പരിജ്ഞാനം ഉത്പന്നം തിരഞ്ഞെടുക്കുന്നവരുടെ ഇടയിൽ ഇല്ലാതെ പോയതാണ് മിക്ക റബ്ബർ ഉത്പന്നങ്ങളുടെയും തകർച്ചയ്ക്ക് കാരണം. അംഗീകൃത ലബോറട്ടറികളിൽ നിന്നുമുള്ള സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും വിപണനരംഗത്തെ പ്രശ്നങ്ങൾ നേരിടുന്നതിനും മറ്റുമുള്ള അവബോധം ഉത്പാദകരിൽ വളർത്തേണ്ടിയിരിക്കുന്നു. ഉത്പ



ന്നങ്ങൾ ചെലവു കുറച്ചു ഉണ്ടാക്കുന്നതിന്റെയും അവ അംഗീകൃത ലബോറട്ടറികളിൽ പരിശോധിക്കുന്നതിന്റെയും ആവശ്യകത ഉത്പാദകരെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. റബ്ബർ പാൽ ഉത്പന്ന നിർമാണം റെഡ് ലേബലിൽ പെടുത്തിയിരിക്കുന്നതുകൊണ്ട് ഈ മേഖലയിൽ പുതിയ സംരംഭകരെ ആകർഷിക്കുവാൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോലുള്ള സംരംഭങ്ങൾക്ക് കഴിയും. മാലിന്യസംസ്കരണം, വൈദ്യുതി വിതരണം, ഗതാഗത സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കിയാൽ നിക്ഷേപിക്കാൻ ധാരാളം മലയാളികൾ പ്രത്യേകിച്ച് പ്രവാസികൾ തയ്യാറാകും. പുതിയ ഉത്പന്ന നിർമാതാക്കൾക്കു വേണ്ടി ഇൻകുബേഷൻ സെന്റർ വേണം. ചെറുപ്പക്കാരായ എഞ്ചിനീയർമാരെയും ബിസിനസ് ബിരുദക്കാരെയും ഈ റബ്ബർ ഉത്പന്ന മേഖലയിലേയ്ക്ക് ആകർഷിക്കാൻ ഗവൺമെന്റ് തലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.



## അനുകൂല സാഹചര്യങ്ങൾ

90% സ്വാഭാവിക റബ്ബറും കേരളത്തിലുത്പാദിപ്പിക്കുന്നതു കൊണ്ട് എല്ലാ രൂപത്തിലുള്ള റബറും ഇന്ന് കേരളത്തിൽ ലഭ്യമാണ്. ഒരു ഉത്പന്നം തന്നെ ആവർത്തിക്കാതെ വിപണന സാധ്യതയുള്ള മറ്റ് റബ്ബർ ഉത്പന്നങ്ങൾ ഇതിനായി തിരഞ്ഞെടുക്കണം. പുതിയ റബ്ബർ ഉത്പന്നങ്ങളെക്കുറിച്ചും അവയുടെ ഉത്പാദനത്തെക്കുറിച്ചും അവബോധം ഉത്പാദകർക്ക് ലഭ്യമാക്കുന്ന നിരവധി കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. ഇവയിൽ ഏറ്റവും പ്രധാനമായത് കോട്ടയത്തുള്ള റബ്ബർ ഗവേഷണ കേന്ദ്രമാണ്. റബ്ബർ ഉൽപന്ന നിർമാണത്തിനും തുടർന്നുള്ള ഗുണമേന്മ നിർണയത്തിനും ആവശ്യമായ സാങ്കേതികവിദ്യയും, സൗകര്യവുമുള്ള ഇന്ത്യയിലെ അപൂർവ കേന്ദ്രങ്ങളിൽ ഒന്നാണ് സർക്കാർ മേൽനോട്ടത്തിലുള്ള കേന്ദ്രം. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗം എൻ. എ. ബി. എൽ അംഗീകാരമുള്ള കേരളത്തിലെ റബ്ബർ മേഖലയിലെ ഏക ലബോറട്ടറിയാണ്.

റബ്ബർ ഗവേഷണ വിഭാഗത്തിലെ റബ്ബർ ഉത്പന്ന പരിശോധന ലബോറട്ടറിക്ക് ലഭിച്ച ഈ അംഗീകാരം ഇന്ത്യയിലെ റബ്ബർ ഉത്പന്ന നിർമാതാക്കൾക്ക് ഒട്ടേറെ പ്രയോജനപ്രദമാണ്. ലോകത്തിലെ മറ്റു രാജ്യങ്ങളുടെ ഗുണനിലവാര ഏജൻസികളുമായി എൻ. എ. ബി. എൽ ന് ബന്ധമുള്ളതിനാൽ റബ്ബർ ബോർഡിന്റെ പരിശോധനാഫലത്തിന് ആഗോള അംഗീകാരം ലഭിക്കും.

റബ്ബർ ഗവേഷണ സ്ഥാപനത്തിന്റെ കീഴിലുള്ള ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗം റബ്ബർ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും മറ്റും ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. മുതൽമുടക്കുവാൻ തയ്യാറാകുന്നവർക്കു വേണ്ടി ട്രെയിനിങ്, നിർമാണത്തിനായി പ്രൊഡക്ടുകൾ തിരഞ്ഞെടുത്ത ശേഷമുള്ള പ്രത്യേക ട്രെയിനിങ്, ഉത്പന്നങ്ങളുടെ മേന്മ കുറവിലെ വിശകലനം. ഗുണമേന്മ നിർണയം എന്നിവ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ ലഭിക്കും.

ഇന്ത്യൻ നേവി, റെയിൽവേ, ബി. എസ്. എഫ്, വി. എസ്. സി. സി എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി വരുന്നു.

## 10 ലക്ഷം വരെ വായ്പ

റബ്ബർ ഉത്പന്ന നിർമാണം മുൻഗണനാ വിഭാഗത്തിൽ പെടുത്തിയിരിക്കുന്നതുകൊണ്ട് കെ. എഫ്. സി. യിൽ നിന്നും ലോണിന്റെ പലിശയ്ക്ക് 30% വരെ സബ്സിഡി ജില്ലാ വ്യവസായ കേന്ദ്രം അനുവദിക്കുന്നുണ്ട്. യുവാക്കൾ, യുവ സംരംഭകർ, തൊഴിൽ നൈപുണ്യമുള്ളവർ, വനിതാ സംരംഭകർ തുടങ്ങി എല്ലാത്തരം സംരംഭകർക്കും 50,000 രൂപ മുതൽ 10 ലക്ഷം രൂപ വരെ മുദ്ര ബാങ്ക് വായ്പ ലഭിക്കും. കൂടാതെ കേരള വ്യവസായ വാണിജ്യ വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ധാരാളം സഹായങ്ങൾ പുതിയ സംരംഭകർക്ക് നൽകിവരുന്നു.

എം. ഒ. ജോസ്കുമാർ
സംസ്ഥാന പ്രസിഡന്റ്,
കേരള വുഡ് ഇൻഡസ്ട്രീസ് ഓണേഴ്സ്
അസോസിയേഷൻ

# ആധുനികവത്കരണം അത്യാവശ്യം

കേരളത്തിലെ മരവ്യവസായ മേഖല വളരെയധികം പ്രതിസന്ധിഘട്ടത്തിലാണുള്ളത്. ഈ വ്യവസായം ഓരോ ദിവസവും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. 1990 വരെ കേരളത്തിനകത്തു നിന്നും ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ധാരാളം മരങ്ങൾ എത്തിക്കൊണ്ടിരുന്നു. മരവ്യവസായങ്ങൾക്ക് വളരെയധികം സഹായകമായത് കേരള സർക്കാർ മരവ്യവസായങ്ങൾക്ക് നൽകി വന്നിരുന്ന ക്വാട്ട സമ്പ്രദായമായിരുന്നു. ഓരോ വർഷവും ഓരോ യൂണിറ്റിനും സബ്സിഡി നിരക്കിൽ മരം അനുവദിച്ചിരുന്നു. അതുകൊണ്ടു തന്നെ 1990 വരെ മര വ്യവസായികൾക്കും കച്ചവടക്കാർക്കും സുവർണകാലഘട്ടമായിരുന്നു. ആയിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി നൽകുവാനും സാധിച്ചിരുന്നു.

1990 നുശേഷം ഈ വ്യവസായത്തിന് തകർച്ച നേരിട്ടു തുടങ്ങി. പരിസ്ഥിതിക്കാരുടെ ഇടപെടൽ കാരണം മരം മുറിക്കുന്നതിനു നിയന്ത്രണം വന്നു. ക്വാട്ട സമ്പ്രദായത്തിൽ മരങ്ങൾ നൽകിവന്നിരുന്നത് സർക്കാർ നിർത്തൽ ചെയ്തു. ജനസാന്ദ്രത കൂടിയതു കാരണം കേരളത്തിലെ പുരയിടങ്ങളിൽ മരം കുറഞ്ഞു വരികയും അന്യസംസ്ഥാന ഗവൺമെന്റുകൾ മരം മുറിക്കുന്നതിന് നിബന്ധന വച്ചതു കാരണം മരങ്ങൾ കിട്ടാതാവുകയും ചെയ്തു. പിന്നീട് വിദേശ രാജ്യങ്ങളിൽ നിന്നും (ബർമ, ഇന്തോനേഷ്യ, നോർത്ത് അമേരിക്ക, ആഫ്രിക്കൻ രാജ്യങ്ങൾ) ധാരാളം മരങ്ങൾ ഇറക്കുമതി ചെയ്തിരുന്നു. അങ്ങനെ മരത്തിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. ആഗോളതലത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി വിദേശ രാജ്യങ്ങളിൽ നിന്നും റൗണ്ട് ലോഗായി മരങ്ങൾ അയയ്ക്കുവാൻ പാടില്ലായെന്ന് നിരോധനം വന്നു. മര വ്യവസായമേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന പാരമ്പര്യ തൊഴിലാളികളും വ്യാപാരികളും വളരെയധികം ബുദ്ധിമുട്ടുകൾ മുന്നിൽ കാണുന്നു. പ്രത്യേകിച്ചും വിദേശത്തു നിന്ന് കട്ടിള, ജനൽ, വാതിൽ എന്നീ പണിത്തരങ്ങളായി മരം വരുമ്പോൾ ഈ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാവുകയാണ്.

വിദേശങ്ങളിൽ നിന്നും വരുന്ന സോയിംഗ് സൈസ് ഉരുപ്പടികൾ ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് പണിത്തരങ്ങളാക്കി വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കണ്ടെയ്നറിൽ കയറ്റി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് കേരളത്തിലെ വില്ലേജ് പഞ്ചായത്ത് തലം വരെ എത്തിക്കുന്നത് വൻകിടക്കാരുടെ കയ്യിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ് ഇന്ന്.

2002 നുശേഷം മരവ്യവസായത്തിനു അനുമതി കൊടുക്കുന്നത് തടഞ്ഞ് സുപ്രീം കോടതി ഉത്തരവിറക്കി. വനത്തിൽ നിന്നും നേരത്തെ നിശ്ചയിച്ച അഞ്ച് കിലോമീറ്റർ ദൂരപരിധി 10 കിലോമീറ്റർ ആക്കി ഉയർത്തിക്കൊണ്ട് വനംവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. മലിനീകരണ വകുപ്പ് പുതിയ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായങ്ങൾക്കുപോലും ഭീഷണി വന്നു ചേർന്നിരിക്കയാണ്.

പുതിയ സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ട് പോംവഴി ഉണ്ടാക്കുമെന്നാണ് പ്രതീക്ഷ. നിലവിലുള്ള വ്യവസായത്തേയും കച്ചവടത്തേയും നിലനിർത്താൻ ഗവൺമെന്റ് തലത്തിൽ പദ്ധതി ആവിഷ്കരിക്കണം. പ്രത്യേകിച്ചും ഈ വ്യവസായത്തിന്റെ ആധുനികവൽകരണം, ടെക്നോളജി, മാർക്കറ്റിംഗ് എന്നീ കാര്യങ്ങൾക്ക് ഹൈടെക് രീതിയിൽ പരിശീലനം നൽകണം. എങ്കിൽ മാത്രമേ ഈ വ്യവസായത്തെ സംരക്ഷിക്കാൻ സാധിക്കൂ.



ഡോ. ഡി. ഷൈൻകുമാർ
പി.ആർ.ഒ., മൃഗസംരക്ഷണ വകുപ്പ്

# മൂല്യവർധനവാണ് ഇനി താരം

അവകാശലാഭം എന്ന വാക്ക് വൻവ്യവസായങ്ങളിൽ മാത്രം നാം കേട്ടിട്ടുള്ളതാണ്. എന്നാൽ അത് വിളകൾക്കും കർഷകനും കൂടി ഉറപ്പായാൽ മാത്രമേ കൃഷിക്കും അനുബന്ധമേഖലകൾക്കും ഇനി നിലനിൽപുള്ളൂ. നമ്മുടെ കാർഷികവിളകൾ മറുനാടുകളിൽ പോയി മൂല്യവർദ്ധതി ഉല്പന്നങ്ങളായി തിരിച്ചു വരുമ്പോൾ വിളകൾ ഉണ്ടാക്കാൻ പാടുപെട്ട കർഷകന് അതിൽ ഒരു ലാഭാവകാശം വേണം. അല്ലെങ്കിൽ അവൻ എന്നും ചൂഷണത്തിനും ചവിട്ടിത്തേയ്ക്കലിനും വിധേയമായിക്കൊണ്ടേയിരിക്കും. ആർക്കും കർഷകരെ രക്ഷിക്കാനാവില്ല. കൃഷിയും പച്ചപ്പും കൺമുന്നിൽ നിന്ന് അകന്നുപോകുന്നത് കാണേണ്ടിവരും.

കാർഷികാധിഷ്ഠിത വ്യവസായങ്ങളാണ് ഇനി കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിനുതകുന്നത്. അമൂല്യമായ കാർഷികോല്പന്നങ്ങളുടെ കേദാരമാണ് കേരളം. കാർഷിക വിളകളുടെ മൂല്യവർദ്ധനവിലൂടെ വൈവിദ്ധ്യമാർന്ന ഉല്പന്ന സാധ്യതകൾ കൂടിയാണ് തെളിയുന്നത്. ഈ സർക്കാർ അധികാരമേറ്റതിൽ പിന്നെ ഇക്കാര്യത്തിൽ ഭാവനാപൂർണമായ കാഴ്ചപ്പാട് ഉണ്ടായി എന്നതിന് തെളിവാണ് തിരുവനന്തപുരത്ത് 2016 ഡിസംബറിൽ സംഘടിപ്പിച്ച വൈഗ എന്ന മേള

ശ്രീലങ്ക, സിംഗപ്പൂർ, മലേഷ്യ, തായ്‌ലന്റ്, വിയറ്റ്നാം, ഫിൻലന്റ് തുടങ്ങിയ 25ൽ പരം വിദേശരാജ്യങ്ങൾ പങ്കെടുത്ത വൈഗ മേളയിൽ അന്താരാഷ്ട്ര നിലവാരമാനദണ്ഡങ്ങൾക്കനുസരിച്ച് കാർഷികോല്പന്നങ്ങളുടെ വൈവിദ്ധ്യവൽകരണവും മൂല്യവർദ്ധനവുമാണ് ചർച്ചയായത്. വിളകളിൽ നിന്നുണ്ടാകുന്ന അത്ഭുതാവഹമായ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. മേള



യിലെ സെമിനാറുകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ കേരളത്തിന്റെ കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് നല്ലൊരു ദിശാബോധം നൽകും.

നമ്മുടെ തനത് കാർഷികോല്പന്നങ്ങളുടെ പേരും പെരുമയും വളരെ കുറച്ചു മാത്രമേ നാം ഉപയോഗിക്കുന്നുള്ളൂ. വിളകളിൽ 10% മാത്രമേ മൂല്യവർദ്ധനവിന് വിധേയമാകുന്നുള്ളൂ. നമ്മുടെ പരമ്പരാഗത ഔഷധനെല്ലിനങ്ങളും നാളികേര ഉല്പന്നങ്ങളും ഭൂപ്രദേശ സൂചിക അംഗീകാരം ലഭിച്ച തനത് വിളകളും തനത് കാലിജനുസുകളും ലോകോത്തര വിപണിയിൽ എത്തിക്കാൻ നാം ശ്രമിച്ചില്ല. ഫലമോ കർഷകരുടെ അദ്ധ്വാനത്തിന്റെ നേട്ടം ഇടനിലക്കാർ കയ്യടക്കി.

ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശിക്കുന്നത് അഗ്രോ പാർക്കുകളാണ്. ആലപ്പുഴ, എറണാകുളം ലക്ഷ്യമിട്ട് നെൽപാർക്കും കോഴിക്കോട് ലക്ഷ്യമിട്ട് നാളികേര പാർക്കും തൃശ്ശൂർ ലക്ഷ്യമിട്ട് വാഴപ്പഴം, തേൻ പാർക്കുകളുമാണ് ആദ്യഘട്ടത്തിൽ നിലവിൽ വരുക. ഇതിനായി കിഫ്ബിയുടെ 500 കോടി സഹായമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ചില വിളകളുടെ മൂല്യവർദ്ധിത സാധ്യതകൾ കൂടി പരിശോധിക്കാം.

## നെല്ല്

ഒരു കിലോ അരിയായി നെല്ല് മൂല്യവർദ്ധന വരുത്തുമ്പോൾ 20 രൂപയോളം ചെലവുണ്ട്. സുരക്ഷിത അരി, ജൈവ അരി തുടങ്ങിയ നല്ല ബ്രാന്റുകളിൽ അരി വിപണിയിലെത്തിക്കാം. പാലക്കാടൻ തനി ഇനങ്ങൾ ആയ കുഞ്ഞുകുഞ്ഞ്, തവളക്കണ്ണൻ, കുറുവ, ഔഷധ ഇനങ്ങളായ രക്തശാലി, ഞവര, ജീരകശാല, കബനി എന്നിവ ആളുകളുടെ മോഹവലയത്തിൽ പെടുന്ന ഇനങ്ങളാണ്. നെല്ലിന്റെ ഉല്പാദനച്ചെലവ് കൂടി കൂട്ടിയാൽ 40 രൂപയോളം ചെലവു വരും. 60 രൂപയ്ക്ക് വിറ്റാലും നല്ല ലാഭം നേടാം. പുട്ടുപൊടി, അരിപ്പൊടി, പൊടിയരി, അവൽ ഇഡ്ഡലിപ്പൊടി, ദോശപ്പൊടി, ഉണക്കലരി, ഗാബ അരി, മലർ റൈസ് വൈ, പാസ്ത, പൊരി, കൊളസ്ട്രോൾ കുറയ്ക്കുന്ന തവിടെണ്ണ ഇവയ്ക്കെല്ലാം വലിയ സാധ്യതകളാണ്.
**അഗ്രി ബിസിനസ് ഇൻക്യുബേറ്റർ, തവനൂർ, കുറ്റിപ്പുറം– 0494–2686214.**

## ചക്ക

അനന്തമായ മൂല്യവർദ്ധിത സാധ്യതയുണ്ട് ചക്കയ്ക്ക്. ഉയർന്ന പോഷകഗുണവും




സമീകൃത ജൈവപച്ചക്കറിയുമാണ്. 2% വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറേറ്റ് ലായനി ശുദ്ധീകരിച്ച് ചക്ക സീറോ എനർജി കൂൾ ചേമ്പറിൽ വച്ചാൽ ഇന്നത്തെപ്പോലെ പാഴാക്കിക്കളയണ്ട. ലളിതമായ സാങ്കേതികവിദ്യയിലൂടെ ഉല്പന്നങ്ങൾ ഉണ്ടാക്കാം. ഉണക്കിയ ഇടിച്ചക്ക, പച്ച ച്ചക്ക, ചക്കക്കുരു, വരിക്ക, കൂഴ എന്നിവക്കെല്ലാം വലിയ മൂല്യവർദ്ധന സാധ്യതയുണ്ട്. ചക്കക്കുരു ഉണക്കിപ്പൊടിച്ച് എക്സ്ട്രാഡഡ് സ്നാക് ഗ്യാസ് ഫ്ളഷ് ചെയ്ത് പായ്ക്ക് ചെയ്താൽ കാലങ്ങളോളം ഇരിക്കും. ചക്കയിൽ നിന്ന് ആർ റ്റി ഇ (റെഡി റ്റു ഈറ്റ്), ആർ. റ്റി. എസ് (റെഡി റ്റു സെർവ്), ആർ. റ്റി. സി (റെഡി റ്റു കോൺസെൻട്രേറ്റ്) ഈ രീതിയിൽ മൂല്യവർദ്ധന സാധ്യമാക്കാം. സ്ക്വാഷ്, ജാം, ഉപ്പേരി, അച്ചാർ, ചക്കച്ചുളപ്പൊടി എന്നിവയ്ക്കൊക്കെ അനന്തസാധ്യതകളാണുള്ളത്. **കൃഷി വിജ്ഞാനകേന്ദ്രം, പത്തനംതിട്ട– 0469– 2662094.**

## നാളികേരം

കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും പുറമെ നാലിനത്തിലാണ് നാളികേരം താരമാകുന്നത്. പൂങ്കുലയിൽ നിന്ന് നീരയും നീരയിൽ നിന്നും ഹണിയും ശർക്കരയും പഞ്ചസാരയും, കാമ്പിൽ നിന്ന് തൂൽത്തേങ്ങയും, വെർജിൻ വെളിച്ചെണ്ണയും നാളികേര ചിപ്സും, ക്രീമും, തേങ്ങാ



പ്പാലും കോക്കനട്ട് ജ്യൂസും നിർമിക്കാം. അടുത്തത് തേങ്ങാവെള്ളമാണ്. സംസ്കരിച്ച കരിക്കിൻവെള്ളവും വിനാഗിരിയും ഇതിൽ നിന്നുമുണ്ടാക്കാം. ചിരട്ടക്കരിയും ചാർക്കോളും ഉത്തേജക കാർബണുമൊക്കെ ചിരട്ടയിൽ നിന്നും നിർമിക്കാം. **ഡിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, എറണാകുളം. 0484– 2679680.**

## മരച്ചീനി

ഒരു കിലോ മരച്ചീനിയിൽ നിന്നും 250–350 ഗ്രാം മാവുണ്ടാക്കാം. മരച്ചീനിയിൽ നിന്ന് സ്റ്റാർച്ച് വേർതിരിച്ചാൽ അത് ഒന്നാന്തരം അസംസ്കൃത വസ്തുവാണ്. പേപ്പർ, തുണിമിൽ ബിസിനസിനുപയോഗിക്കാം. ചൗവ്വരിയാണ് മറ്റൊന്ന്. മരച്ചീനി സ്റ്റാർച്ചിൽ കാൽസ്യം ക്ലോറൈഡ്, സിങ്ക് ക്ലോറൈഡ് എന്നിവ ചേർത്ത് പശയും ഉണ്ടാക്കാം. ഒരു ടൺ സ്റ്റാർച്ചിൽ നിന്നും 450 ലിറ്റർ ചാരായമുണ്ടാക്കാം. ചാരായവും പെട്രോളും ചേർത്ത് ബയോഫ്യൂവൽ ഉണ്ടാക്കുന്ന ഗവേഷണം പുരോഗതിയിലാണ്. മരച്ചീനിക്കിഴങ്ങിൽ നിന്നും സൈലേജ് ഉണ്ടാക്കിയാൽ അത് ഒന്നാന്തരം കാലിത്തീറ്റയാണ്. **സി. റ്റി. സി. ആർ. ഐ, തിരുവനന്തപുരം 0471– 2598551.**

## പച്ചക്കറി

വെള്ളരി, കുമ്പളം, പാവയ്ക്ക, ചുരയ്ക്ക എന്നിവയിൽ നിന്ന് ഫ്രഷ് ജ്യൂസ്, ശീതള പാനീയങ്ങൾ എന്നിവയുണ്ടാക്കാം. പക്കാവടയ്ക്കും കട്‌ലറ്റിനും യോജിച്ചതാണ് ചുരയ്ക്ക. വറ്റലും കൊണ്ടാട്ടവുമൊക്കെ പാവയ്ക്കയിൽ സൃഷ്ടിക്കാം. പച്ചക്കറി അച്ചാർ, കാൻഡി, തക്കാളി സോസ്, വെള്ളരി, കുമ്പളം ചേരുന്ന മുൾട്ടാണി മിട്ടി എന്ന സൗന്ദര്യവർദ്ധക വസ്തു എന്നിങ്ങനെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഒട്ടനവധി. പഴങ്ങൾ, തേൻ എന്നിവയും മികച്ച സാധ്യതകളാണ് തരുന്നത്. ചക്ക, ഏത്തൻ, പൈനാപ്പിൾ, മാമ്പഴം, പപ്പായ എന്നിവ പഴങ്ങളായും അച്ചാറായും പഴം ഹൽവയായും പഴം പച്ചയ്ക്കുണക്കിയതായും പഴച്ചാർ പൊടിയുമായും മാറുന്നു. അത്തിപ്പഴവും തേനും പാലും ചേർത്ത ഐസ്ക്രീമും തേൻബദാം, കപ്പലണ്ടി എന്നിവ ചേർത്ത ഹണിറോസും തേൻബ്രഡുമൊക്കെ നമ്മുടെ പെരുമയാക്കാം. **കൃഷിവിജ്ഞാനകേന്ദ്രം, ആലപ്പുഴ. ഫോൺ: 0479– 2449268, തേനീച്ച പരാഗണ ഗവേഷണകേന്ദ്രം, വെള്ളായണി– 0471– 2384422.**





## നാടൻ പൈക്കൾ

വെച്ചൂർ ഉൾപെടെയുള്ള കേരളത്തിലെ പൈക്കൾക്ക് അന്താരാഷ്ട്ര അംഗീകാരം കിട്ടിയിട്ടുണ്ട്. വെച്ചൂർ, കാസർകോഡ് ഡ്വാർഫ്, മലനാട് ഗിദ്ദ, തലശ്ശേരി ഡ്വാർഫ്, പൊൻവാൾ, കപില, ഗിർ,കാങ്കയം തുടങ്ങി കേരളത്തിലും മറുനാട്ടിലുമുള്ള ഭാരത ജനുസ്സുകളുടെ വംശവർദ്ധനവിനാണ് ഇനി ലക്ഷ്യമിടേണ്ടത്. A 2 Casein പ്രോട്ടീൻ അടങ്ങിയിട്ടുള്ള നാടൻ പൈക്കളുടെ പാൽ ലിറ്ററിന് 250 രൂപ വരെ വിലയുണ്ട്. വെണ്ണയ്ക്കും നെയ്യിനുമൊക്കെ നാലക്കസംഖ്യകളിലാണ് വില തുടങ്ങുക.

## ഹൈടെക് ഫാമുകൾ

പ്രവാസിജീവിതം മതിയാക്കി കേരളത്തിലെത്തുന്ന സംരംഭകർക്ക് ഉയർന്ന സാങ്കേതികവിദ്യയും സാമ്പത്തിക സഹായവും ലഭ്യമാക്കിയാൽ ധാരാളം ഹൈടെക് ഫാമുകൾ കേരളത്തിലുണ്ടാവും. കേരള അഗ്രി ബിസിനസ് കോർപറേഷൻ (കിഡ്കോ) നബാർഡിന് കീഴിൽ വരുന്ന നാബ്കോൺസ് എന്നിവരെ കൺസൾട്ടൺസിയായി നിയമിച്ചാൽ ഇക്കാര്യം അതിവേഗത്തിൽ സാധ്യമാകും.

## പോരായ്മകൾ പരിഹരിക്കാം

ഉല്പന്നങ്ങളുടെ വിലയും വിപണിയുമായിരുന്നു നാം എന്നും നേരിട്ട പ്രതിസന്ധി. സുഗന്ധദ്രവ്യങ്ങളായ കുരുമുളകും, ഇഞ്ചിയും ചുക്കും മഞ്ഞളും ജാതിയും ഏലവുമൊക്കെ വലിയ ചൂഷണങ്ങളിൽ പെട്ട് കർഷകന് പ്രതീക്ഷിക്കുന്ന ലാഭം പോലും ലഭിക്കാതെയായി. അന്താരാഷ്ട്ര വിപണിയിലെ താളം തെറ്റലുകളും കാലാവസ്ഥയിലെ വ്യതിയാനങ്ങളുമൊക്കെപ്പറഞ്ഞ് ചൂഷകർ തടിതപ്പി. കാർഷികോത്പന്നങ്ങൾക്ക് നല്ല വില ലഭിക്കുവാൻ ഇലക്ട്രോണിക് വിപണി എന്ന സംവിധാനം തന്നെ വന്നേ തീരൂ.

ജില്ലകളിൽ ബിസിനസ് ഇൻക്യുബേറ്റർ ഉണ്ടാകണം. പുതിയ ഉല്പന്നങ്ങൾ പുതിയ കൃഷി രീതികൾ, നവ സാങ്കേതിക വിദ്യ, പുതു സേവനങ്ങൾ എന്നിവയെല്ലാം കർഷകർക്ക് കയ്യെത്തും ദൂരത്തിൽ കിട്ടണം. അതിനെല്ലാമുപരി കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കി നഷ്ടപ്പെട്ട സംസ്കാരം കൂടി തിരിച്ചുപിടിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷൻ പോലെയുള്ള ശാസ്ത്രീയ പദ്ധതികളുമായി മുന്നേറുമ്പോഴും ഭൂമിയെ കൊല്ലുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളോട് യുദ്ധം ചെയ്യാൻ മറക്കേണ്ട. കർശനമായ നിയമം ഇക്കാര്യത്തിൽ ഉണ്ടായേ തീരൂ. മണ്ണ് പരിശോധന ലാബുകൾ കർഷകരുടെ കൃഷിയിടത്തിലെത്തണം. ഓരോ വിളയും പരീക്ഷിക്കപ്പെടേണ്ട കാലവും മണ്ണുമൊക്കെ ബോധ്യപ്പെടുത്തിയേ തീരൂ. കമ്പോസ്റ്റ് നിർമാണം, ബയോഗ്യാസ് പ്ലാന്റ്, വളം, ഇന്ധനം തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാലിന്യത്തിൽ നിന്നും നിർമിക്കുവാൻ എല്ലാ കർഷകർക്കും പരിശീലനം നൽകണം. വെള്ളസംഭരണി നിർബന്ധമാക്കിയതു പോലെ കുറഞ്ഞത് ഇട്ടാവട്ടത്തിലെ ഗ്രോബാഗ് കൃഷിയെങ്കിലും പുതുവീട് നിർമാണത്തിനും നിർബന്ധമാക്കണം.

അവകാശലാഭം ഉറപ്പാക്കാനായി ഭൂപരിഷ്കരണം പോലെ ചരിത്രത്തെ വിസ്മയിപ്പിക്കുന്ന ഒരു ബിൽ നിയമസഭയിൽ വന്നേ തീരൂ.



Regn.No.KL/TV(N)/183/2016-2018
Volume 49 Issue 12
May 2017

Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd May 2017




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor: V.P. Aswathy